

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

# ബഥേൽ പത്രിക

ഡിസംബർ 2018

വാല്യം 31 ലക്കം 12

# Holy Matrimony



**Ar. Shilpa Sara Mathew**

**D/o Mr. Shajan Mathew**
(Asst. Registrar M.G. University) &
**Mrs. Jessy M. Ninan**
(Headmistress, MHSS, Puthencavu)
Kattapurathu Valiyil Avenue
Angadical, Chengannur.

**Ar. Alex Thomas**

**S/o Mr. Thomas John**
(Retd. Jt. Director, Agriculture) &
**Mrs. Susan Alexander**
(Jt. Director, Agriculture)
Pushpamangalam Kripa
Issac Nagar, Kottarakkara.

**19th November 2018**
**St. George Orthodox Church, Thrikkanamangal, Kottarakkara**

എഡിറ്റോറിയൽ

# ചെറിയ ബേത്‌ലഹേമിലെ വലിയ ജനനം



ഫാ. ഐപ്പ് പി. സാം

പാശ്ചാത്യസഭയുടെ കേന്ദ്രമായ റോമിൽ ആരംഭിച്ച ക്രിസ്തുമസ് വളരെ കാലങ്ങൾക്കുശേഷമാണ് പൗരസ്ത്യസഭകളിൽ അംഗീകാരം നേടിയത്. നമ്മോടു കുർബ്ബാനസംബന്ധമുള്ള അർമ്മീനിയൻ സഭ ഇന്നും ഈ പെരുന്നാളിനെ ദനഹാ പെരുന്നാളിനോട് ചേർത്ത് ജനുവരി 6 നാണ് ആഘോഷിക്കുന്നത്. സൂര്യനെ ആരാധിച്ചിരുന്ന കുസ്തന്തിനോസ് ചക്രവർത്തി (288-337) 312-ൽ ക്രിസ്ത്യാനി ആയതിനുശേഷം അധികം താമസിയാതെ സൂര്യദേവന്റെ ജന്മദിനം നീതിസൂര്യനായ ക്രിസ്തുവിന്റെ ജന്മോത്സവമായി പരിണാമം വന്നതായിരിക്കണം. അന്ത്യോഖ്യായിൽ ക്രിസ്തുമസ് കൊണ്ടാടിയത് 376ൽ മാത്രമാണെന്ന് സ്വർണ്ണനാവുകാരൻ ഈവാനിയോസ് 376 ൽ ചെയ്ത പ്രസംഗത്തിൽനിന്ന് കൃത്യമായി മനസ്സിലാകും. ഈജിപ്തിൽ 430ലേ ഇത് ആരംഭിച്ചിട്ടുള്ളൂ. ക്രിസ്തുമസ് എന്ന പേരും പാശ്ചാത്യസഭയുടെ സംഭാവനയാണ്. ക്രിസ്തുവിന്റെ ജനന പെരുന്നാളിൽ രാത്രി മൂന്നു മാസ് (കുർബ്ബാന) ഉണ്ടായിരുന്നു. അർദ്ധരാത്രിയ്ക്കും സൂര്യോദയ സമയത്തും, പ്രഭാതത്തിലും. ഈ മാസ്സിനാണ് ക്രിസ്തുമാസ് എന്ന പേർ ആദ്യം ഉണ്ടായിരുന്നത്. ക്രിസ്തുവിന്റെ മൂന്നു ജനനങ്ങളെ കുറിക്കുന്നതിനായിരുന്നു ഈ മൂന്നു മാസ്. ഒന്ന് ആദിയിൽ കാലങ്ങൾക്കുമുമ്പ് പിതാവാം ദൈവത്തിൽ നിന്നുള്ള ജനനം, രണ്ടാമത് പരിശുദ്ധകന്യക മറിയാമിൽ നിന്നു കാലത്തികവിലെ ജനനം . മൂന്നാമത് വിശ്വാസിയുടെ അന്തരാത്മാവിനകത്തുള്ള ജനനം.

ക്രിസ്തു നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുന്ന സത്യവെളിച്ചവും ലോകത്തിന് മുഴുവൻ ജീവനെ നൽകുന്ന നീതി സൂര്യനുമാണെന്ന് ഓരോ ക്രിസ്തുമസും ഉൽഘോഷിക്കുന്നു.

കന്യകാസുതനായും, സഹനദാസനായും, ഉദയനക്ഷത്രമായും, നീതി സൂര്യനായും പഴയനിയമപ്രവാചകൻമാർ മിശിഹായെപ്രതീക്ഷിച്ചു. രക്ഷകൻ എവിടെ ജനിക്കും എന്ന ഹേറോദേസ് രാജാവിന്റെ ചോദ്യത്തിന് മഹാപുരോഹിതൻമാരും ശാസ്ത്രിമാരും നൽകുന്ന ഉത്തരം യെഹൂദ്യായിലെ ബേത്‌ലഹേമിൽ ( മത്താ. 2:5) എന്ന മീഖാ പ്രവചനമാണ് ( മീഖാ 5:2). ബേത്‌ലഹേമിന്റെ പ്രാന്തത്തിൽ എഫ്രാത്ത ഗോത്രക്കാർ വന്നു പാർത്തതുകൊണ്ട് എഫ്രാത്താ എന്ന ഈ നഗരത്തെ വിളിച്ചിരുന്നു (യോശു. 15:59).

**1. ചെറിയ ബേത്‌ലഹേം** : നീയോ ബേത്‌ലഹേം എഫ്രാത്തേ, നീ യഹൂദസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നും ഉത്ഭവിച്ചുവരും ബേത്‌ലഹേമിന് നൽകപ്പെട്ട വിശേഷണമാണ് ചെറിയപട്ടണം എന്നത്. രക്ഷകൻ പിറക്കുവാൻ തിരഞ്ഞെടുത്തത് ചെറിയ പട്ടണത്തെയാണ്. വിനയമുള്ള ചെറിയ മനുഷ്യരെയാണ് അവന് ആവശ്യം.

**2. ചവിട്ടേറ്റ ബേത്‌ലഹേം** : ബേതലഹേമിനു നല്കപ്പെട്ട മറ്റൊരു വിശേഷണം എഫ്രാത്ത അതിന്റെ ഒരു അർത്ഥം ചവിട്ടേറ്റസ്ഥലം എന്നാണ്. ദാവീദിന്റെ പട്ടണമായ ബേതലഹേം ജനങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു. രാജകല്പന അനുസരിച്ച് പേർ വഴി (സെൻസസ്) ചാർത്തപ്പെടുവാൻ എത്തപ്പെട്ടവരുടെ തിക്കും തിരക്കും കാരണം യോസഫ് പൂർണ്ണഗർഭിണിയായ കന്യക മറിയാമിനെയുംകൊണ്ട് കല്ലടാവിനെ/പുൽക്കൂടിനെ ശരണം പ്രാപിക്കുന്നു. അവിടെയാണ് മഹത്വജനനം നടന്നത്.

**3. ഫലദായകമായ ബേത്‌ലഹേം** : എഫ്രാത്ത എന്നതിന്റെ മറ്റൊരു അർത്ഥം ഫലദായകം (ഫലപ്രദ) മെന്നാണ്. നല്ല കർഷകന്റെ പാദസ്പർശനം മണ്ണിനെ വളക്കൂറുള്ളതാക്കി മാറ്റി. ഈ ഫലഭൂയിഷ്ഠമായ മണ്ണിൽ നിന്ന് വളർന്നു വന്ന മുന്തിരിച്ചെടിയാണ് യേശു. അവിടെനിന്നുത്ഭവിച്ച ജീവന്റെ മുളയിൽ നിന്ന് രൂപപ്പെട്ട ജീവന്റെ അപ്പമാണ് യേശുക്രിസ്തു. ബേത്‌ലഹേം അപ്പത്തിന്റെ ഭവനമായി മാറി.

**4. നിഷ്കളങ്ക രക്തംവീണ ബേത്‌ലഹേം** : അധികാര സംരക്ഷണത്തിനുവേണ്ടി നിഷ്കളങ്കരായ കുഞ്ഞുങ്ങളെ വധിച്ചുകൊണ്ട് ഹേറോദേസ് ഹീനമായ തന്ത്രം മെനയുന്നു. രാമയിൽ കേൾക്കുന്ന ദീനരോദനം അതല്ലേ ഇന്നും പ്രതിധ്വനിക്കുന്നത്? അപ്പത്തിന്റെ ഭവനത്തിൽ അപ്പമാകാൻ പിറന്നവൻ അവൻ ആയിരം പ്രാവശ്യം ബേത്‌ലഹേമിൽ പിറന്നാലും നിന്നിൽ അവൻ ജനിച്ചില്ലെങ്കിൽ..........

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

# ബഥേൽ പത്രിക


ഇടയപത്രിക
**5 ഒരു പൈതലിതാ പുൽക്കൂട്ടിൽ...**
ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത

ധ്യാനപത്രിക
**6 രാജാവായി പിറന്നവൻ എവിടെ?**
വെരി. റവ. തോമസ് തേക്കിൽ കോർ എപ്പിസ്കോപ്പാ

വർത്തമാനപത്രിക
**8 സുപ്രീംകോടതി വിധിയും സാന്മാർഗ്ഗീകതയും**
ഫാ. പി.കെ. കോശി

ഓർമ്മ പത്രിക
**11 ക്രിസ്തുമസ്സ് കരോൾ ഓർമ്മക്കുറിപ്പുകൾ**
മോസസ് ജോയിസ്, മാന്തളിർ

വിചാരപത്രിക
**13 ക്രിസ്തുദർശനം – നന്മയുടെ തീർത്ഥാടനം**
വെരി. റവ.സഖറിയ പനയ്ക്കാമറ്റം കോർ എപ്പിസ്കോപ്പാ

ബോധനപത്രിക
**15 എന്റെ പൊന്നുണ്ണിയോടൊപ്പം**
വെരി. റവ. ബസലേൽ റമ്പാൻ

മിനിക്കഥ
**17 പറഞ്ഞു തീരാത്ത ദാനം**
ജെയ്സ് പാപ്പച്ചൻ കുടശ്ശനാട്

വചനപത്രിക
**23 ക്രിസ്തുമസ്സ് ലാളിത്യത്തിന്റെ മൂർത്തീഭാവം**
ഫാ. തോമസ് വർഗ്ഗീസ് കടവിൽ

സ്പന്ദനം
**25 മാറ്റുന്ന ചട്ടങ്ങളും മാറുന്ന ലോക സങ്കല്പങ്ങളും**
പ്രൊഫ. തോമസ് വറുഗീസ് വള്ളംകുളം

ചരിത്രപത്രിക
**27 ഗ്രിഗോറിയൻ കലണ്ടറും നിയാമത്തുള്ള ബാവായും**
ഡോ. എം. കുര്യാക്കോസ്, പുല്ലുവഴി

ഹരിതപത്രിക 18
സുവിശേഷദൂത് 19
എഫേഥാ 12 22
ഭദ്രാസനവാർത്തകൾ 26
സണ്ടേസ്കൂൾ വാർത്തകൾ 32
ബാലപത്രിക 34



## പത്രാധിപസമിതി

**മാനേജിംഗ് എഡിറ്റർ & പബ്ലീഷർ**
അഭി. ഡോ. മാത്യൂസ് മാർ
തീമോത്തിയോസ് മെത്രാപ്പോലീത്ത
ഫോൺ 0479, 2451331, 9447718511

**ചീഫ് എഡിറ്റർ**
റവ. ഫാ. ഐപ്പ് പി. സാം
9447964285, ipesamfr@gmail.com

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാ. ഷിബു വർഗീസ് 9495509402

**എഡിറ്റർ**
ശ്രീ. സജി പട്ടരുമഠം 9446114346

**അസോസിയേറ്റ് എഡിറ്റർ**
റവ. ഫാ. ജിജോ കെ. ജോയി 9747964451

**സർക്കുലേഷൻ മാനേജർ**
റവ. ഡീ. സോളമൻ ബാബു 9947438884

**വെബ് അഡ്മിനിസ്ട്രേറ്റർ**
റവ. ഫാ. റെനി തോമസ് 8547551395

**അംഗങ്ങൾ**
റവ. ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ
റവ. ഫാ. തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്
ശ്രീ. ഏബ്രഹാം മാത്യു വീരപ്പള്ളിൽ
ശ്രീ. വർഗീസ് ജോൺ തോട്ടപ്പുഴ
ശ്രീ. സിബി മത്തായി
ശ്രീ. ജോബിൻ കെ. ജോർജ്
പ്രൊഫ. ഡോ. ബിൻസി റെജി


## പരസ്യ നിരക്കുകൾ

| | |
|---|---|
| Cover Back Multy | ₹ 6000 |
| Front Inner Multy | ₹ 4000 |
| Back Inner Multy | ₹ 3500 |
| Inner B/W Half | ₹ 1500 |
| Favours received | ₹ 500 |
| Matrimonial | ₹ 500 |

## വരിസംഖ്യ

| | |
|---|---|
| 1 വർഷം | ₹ 150 |
| 2 വർഷം | ₹ 300 |
| 5 വർഷം | ₹ 750 |
| 10 വർഷം | ₹ 1500 |

ബഥേൽ പത്രികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങൾ ലേഖകരുടേത് മാത്രമാണ്.അത് മാസികയുടെ ഔദ്യോഗിക ആശയമല്ല. പത്രാധിപർ

Bethel Pathrika. P.B. No. 38, Chengannur, Kerala 689 121
+91 479 2451331 bethelpathrika@gmail.com www.bethelpathrika.org
Cover Design & Page layout: Tara Offset, M.C.Road, Chengannur +91 479 2452566

ഇടയപത്രിക



# ഒരു പൈതലിതാ പുൽക്കൂട്ടിൽ...

**ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത**

ക്രിസ്തുമസ് അനുരജ്ഞനത്തിന്റെ കൂദാശയാണ്. വേർതിരിവുകളുടെ ചുവരുകൾ ഇടിക്കപ്പെടുന്നു. വിദ്വാന്മാരും, വിദ്യാഹീനരും, വിദേശികളും സ്വദേശികളും, ആട്ടിടയന്മാരും, അവഗണിക്കപ്പെട്ടവരും, മാലാഖമാരും, നക്ഷത്രങ്ങളും ജീവജാലങ്ങളും പ്രകൃതിയും ഒന്നുചേർന്ന് അനുരജ്ഞനത്തിന്റെ ആൾരൂപമായ ക്രിസ്തു പാദത്തിൽ കുമ്പിട്ടു നിൽക്കുന്ന അതുല്യ സന്ദർഭമാണ്. സ്വർഗ്ഗവും ഭൂമിയും തമ്മിൽ സമ്മേളിക്കുന്ന ധന്യമുഹൂർത്തമാണത്. സർവ്വസൃഷ്ടിക്കുമുണ്ടാകുവാനുള്ള മഹാസന്തോഷത്തിന്റെ വാതിൽ തുറക്കലാണ്. അടയറവുകളില്ലാത്ത പുൽക്കൂട്, രക്ഷാവലയങ്ങളുടെ മുൾവേലികളില്ലാത്ത പുൽക്കൂട്, നിലനില്പ്പിന്റെ തത്വശാസ്ത്രങ്ങളോ രാജകീയപ്രൗഢിയോ തൊട്ടുതീണ്ടാത്ത, ആർക്കും അടുത്തുവരാവുന്ന, ആരേയും ഉൾക്കൊള്ളുന്ന ദിവ്യസ്നേഹത്തിന്റെ മന്ദസ്മിതം തൂകുന്ന പുൽക്കൂട് നമുക്ക് അടയാളമായി തീരട്ടെ.

അവഗണനയുടെ തീച്ചൂളകളിൽ ജന്മംകൊണ്ട് എരിഞ്ഞ മരുന്ന അനേക ജീവിതങ്ങൾ ഇന്നുമുണ്ട്. അവരെ കാണാനും കരുതാനും കഴിയാത്ത ക്രിസ്തുമസ് ആഘോഷം ക്രിസ്തീയമല്ല. പുതിയ രാജാവിനെ ആരാധിക്കാൻ ഞങ്ങളും ആഗ്രഹിക്കുന്നു എന്ന ഹേരോദാവിന്റെ നിഗൂഢ കൊലപാതക രാഷ്ട്രീയ ഇച്ഛയുടെ മോഹനീയ പൊയ്മുഖങ്ങളാണ് ഇന്ന് വർണ്ണാഭമായ ദീപാലങ്കാരങ്ങളിലും കലാപകലുഷിതമായ ആധുനിക സമൂഹത്തിലും പ്രകടമാകുന്നത്. മൂല്യച്യുതി സംഭവിച്ച ഇന്നത്തെ ലോകത്തിൽ തിരുജനനത്തിന്റെ പ്രസക്തിയെന്താണ്? ചരിത്രത്തിലേക്കിറങ്ങിവന്ന ദൈവം നിത്യതയെയും ഭൗമീകതയെയും തമ്മിൽ വേർപിരിക്കുന്ന അതുല്യ സംഭവമാണ്. നിത്യതയെ ത്യജിച്ചുകൊണ്ട് ചരിത്രത്തെ സംപുഷ്ടമാക്കാനാവില്ല. മനുഷ്യസൃഷ്ടി നടത്തിയ ദൈവജഢധാരണത്തിലൂടെ നിത്യതയെയും ചരിത്രത്തെയും പരസ്പരം കോർത്തിണക്കി.

ആയിത്തീരട്ടെ എന്ന ഒരു വാക്ക് കല്പിച്ചാൽ പോരായിരുന്നോ? മനുഷ്യൻ ഒഴികെ സകല പ്രപഞ്ചവും ഉണ്ടാകട്ടെ എന്ന ആജ്ഞയിൽ ഉരുവായതാണ്. സ്വന്തം കരവിരുതിനാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ പാപത്തിൽ നിന്നും കോരിയെടുക്കാൻ അവൻ ആയിരിക്കുന്ന ഇടത്തേക്ക് ഇറങ്ങി വരണമായിരുന്നു. ഒരേ സമയം പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമായിരുന്നവൻ പാപമൊഴികെ സകലത്തിലും മനുഷ്യരോട് താദാത്മ്യം പ്രാപിച്ചു.

ക്രിസ്തുവിന്റെ മനുഷ്യാവതാരവും ശുശ്രൂഷയും ശൈലിയും ശരീരമായ സഭയിൽ യാഥാർത്ഥ്യമാകുമ്പോഴേ തിരുവവതാരം സഭയിലും സഭാജീവിതത്തിലും അർത്ഥപൂർണ്ണമാകൂ. മനുഷ്യജീവന്റെ മൂല്യം എന്തെന്ന് തിരിച്ചറിഞ്ഞ ദൈവം അവൻ നശിച്ചുപോകാതെ അവനെ രക്ഷിപ്പാനായി തന്റെ ഏകജാതനെ ഈ ഭൂമിയിലേക്ക് അയച്ചു. ജാതി ജാതിയെ വെറുക്കുന്നു. കൊലയും കൊലപാതകവും സർവ്വസാധാരണമാകുന്നു. ആത്മഹത്യകൾ പെരുകുന്ന, ഉപഭോഗസംസ്കാരം ഹുങ്കാരനൃത്തം ചവിട്ടുന്ന, വർഗ്ഗീയത ഫണം വിടർത്തുന്ന, സമകാലീന ജീവിതത്തിൽ തിരുപിറവിയുടെ അടയാളവും അർത്ഥവും ലക്ഷ്യവും നഷ്ടമാകാതെ സൂക്ഷിക്കാം.



ധ്യാനപത്രിക



# രാജാവായി പിറന്നവൻ എവിടെ?

വെരി. റവ. തോമസ് തേക്കിൽ കോർ എപ്പിസ്കോപ്പാ

സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സന്ദേശം നൽകാനായി രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഭൂജാതനായ യേശുവിനെ നാം അനുസ്മരിക്കുന്ന ദിനങ്ങളാണ് ക്രിസ്തുമസ്. തലമുറ തലമുറയായി കോടാനുകോടി ജനങ്ങൾക്ക് പ്രത്യാശയും ആശ്വാസവും നൽകി ആ സന്ദേശം ജനഹൃദയങ്ങളിൽ മാറ്റൊലിക്കൊള്ളുന്നു.

ക്രിസ്തുമസ് ആഘോഷവേളകളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തന അന്തസത്ത ഉൾക്കൊള്ളാൻ സാധിക്കണം. ഇന്ന് ആഘോഷങ്ങൾക്ക് പ്രാധാന്യം കൊടുക്കുമ്പോൾ ക്രിസ്തു 'മിസ്സാ'കുന്നു. സർവ്വ ചരാചരങ്ങളെയും സൃഷ്ടിച്ചവനായ ദൈവം എനിക്ക് നൽകിയ ഏറ്റവും വലിയ സമ്മാനമാണ് യേശു എന്ന ചിന്ത നമ്മിൽ അങ്കുരിക്കണം. ഈ സമ്മാനം സ്വീകരിക്കാനുള്ള തയ്യാറെടുപ്പാണ് പരിശുദ്ധസഭ ക്രമീകരിച്ചിരിക്കുന്ന 25 നോമ്പ്.

വന്നുപിറക്കുന്നതിനും തല ചായ്ക്കുന്നതിനും ഒരിടമോ സ്വന്തമായി ഒരു കൂരയോ വസ്തു-ധനാദികളോ ഇല്ലാത്ത ദൈവപുത്രന് ഈ ഭൂമിയിൽ 'അന്യവൽക്കരണം' മാത്രമാണ് ലഭ്യമാകുന്നത്. അമ്മയുടെ മടിയിൽ മുലപ്പാൽ നുകർന്നുകൊണ്ട് ഉറങ്ങേണ്ട ശിശുവിന് ആ സ്ഥിതിയിൽപ്പോലും സ്വസ്ഥതയും സ്വൈര്യതയും ഉണ്ടാകുന്നില്ല. ഹേരോദാവ് പ്രബലനാണ്, ഭരണകർത്താവ്, ധനവും സ്വാധീനവും, പരിചാരക വൃന്ദവും, പട്ടാളവും അകമ്പടിയുമെല്ലാമുണ്ട്. 'യരുശലേമൊക്കെയും' അയാളോടുകൂടെയുണ്ട്. ശിശുവായ യേശുവിനാകട്ടെ. ദാരിദ്ര്യവും പലായനവും മാത്രം! സർവ്വനിയന്ത്രിതാവായ ദൈവം എത്ര നിസാരനാവാൻ മനസ്സാകുന്നു! സ്വപ്നത്തിൽ മുന്നറിവ് ലഭിച്ചതനുസരിച്ച് യൗസേഫ് യേശുവിനെയും പൈതലിനെയും കൂട്ടി മിസ്രയീമിലേക്ക് ഓടി. ഹേറോദേസിന്റെ മരണം വരെ അവിടെ പാർത്തു. പിന്നെ കുറേക്കാലത്തേക്ക് ഗലീലയിലെ നസ്രേത്തിലും.

**അധികാര മത്തുപിടിച്ച രാജാവ്**

ശിശുവായ യേശുവിനെ വകവരുത്തുവാൻ തന്റെ കൗശലവും അധികാരവുമെല്ലാം ഹേരോദാവ് പ്രയോഗിക്കുന്നുവെങ്കിലും വിജയിച്ചില്ല. എങ്കിലും അത് അനേകം കുഞ്ഞുങ്ങളുടെ ഹത്യയിൽ കലാശിച്ചു. ഹേരോദാവിന്റെ ശക്തിയെല്ലാം യേശുവിന്റെ 'നിസഹായത'യുടെ മുമ്പിൽ നിഷ്പ്രഭമായി ! 'ഭയപ്പെടേണ്ട, നമ്മോടുകൂടെയുള്ളവർ അവരോടുകൂടെയുള്ളവരെക്കാൾ അധികമാകുന്നു' (2 രാജാ 6:16) എന്ന് തിരിച്ചറിയുവാൻ നമ്മുടെ ആന്തരിക വിശ്വാസനേത്രങ്ങൾ തുറക്കപ്പെടണം.

**സഹനപാത തെരഞ്ഞെടുത്ത രാജാവ്**

പ്രത്യക്ഷമായ ഒരു 'അടയാളം' പ്രവർത്തിച്ച് ഹേരോദാവിനെ പരാജയപ്പെടുത്താനോ, നിഗ്രഹിക്കാനോ ദൈവം ഇടയാക്കുന്നില്ല. മനുഷ്യനു സ്വാതന്ത്ര്യം കനിഞ്ഞരുളിയ ദൈവം ദുഷ്ക്കർമ്മിയെ അവന്റെ പാട്ടിനു വിട്ടിരിക്കുന്നു? എങ്കിലും ദൈവം അവനെ ന്യായവിധിയിലേക്കു വരുത്തും. സ്വന്തം പദവി നില

നിർത്താനും സ്ഥാനവും സ്വത്തുക്കളും വർദ്ധിപ്പിക്കാനും മനുഷ്യൻ എന്തെല്ലാം കുടില തന്ത്രങ്ങൾ പ്രയോഗിക്കുന്നു! മനുഷ്യന്റെ അനുസരണക്കേടിനെ ദൈവം സഹനംകൊണ്ട് നേരിടുന്നു. ഹേരോദാവിൽ നിന്നു രക്ഷപ്പെടാൻ ശിശുവിനെ മിസറേമിലേക്കു കൊണ്ടുപോകുന്നു.

**പാലായനം ചെയ്യുന്ന രാജാവ്**

മിസ്രയീം 'അടിമവീടാണ്' അവിടെ നിന്നുമാണ് നീട്ടിയ കൈകളാലും വീര്യമുള്ള ഭുജത്താലും യഹോവ യിസ്രായേലിനെ വിടുവിച്ച് കനാനിലെത്തിച്ചത്. തങ്ങളുടെ രക്ഷകനെത്തന്നെ രക്ഷപ്പെട്ട ഗുണഭോക്താക്കൾ മിസ്രയീമിലേക്കു പലായനം ചെയ്യിച്ചത് ശോചനീയം; കൃതഘ്നതയുടെ പാരമ്യം! ജനിച്ചതു

> ക്രിസ്തുമസ് നൽകുന്ന വലിയ സന്ദേശം സമാധാനം എന്നതാണ്.

പുൽക്കൂട്ടിൽ, അതിബാല്യ കാലം പ്രവാസദേശത്ത്, ബാല്യവും കൗമാരവും നസറേത്തിൽ!

ദൈവം ശിശുവായി പിറന്നത് പാവപ്പെട്ട കന്യകയുടെ ഉദരത്തിൽ. അവൾ അവനു ജന്മം നൽകിയതാകട്ടെ നിസാരമായ ഒരു പുൽക്കൂട്ടിൽ. എളിയവരിൽ എളിയവരുടെ മേലാണ് ദൈവകൃപ ആവസിക്കുന്നത്. നസ്രായന്റെ മാർഗ്ഗം പിന്തുടർന്നതാകട്ടെ ഉപജീവനത്തിനു വഴി തേടുന്ന മീൻ പിടുത്തക്കാർ. ചുങ്കക്കാർക്കും പാപികൾക്കും അവൻ മാന്യതയുടെ ശിരോവസ്ത്രം നല്കി. ധനവാന്റെ സ്വർണ്ണനാണയത്തേക്കാൾ വിധവയുടെ ചില്ലിക്കാശിന് അവൻ മഹത്വം കല്പിച്ചു. പരീശന്റെ വിരുന്നിനേക്കാൾ പശ്ചാത്താപ വിവശയായ പാപിനിയുടെ കണ്ണീരിന് മൂല്യം നൽകി.

ദൈവത്തെ പുകഴ്ത്തിയ ആ ആട്ടിടയന്മാരെപ്പോലെ യേശുവിനെ കണ്ടെത്തുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? മനുഷ്യനിർമ്മിതമായ പുൽക്കൂടുകളിൽ ഉണ്ണിയേശുവിന്റെ രൂപം നിർമ്മിച്ച് പ്രതിഷ്ഠിച്ചതുകൊണ്ടായില്ല. ദൈവനിർമ്മിതമായ നിന്റെ ഹൃദയത്തിൽ യേശുവിനെ പ്രതിഷ്ഠിക്കണം.

ക്രിസ്തുമസ് നൽകുന്ന വലിയ സന്ദേശം സമാധാനം എന്നതാണ്. ആർക്കാണ് സമാധാനം ലഭിക്കുന്നത്? ദൈവപ്രസാദമുള്ളവർക്കാണ് സമാധാനം ലഭിക്കുന്നത്. ദൈവപ്രസാദം ലഭിക്കുവാൻ തക്കവണ്ണം ജീവിതം നയിക്കുന്ന ഏതൊരാൾക്കും സമാധാനം ലഭിക്കാതിരിക്കില്ല. രോഗങ്ങളും, ദുഃഖങ്ങളും, പ്രശ്നങ്ങളും, പ്രയാസങ്ങളും, നൊമ്പരങ്ങളും, മാനസിക സംഘർഷങ്ങളും, പിരിമുറുക്കങ്ങളും നേരിട്ടാലും അവയെ അതിജീവിക്കുവാൻ കഴിയുന്ന ആന്തരിക സമാധാനം അവർക്കു ലഭിക്കും. സകല ബുദ്ധിയെയും കവിയുന്ന ദൈവീക സമാധാനം നമ്മുടെ ഹൃദയങ്ങളിൽ നിറയും നമ്മൾ മറ്റുള്ളവർക്ക് സമാധാനം നൽകുന്നവരാകണം. നമ്മിൽ സമാധാനം നിറഞ്ഞെങ്കിൽ മാത്രമേമറ്റുള്ളവർക്ക് സമാധാനം നൽകാൻ സാധിക്കുകയുള്ളു.

ക്രിസ്തുമസ് എന്ന ലാറ്റിൻ വാക്കിന്റെ അർത്ഥം 'ക്രിസ്തുവിന്റെ ഉദാത്തമായ ബലി' എന്നാണ്. തിരികെ ഒന്നും പ്രതീക്ഷിക്കാതെ നൽകുന്ന ദാനമാണ് ക്രിസ്തുമസ്. ക്രിസ്തുമസ് ആഘോഷം വെറും ചടങ്ങല്ല. ആണ്ടിൽ ഒരിക്കൽ അനുഷ്ഠിക്കപ്പേടേണ്ട ആചാരവുമല്ല. ക്രിസ്തുമസ് ആഘോഷംകൊണ്ട് നമ്മുടെ വ്യക്തിജീവിതത്തിന് ഒരു വ്യതിയാനം ഉണ്ടാകണം. നമ്മുടെ ഇടയിൽ പാർത്തു, നന്മ ചെയ്തു-നന്മയിൽ വളരുവാൻ പഠിപ്പിച്ചു. നമുക്ക് സ്രഷ്ടാവായ ദൈവത്തെക്കുറിച്ചും മനുഷ്യജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെക്കുറിച്ചും അറിയുവാൻ സാധിച്ചു. ക്രിസ്തുമസ്സിന്റെ പ്രത്യേകത ചെറിയ കാര്യങ്ങൾ, ലളിതമായ ആരംഭങ്ങൾ, വിനീതരായ വ്യക്തികൾ, ചെറിയ ആട്ടിടയന്മാർ, വിദ്വാന്മാർ, നക്ഷത്രങ്ങൾ, പുൽക്കൂട്, ഒരസാധാരണക്കാരനായ മരപ്പണിക്കാരന്റെ കുടുംബം, വിനയാന്വിതയായ മറിയാം തുടങ്ങിയവരിൽക്കൂടി ദൈവീക സ്നേഹവും ദൈവീക ചൈതന്യവും നമുക്ക് ദർശിക്കുവാൻ സാധിക്കും.

ക്രിസ്തുവിനെ ജീവിതത്തിൽ പ്രവേശിപ്പിക്കണമെങ്കിൽ നമ്മിൽ വലിയ മാറ്റങ്ങൾ വരുത്തണം. വിദ്വേഷം, പക, അസൂയ, അശുദ്ധി, അഹങ്കാരം, നിഗളം തുടങ്ങിയവ മാറ്റിയിട്ട് സ്നേഹം, സന്തോഷം, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം – (ഗലാത്യർ 5:22,23) എന്നിവ സ്വീകരിക്കണം. നമ്മുടെ പാപങ്ങളെ സത്യകുമ്പസാരത്തിലൂടെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ജീവിതത്തിലേക്ക് ക്രിസ്തുവിനെ കൊണ്ടുവരണം. അതാണ് ക്രിസ്തുമസ് കൊണ്ട് ഉദ്ദേശിക്കുന്നത്.



# സുപ്രീംകോടതി വിധിയും സാന്മാർഗ്ഗീകതയും

ഫാ. പി.കെ. കോശി

ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി അടുത്ത കാലത്തായി കൈക്കൊണ്ട ചില സുപ്രധാന വിധികളും നിയമങ്ങളും ചരിത്രഗതിയെ തന്നെ മാറ്റി മറിയ്ക്കുന്ന തരത്തിലുള്ളതാണ്. മാത്രമല്ല മനുഷ്യജീവിതത്തിൽ ഉയർത്തിപ്പിടിക്കേണ്ട ചില മൂല്യങ്ങൾ, സാന്മാർഗ്ഗിക ധാർമ്മിക വ്യവസ്ഥകൾ, അനുഷ്ഠാനപരമായ ചില അനുവർത്തനങ്ങൾ ഇവയെല്ലാം താളപ്പിഴവുകൾ വരുത്തുന്നതായി മാറിയിരിക്കുന്നു.

a) ശബരിമലയിൽ ഏതു പ്രായത്തിലും സ്ത്രീകൾക്ക് പ്രവേശനം അനുവദിയ്ക്കുമെന്നും ആർത്തവം കാരണമാക്കിയുള്ള വിലക്ക് ഭരണഘടന ഉറപ്പു നല്കുന്ന തുല്യതയുടെ ലംഘനമാണെന്നും ശബരിമല അയ്യപ്പ ഭക്തരെ പ്രത്യേക മതവിഭാഗക്കാരായി പരിഗണിയ്ക്കാനാവില്ലെന്നും ഒരു വിധി വന്നു.

b) ആധാർ കാർഡ് പദ്ധതി ഭരണഘടനാ വിരുദ്ധമല്ലെങ്കിലും നിർബന്ധിത സ്വഭാവമുള്ളതല്ലെന്നും അതിൽ ഉൾപ്പെടണമോ വേണ്ടയോ എന്ന് വ്യക്തിക്ക് സ്വമേധയാ തീരുമാനിയ്ക്കാമെന്നും വിധി വന്നു.

c) ഗുരുതരമായ കേസുകളിൽ കുറ്റം ചുമത്തപ്പെട്ടവരുടെ രാഷ്ട്രീയ പാർട്ടി അംഗത്വം റദ്ദാക്കാനും പാർലമെന്റ് നിയമസഭകളിൽ മത്സരിക്കുന്നത് തടയാനും ശക്തമായ നിയമം നിർമ്മിക്കണമെന്നുള്ള വിധി.

റ) ആഘോഷങ്ങളിൽ പടക്കങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും മലിനീകരണ തോതും ശബ്ദവും കുറഞ്ഞ പടക്കങ്ങളുടെ മാത്രം വില്പനയും ഉപയോഗവും അനുവദിയ്ക്കുകയും ഉത്സവ കാലയളവുകളിൽ പടക്കം പൊട്ടിക്കുന്നതിന് സമയപരിധി നിർദ്ദേശിക്കുകയും ചെയ്യുന്ന വിധി.

e) പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു മാസത്തെ ശമ്പളം

സർക്കാർ ജീവനക്കാർ സംഭാവന ചെയ്യണമെന്നും അതിനു താല്പര്യമില്ലാത്തവർ (സാലറി ചലഞ്ചിൽ പങ്കെടുക്കാത്തവർ) വിസമ്മതപത്രം നൽകണമെന്നുള്ള വ്യവസ്ഥയും കോടതി തള്ളി വിധിച്ചു.

f) വിവാഹേതര ലൈംഗിക ബന്ധങ്ങൾ ക്രിമിനൽ കുറ്റകരം എന്ന ഇന്ത്യൻശിക്ഷാ നിയമത്തിലെ 497-ാം വകുപ്പ് കുറ്റകരമല്ല എന്ന് വിധിച്ചു.

g) ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377-ാം വകുപ്പു പ്രകാരമുള്ള പ്രകൃതി വിരുദ്ധ ബന്ധവും സ്വവർഗ്ഗ ലൈംഗികതയും കുറ്റകരമല്ല എന്ന വിധി.

സ്വവർഗ്ഗ വിവാഹവും, ലൈംഗികതയും, പ്രകൃതി വിരുദ്ധ ലൈംഗിക ബന്ധങ്ങളും, വിവാഹേതര ലൈംഗിക ബന്ധങ്ങളും കുറ്റകരമല്ലാതാക്കപ്പെടുമ്പോൾ പവിത്രമായി കരുതിയിരുന്ന കുടുംബബന്ധങ്ങളിലും ഭാര്യാഭർത്യ ബന്ധങ്ങളിലും കൂടുതൽ ശൈഥില്യങ്ങൾ ഉണ്ടാക്കാൻ കാരണമായി മാറുന്നു.ക്രിസ്തീയ വീക്ഷണപ്രകാരവും വേദപുസ്തക പശ്ചാത്തലത്തിലും ഇവ കുറ്റങ്ങളും പാപങ്ങളുമായി തന്നെ നിലനിൽക്കുന്നു.

ഇന്ത്യൻ ശിക്ഷാനിയമം 497-ാം വകുപ്പും ക്രിമിനൽ നടപടി ചട്ടത്തിലെ 198 (2)-ാം വകുപ്പും ഭരണഘടനാ വിരുദ്ധം എന്ന് കോടതി വിധിയ്ക്കുമ്പോൾ വ്യഭിചാരം കുറ്റകരമല്ല എന്ന് വരുത്തുന്നു. വ്യഭിചാരത്തെക്കുറിച്ച് യേശുക്രിസ്തു പഠിപ്പിക്കുന്നത് വി. മത്തായി 19:3-11 വരെ വളരെ വ്യക്തമായി ഓർമ്മിപ്പിയ്ക്കുന്നുണ്ട്. സ്വാഭാവിക വിവാഹബന്ധത്തിനപ്പുറമുള്ള ലൈംഗിക ബന്ധങ്ങൾ കുറ്റകരമല്ല എന്ന് പറയുമ്പോൾ വിവാഹമോചനത്തിന് ഉന്നയിക്കാവുന്ന കാരണം മാത്രമായി സുപ്രീംകോടതി വിധിയിൽ പറയുന്നു. പ്രായപൂർത്തിയായവർ തമ്മിലുള്ള പരസ്പര സമ്മതത്തോടുകൂടിയുള്ള സ്വഭാവികമല്ലാത്ത ലൈംഗികബന്ധം (സ്വവർഗ്ഗ ലൈംഗികത) യും കുറ്റകരമല്ല എന്നും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377-ാം വകുപ്പിൽ പറയുന്ന പ്രകൃതിവിരുദ്ധ ലൈംഗിക ബന്ധവും കുറ്റകരമല്ല എന്നും ഭരണഘടനയ്ക്ക് വിരുദ്ധമെന്നും പ്രഖ്യാപിച്ചിരിക്കുന്നു.

വി. വേദപുസ്കത്തിലെ പഴയ പുതിയ നിയമങ്ങളിലെല്ലാം പ്രകൃതി വിരുദ്ധവും സ്വാഭാവികമല്ലാത്തതുമായ ലൈംഗിക ബന്ധങ്ങളെ എതിർക്കുന്നുണ്ട്. ഉല്പത്തി 1:27, 28; 2 : 24, 25 വാക്യത്തിൽ വളരെ വ്യക്തമായിട്ടും സ്ത്രീപുരുഷ ബന്ധത്തിന്റെ പവിത്രത രേഖപ്പെടുത്തിയിരിക്കുന്നു. മാത്രവുമല്ല സ്വാഭാവിക ലൈംഗികതയുടെ വിശുദ്ധമായ അവസ്ഥയും അവിടെ കാണിച്ചിരിക്കുന്നു. ലൈംഗികത വിശുദ്ധമായിട്ടും ദൈവദാനമായിട്ടും സന്താന നിലനില്പ്പിനും തലമുറകളുടെ അനുഗ്രഹത്തിനുമായിട്ടാണ് നല്കിയിരിക്കുന്നത്. സ്വാഭാവികമായ ആ ലൈംഗികതയിൽ (സ്വവർഗ്ഗ ലൈംഗികതയിൽ) ഉല്പത്തി 2:24 ൽ പറയുന്ന "ഏക ദേഹമായി തീരും" എന്ന അവസ്ഥയിൽ എത്തുവാൻ കഴിയുകയില്ല. വിവാഹം മാന്യവും കിടക്ക നിർമലവും എന്ന് എബ്രായർ 13:4 ലും വ്യഭിചാരം അഥവാ അന്യന്റെ ഭാര്യയെ നോക്കുന്നതുപോലും വ്യഭിചാരം എന്ന് (മത്തായി 5:27, 28) ലും പറയുമ്പോൾ ഭാര്യാഭർത്തൃ ബന്ധത്തിനപ്പുറമുള്ള ലൈംഗികത പാപവും നിഷിദ്ധവുമായി വേദപുസ്തകം പഠിപ്പിക്കുന്നു.

സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബഞ്ച് തറപ്പിച്ചു പറയുന്നത്, പാപം, സദാചാര വിരുദ്ധത, പ്രകൃതി വിരുദ്ധത ഇവയ്ക്കുള്ള ശിക്ഷയല്ല 377-ാം വകുപ്പ്. മറിച്ച് ഭരണഘടനാധിഷ്ഠിത സദാചാരമാണ് ശരിയായിട്ടുള്ളത് എന്നാണ്. പാപത്തിന് ശിക്ഷ ഭൂമിയിലില്ലാത്തത് മറ്റെവിടെയോ ലഭിയ്ക്കുന്നതാണ്. മറിച്ച് കുറ്റത്തിനുള്ള ശിക്ഷയാണ് ഭൂമിയിൽ വെച്ച് ലഭിയ്ക്കുന്നത്. അതുകൊണ്ട് പൊതുസദാചാരവും ഭരണഘടനാധിഷ്ഠിത സദാചാരവും വ്യത്യസ്തമാണ്.

ജസ്റ്റിസ് നരിമാന്റെ പരാമർശപ്രകാരം "വിക്ടോറിയൻ കാലഘട്ടത്തിന്റെ ഉൽപ്പന്നമാണ് 377-ാം വകുപ്പ്. വിക്ടോറിയൻ സദാചാരം ഭരണഘടനാധിഷ്ഠിത സദാചാരത്തിന് വഴിമാറണം. ഭൂമിയിൽ ഭരണകൂടം രൂപീകരിച്ചിട്ടുള്ള കോടതികൾ വഴിയല്ല പാപത്തിന് ശിക്ഷ നൽകേണ്ടത്. അത് മറ്റെവിടെയോ ആണ്. കുറ്റത്തിനു മാത്രമാണ് ഭൂമിയിൽ ശിക്ഷയുള്ളത്. അതുകൊണ്ട് പ്രായപൂർത്തിയായ സ്വവർഗ്ഗലൈംഗിക താല്പര്യക്കാരുടെ ലൈംഗിക രീതിയെ മനസ്സിലാക്കുന്നതിനും അത്തരക്കാരെ കളങ്കിതരെന്ന രീതി തിരുത്താനും കഴിയണം." അതുകൊണ്ട് സാമൂഹിക സദാചാരം വ്യക്തി സ്വാതന്ത്ര്യത്തിന്റെ മേലുള്ള കടന്നുകയറ്റമാകരുത് എന്ന് വാദിയ്ക്കുന്നു.

സംസ്കാരത്തിനും പാരമ്പര്യത്തിനും മുകളിലാണ് ഭരണഘടനാധിഷ്ഠിത സദാചാരമെന്ന് 377-ാം വകുപ്പിലെ "പ്രകൃതി വിരുദ്ധ ലൈംഗിക ബന്ധത്തെ കുറ്റകരമാക്കുന്ന വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമാണെന്നും സുപ്രീംകോടതി വ്യക്തമാക്കുന്നു. ഭരണഘടനയുടെ 14, 15, 19, 21 വകുപ്പുകൾ തുല്യത, വിവേചനമില്ലായ്മ, അഭിപ്രായ സ്വാതന്ത്ര്യം, അന്ത

സ്സോടെയുള്ള ജീവിതം എന്നീ മൗലികാവകാശങ്ങൾ സംബന്ധിച്ചുള്ളതാണ്.

ലോത്തിന്റെ ചരിത്രം പഠിയ്ക്കുമ്പോൾ (ഉല്പത്തി 19) സോദോം, ഗോമോറായുടെ നാശത്തിന്റെ പ്രധാനകാരണം തന്നെ പ്രകൃതിവിരുദ്ധ ലൈംഗികതയായിരുന്നു. തീയും ഗന്ധവും ആകാശത്തുനിന്നും ദൈവം ഇറക്കി നശിപ്പിയ്ക്കുന്നത് ശിക്ഷയുടെ കാഠിന്യം നിമിത്തം.

റോമാ ലേഖനം 1:24, 26,27 വാക്യങ്ങളിൽ സ്വാഭാവിക ഭോഗം വിട്ട് കാമം ജ്വലിച്ച് ആണോടാണും പെണ്ണോടു പെണ്ണും അവലക്ഷണമായതു പ്രവർത്തിച്ചു എന്ന് കാണാം. ഇന്ത്യയിലെ ആദ്യ വനിതാ ജഡ്ജിയായ അന്നാചാണ്ടി 1971 ൽ ഇന്ത്യൻ ശിക്ഷാനിയമത്തെ കുറിച്ചു നൽകിയ റിപ്പോർട്ടിൽ 497-ാം വകുപ്പ് ഒഴിവാക്കുകയോ അല്ലെങ്കിൽ സ്ത്രീയ്ക്കും പുരുഷനും തുല്യ ശിക്ഷ നൽകുകയോ വിവാഹേതര ബന്ധത്തെ ശിക്ഷാനിയമത്തിൽ നിന്ന് ഒഴിവാക്കുകയോ ചെയ്യണം എന്ന് വാദിച്ചു.

അതിൽ പറഞ്ഞ ഒരു കാര്യം "ഏറെ പുരോഗതി പ്രാപിച്ച സമൂഹങ്ങളിൽ വിവാഹേതരബന്ധം ക്രിമിനൽ കുറ്റമല്ല, സിവിൽ തെറ്റു മാത്രമാണെന്ന ചിന്താഗതി പ്രചരിപ്പിക്കുന്നതിനാൽ അത്തരം രാജ്യങ്ങൾ നമുക്ക് പ്രേരകമാകണം."

പടിഞ്ഞാറൻ മേഖലയിലെ വഷളത്തരങ്ങളായ രാജ്യങ്ങളിലേയും ദേശങ്ങളിലേയും രീതികൾ നമ്മുടെ രാജ്യത്തേക്കും കൊണ്ടുവരുന്നു. ഇത് നമ്മുടെ രാജ്യത്തിന്റെ കെട്ടുറപ്പിനും അടിസ്ഥാനമൂല്യങ്ങൾക്കും ക്ഷതമേല്പ്പിയ്ക്കും.

മൂല്യങ്ങളും പ്രമാണങ്ങളും നഷ്ടമാക്കപ്പെട്ട തലമുറയിലാണ് ഇന്ന് നാമും. നമുക്ക് പരമ്പരാഗതമായി ലഭിച്ച ചില നല്ല മൂല്യങ്ങൾ നിലനിർത്താൻ പരിശ്രമിയ്ക്കാം. കോടതികൾ കാലത്തിനനുസരിച്ച് നിറം മാറ്റും. നിയമങ്ങൾ മാറ്റും എന്നാൽ മാറ്റമില്ലാത്ത നിയമങ്ങളാണ് ക്രിസ്തീയ സഭയുടെ അടിസ്ഥാനം. വി. വേദപുസ്തകത്തിലാണ് ആ നിയമങ്ങൾ. വേദനിയമങ്ങളുടെ അടിസ്ഥാനത്തിൽ ക്രിസ്തീയ സമൂഹം ചില അടിസ്ഥാന മൂല്യങ്ങൾ നിലനിർത്തുന്നു.

അവയ്ക്ക് കോട്ടം തട്ടുന്ന വിധികളാണ് ഇവ. പുരാതന കാലം മുതൽ തന്നെ വിവാഹത്തിന്റെ പവിത്രത നാം നിലനിർത്തിയിരുന്നു. കെട്ടുറപ്പുള്ള വിവാഹജീവിതവും കുടുംബബന്ധങ്ങളും ദൈവത്തിലാശ്രയിച്ച് നിലനിർത്താം. വിശുദ്ധിയുള്ള മാതാപിതാക്കളിലൂടെ വിശുദ്ധിയുള്ള തലമുറകൾ നിലനിൽക്കട്ടെ.

# എന്റെ അമ്മ



അമ്മയെന്നമ്മയല്ലോയീ മണ്ണിൽ
എന്നുമെനിക്കെന്റെ ദൈവം
സ്നേഹ പ്രകാശമെന്റെ വീട്ടിൽ പരത്തുന്ന
മാണിക്യ ദീപമാണെന്റെ അമ്മ
നിത്യവും സ്നേഹവാത്സല്യം ചുരത്തുന്ന
നന്ദിനിയാണെന്റെ അമ്മ
എന്റെ കൊച്ചു മോഹങ്ങളെല്ലാമറിഞ്ഞെന്നെ
സന്തുഷ്ടമാക്കും എൻ അമ്മ
എൻ താപമെല്ലാമകറ്റുന്നതാം ഗീത
ധാരയാകുന്നുവല്ലോ എന്റെ അമ്മ
എന്നും എന്നും സ്നേഹം തരുന്ന
ചന്ദനച്ചോലയാണെന്റെ അമ്മ
അറിവിന്റെ പ്രകാശം പരത്തുന്ന
നിറദീപമാണെൻ അമ്മ
എൻ തെറ്റുകൾ എല്ലാം തിരുത്തുന്ന
മാർഗ്ഗദീപമാണെൻ അമ്മ.

**ദിവ്യ വർഗ്ഗീസ്, പേരിശ്ശേരി**



# ക്രിസ്തുമസ്സ് കരോൾ ഓർമ്മക്കുറിപ്പുകൾ

മോസസ് ജോയിസ്, മാന്തളിർ

ബാല്യ-യൗവന കാലത്തെ ക്രിസ്തുമസ് ഒരു ഉത്സവപ്രതീതിയാണ് മനസ്സിൽ സൃഷ്ടിച്ചിരിക്കുന്നത്. ഓർമ്മകളിലേക്ക് ആദ്യമായി കടന്നുവരുന്നത് ഏതാണ്ട് മൂന്നര പതിറ്റാണ്ടുകൾക്ക് മുൻപ് പള്ളിയിൽ നിന്നും യുവാക്കളോടൊപ്പം കരോൾ പാടാൻ പോകുന്നതാണ്. അഞ്ചും ആറും ദിവസങ്ങൾ വൈകുന്നേരം പള്ളിയിലെ വിവിധ ഭാഗങ്ങളിലുള്ള ഭവനങ്ങൾ സന്ദർശിച്ച് അത്യുച്ചത്തിൽ കരോൾ ഗാനങ്ങൾ ആലപിച്ച് പാതിരാവ് പിന്നിട്ട് പുലർച്ചയോടെ അവസാനിക്കുമ്പോൾ, ക്ഷീണിച്ച് ഒരടി പോലും നടക്കാൻ ആവാത്ത അവസ്ഥയിൽ എത്തിയിട്ടുണ്ടാകും. ചില ദിവസങ്ങളിൽ പള്ളിയിൽ വിശ്രമിച്ച് രാവിലെ മാത്രമാണ് സ്വന്തം ഭവനത്തിൽ എത്തുക. എത്ര ക്ഷീണിച്ചാലും അടുത്ത ദിവസം കൂടുതൽ ഉത്സാഹത്തോടെ ക്രിസ്തുമസ് ദൂതുമായി ഭവനങ്ങൾ സന്ദർശിക്കുവാൻ ഇറങ്ങുകയായി. അന്നൊക്കെ കരോൾ സംഘത്തിന് ഒരു ലീഡർ ഉണ്ടാകും. ഓരോരുത്തർക്കും ചുമതലകൾ വീതിച്ചു നൽകിയിട്ടുണ്ടാകും. പാട്ടുകൾക്ക് നേതൃത്വം നൽകുന്നവർ, ഡ്രംസ് ആദിയായ സംഗീതോപകരണങ്ങളുടെ ചുമതലയുള്ളവർ, എന്തിനേറെ പെട്രോമാക്സ് ലൈറ്റുകളും അലങ്കാര ദീപങ്ങളും ചുമലിലേറ്റി നടക്കുന്നവരെപ്പോലും മുൻകൂട്ടി നിശ്ചയിച്ച് കൃത്യമായ റൂട്ട് എഴുതിയുണ്ടാക്കി മിക്കവാറും വികാരിയച്ചനോടൊപ്പമാകും കരോൾ സംഘം വീടുകൾ സന്ദർശിക്കുക. കാഴ്ചക്കാരായും ഭവനങ്ങളിലെ കാപ്പിസൽക്കാരങ്ങളിൽ പങ്കെടുക്കുവാനായി ഒരു ചെറിയകൂട്ടം കരോൾ സംഘത്തെ അനുഗമിക്കാറുണ്ട് എന്നതും ഒരു യാഥാർത്ഥ്യമാണ്.

അന്നത്തെ ക്രിസ്തുമസ് കരോളിന്റെ പ്രത്യേകത എന്നു പറയുന്നത് അർത്ഥവത്തായ ഗാനങ്ങളും അതിന് ചേരുന്ന ഈണങ്ങളും അതോടൊപ്പം ജാതിമതഭേദമെന്യേ കരോൾ സംഘത്തിനുള്ള സ്വീകാര്യതയുമായിരുന്നു. ഹൈന്ദവ ഭവനങ്ങളിൽ ഗാനങ്ങൾ ആലപിക്കുവാൻ ക്ഷണിക്കുമ്പോൾ, കത്തിച്ച നിലവിളക്കോടുകൂടിയാണ് അവർ കരോൾ സംഘത്തെ എതിരേറ്റിരുന്നത് എന്ന് ഓർക്കുന്നു. ഇന്ന് യേശുക്രിസ്തുവിന്റെ ജനനവാർത്ത പ്രഘോഷിക്കുവാൻ എത്തുന്നവരെ സ്വീകരിക്കുന്നതിൽ പലരും വിമുഖത കാണിക്കുന്നു എന്നത് സത്യമാണ്. ദേവാലയങ്ങൾ അവരുടെ ഭവനങ്ങളിൽ മാത്രവും, ക്ലബ്ബുകളും സംഘടനകളും അവരവരുടെ അംഗങ്ങളുടെ വീടുകളിൽ മാത്രമായും ക്രിസ്തുമസ്സ് ദൂത് അറിയിക്കുന്നത് പരിമിതപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുമസ്സ്-ഓണ കാലങ്ങളിൽ മാത്രം തട്ടിക്കൂട്ടി സംഘടിപ്പിക്കുന്ന ചില "കുട്ടികൂട്ടങ്ങൾ" ക്രിക്കറ്റിന്റെ ബാറ്റോ, ഫുട്ബോൾ മുതലായ കളിയുപകരണങ്ങൾ വാങ്ങാനുള്ള പണപ്പിരിവ് മാത്രമോ മുന്നിൽ കണ്ട് കരോളിന് ഇറങ്ങി പിരിവ് നടത്തുന്നതും ഇന്നത്തെ രസക്കാഴ്ചയാണ്.

1985-89 കാലയളവിൽ ഡൽഹിയിലും ഉത്തർപ്രദേശുമായി അതിർത്തി പങ്കിടുന്ന നോയിഡയിലും ക്രിസ്തുമസ്സ് കരോൾ സംഘത്തോടൊപ്പം ഗാനങ്ങൾ ആലപിക്കാൻ പോയിട്ടുള്ളതും ഇത്തരുണത്തിൽ ഓർമ്മയിൽ

വരുന്നു. നാട്ടിലെ കരോൾ സംഘങ്ങളിൽ നിന്നും വിഭിന്നമായി കുറെയധികം സംഗീത ഉപകരണങ്ങളുമായി ഒരേ വേഷവിധാനത്തോടെയാണ് വീടുകൾ/ഫ്ളാറ്റുകൾ സന്ദർശിച്ചിരുന്നത്. കൂടുതലായും വീടുകളുടെ അല്ലെങ്കിൽ ഫ്ളാറ്റുകളുടെ ഉള്ളിൽ നിന്നുകൊണ്ടാണ് ഗാനങ്ങൾ ആലപിച്ചിരുന്നത്. വലിയ മുറ്റവും കോമ്പൗണ്ട് മതിലും ഒക്കെയുള്ള വില്ലകൾ പോലുള്ളിടത്ത് വീടിനു വെളിയിൽ കൂട്ടമായി നിന്നുകൊണ്ട് പാട്ടുകൾ പാടാറുണ്ട്. ചിലയിടങ്ങളിൽ ഉത്തരേന്ത്യക്കാരും മലയാളികൾ അല്ലാത്ത മറ്റ് ഭാഷക്കാരും വളരെ കൗതുകപൂർവ്വം കരോൾ സംഘത്തിന്റെ ഗാനങ്ങൾ ആസ്വദിക്കുന്നതും ശ്രദ്ധിച്ചിട്ടുണ്ട്. നാട്ടിലെ മലയാളം ഗാനങ്ങളിൽ നിന്നും വിഭിന്നമായി കൂടുതലും ഹിന്ദിയിൽ ചിട്ടപ്പെടുത്തിയിട്ടുള്ള ഗാനങ്ങളാണ് കരോൾ സംഘങ്ങൾ പാടുന്നത്. ഉത്തരേന്ത്യയിൽ ജനിച്ചുവളർന്ന മലയാളികൾക്കും മലയാളി കുടുംബങ്ങളുടെ സുഹൃത്തുക്കളായ വിവിധ ഭാഷ സംസാരിക്കുന്നവർക്കും മനസ്സിലാകുന്നതിനുവേണ്ടിയാണ് ഗാനങ്ങൾ ഹിന്ദി ഭാഷയിൽ ചിട്ടപ്പെടുത്തിയിരുന്നത്. ഇന്നെന്നപോലെ ഓർമ്മയിൽ വരുന്ന ചില വരികൾ.

"ദിൽ മേരാ ക്യോം നാ ഗായേം....

മീഠേം സുരോംഗു സചായോ...

വോ യീസു കേ പാസ് ഫിർ സേ ഹമ് ആയേം."

അകോർഡിൻ, ഡ്രംസ് തുടങ്ങി വിവിധ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ മനോഹരമായാണ് ഗാനങ്ങൾ ആലപിക്കുക. പല സ്ഥലങ്ങളിലും സ്ത്രീകളും കുട്ടികളും ഒക്കെയായി കുടുംബങ്ങളായിട്ടാണ് കരോൾ സംഘം പോവുക. ഇന്നും സജീവമായി പുതുമകളോടെ ഡൽഹിയിലും സമീപപ്രദേശങ്ങളിലും ക്രിസ്തുമസ്സ് കരോൾ സംഘങ്ങൾ ദൈവപുത്രന്റെ ജനനം അറിയിച്ചുകൊണ്ടിരിക്കുന്നു.

യു.എ.ഇ. യിലെ മിക്കവാറും എല്ലാ എമിറേറ്റുകളിലും ക്രിസ്തുമസ്സ് കരോൾ സംഘങ്ങൾ സജീവമാണ്. ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ ആണ്ടുതോറും കരോളിന്റെ ഭാഗമായി ഭവനങ്ങൾ സന്ദർശിക്കാറുണ്ട്. ഏതാണ്ട് ഉത്തരേന്ത്യയിലേതിനു സമാനമായിട്ടാണ് കരോൾ സംഘങ്ങൾ ഇവിടെ ക്രിസ്തുമസ്സ് ദൂത് അറിയിക്കുന്നത്. ഓരോ ഏരിയായിലുള്ള പ്രാർത്ഥനാഗ്രൂപ്പിന്റെയും അതിലെ അംഗങ്ങളുടെയും സജീവ പങ്കാളിത്തത്തോടെ കുട്ടികളും മുതിർന്നവരും അടങ്ങുന്ന കരോൾ സംഘം വീടുകൾ സന്ദർശിക്കുന്നു. വാദ്യോപകരണങ്ങൾ കുറവെങ്കിലും പാട്ടുകൾ ഭംഗിയായി പഠിച്ച് ഒന്നിച്ച് മനോഹരമായി പാടുന്നത് ഒരു നവ്യാനുഭവം തന്നെയാണ്. ഒരു മുസ്ലീം രാജ്യമായ യു.എ.ഇ. യിലെ ഭരണാധികാരികൾ നമുക്ക് അനുവദിച്ചുതന്നിട്ടുള്ള ആരാധനാ സ്വാതന്ത്ര്യത്തിന് നമ്മൾ എന്നും കടപ്പെട്ടവരാണ്. ക്രിസ്തുമസ്സ് കരോൾ സർവ്വീസ് യു.എ.ഇ. യിൽ ഭംഗിയായും ചിട്ടയായും നാളിതുവരെ നടന്നുവരുന്നത് നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വിവിധ കാരണങ്ങളാൽ ഇന്ന് ക്രിസ്തുമസ്സ് കരോൾ സംഘം പള്ളികളിൽ നിന്നുപോലും ദൈവപുത്രൻ ജനിച്ചതിന്റെ ദൂത് അറിയിക്കുവാൻ വീടുകൾ സന്ദർശിക്കുന്നതിന് വൈമുഖ്യം കാണിച്ചു തുടങ്ങി. ഒന്നാമതായി ചുമതലയേൽക്കാൻ ആളുകൾക്ക് മടിയാണ്. ചെറുപ്പ ക്കാർ വേണ്ടത്ര ശുഷ്ക്കാന്തി ഇക്കാര്യത്തിൽ കാണിക്കുന്നില്ല എന്നും പറയപ്പെടുന്നു. ഇപ്പോഴത്തെ മാറിയ സാമൂഹിക ചുറ്റുപാടിൽ മാതാപിതാക്കൾക്ക് മക്കളെ കരോൾ സംഘത്തിനൊപ്പം പറഞ്ഞയയ്ക്കാൻ മടിയായിത്തുടങ്ങി.

ഒരു കാര്യം മാത്രം നിങ്ങളുടെ ചിന്തയിലേക്ക് പകർന്നുകൊണ്ട് ഇത് അവസാനിപ്പിക്കാം. ദൈവപുത്രന്റെ ജനനം സംഭവിക്കുന്ന കാലയളവിൽ യോസെഫും മറിയവും സഹിച്ച സഹനത്തെ, അവരുടെ പാലായനത്തെ, പ്രതികൂലങ്ങളെ അനുകൂലമാക്കാനുള്ള മനഃസാന്നിദ്ധ്യത്തെ നമ്മുടെ ഉള്ളിലേക്കും പകരാം. ബേത്‌ലഹേമിലെ കാലിക്കൂട്ടിൽ കാണപ്പെട്ട ജീവന്റെ വെളിച്ചം നമ്മിലേക്ക് ആവാഹിക്കാം. അങ്ങകലെ ആകാശത്തിൽ വിദ്വാന്മാർ കണ്ട നക്ഷത്രവെളിച്ചം മറ്റുള്ളവർക്കും പകർന്നുകൊടുക്കാം. അങ്ങനെ ലോകരക്ഷിതാവായ യേശുക്രിസ്തുവിന്റെ ജനനം സർവ്വജനത്തിനും ഉണ്ടാകുവാൻ പോകുന്ന മഹാസന്തോഷമായി അവതരിപ്പിക്കാം. നമ്മുടെ ഓരോരുത്തരുടെ ഉള്ളിലും ക്രിസ്തു ജാതം ചെയ്യുവാൻ ഇടയാകട്ടെ.

ഹിന്ദിയിൽ എഴുതിയ പാട്ടിന്റെ വരികളിൽ സൂചിപ്പിച്ച പോലെ :'

"എന്റെ ഹൃദയം എങ്ങനെ പാടാതിരിക്കും

മധുരതരമായ സ്തുതിഗീതങ്ങൾ ഞാൻ പറയും.

ബേത്‌ലഹേമിൽ മറിയത്തിൻ സുതനായ് പിറന്ന...

അതേ യേശുവിന്റെ സന്നിധിയിലേക്ക് വീണ്ടുംവന്നു."



'ബേതലഹേം ഗുഹയിൽ ചെന്നഥ ദർശിച്ചു
പൈതലിനോടൊപ്പം -മാതാവാം മറിയാം -തന്നെ
അവതാരം ചെയ്തോ -രഖിലേശൻ പേർക്കായ്
കാദീശ് കാദീശെ - ന്നാർക്കും ദൂതന്മാരെയും'
(ജനനപ്പെരുന്നാൾ ശുശ്രൂഷാഭാഗം)

# ക്രിസ്തുദർശനം - നന്മയുടെ തീർത്ഥാടനം

വെരി. റവ. സഖറിയ പനയ്ക്കാമറ്റം കോർ എപ്പിസ്കോപ്പാ

ക്രിസ്തീയതയിലൂടെ ക്രിസ്തു ഒരനുഭവമാകുന്നു. നന്മയുടെ തീർത്ഥാടനം ക്രിസ്തു ദർശനമല്ലാതെ മറ്റൊന്നുമല്ല.ആഴമുള്ള സ്ഥലങ്ങളിൽ പുഴ ശാന്തമായിരിക്കുന്നതുപോലെ ധ്യാനമുള്ള ഏതു പുരുഷനായാലും സ്ത്രീയാണെങ്കിലും ഒച്ചയും ബഹളവും ഇല്ലാതെ ശാന്തമായിരിക്കും. സദൃശ്യവാക്യങ്ങൾ 20:5 ൽ നാം വായിക്കുന്നു. 'മനുഷ്യന്റെ ഹൃദയത്തിലെ ആലോചന ആഴമുള്ള വെള്ളം; വിവേകമുള്ള പുരുഷനോ അത് കോരിയെടുക്കും.'

മറിയാം എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു എന്ന് നാം മനസ്സിലാക്കുന്നത് മറിയാം ധ്യാനമുള്ള സ്ത്രീരത്നം ആയതിനാലാണ്. നിസ്സാരകാര്യങ്ങൾക്കുപോലും തർക്കിച്ചും, അപമാനിച്ചും, പോരടിച്ചും കഴിഞ്ഞു കൂടേണ്ടതല്ല ജീവിതം. നീതിബോധമുള്ള പുരുഷന് സഹയാത്രക്കാരിയായി ലഭിച്ചത് നിശ്ശബ്ദയായ മറിയാമിനെയായിരുന്നു. വ്യക്തമായ ദർശനമുള്ള ഒരു മകൻ കൂടി ആയപ്പോൾ ഒരു വീട് തിരുകുടുംബമായി മാറുകയാണ്. ക്രിസ്തു എളിയ വീട്ടങ്കണത്തിൽ എത്തിച്ചേർന്ന് സമാധാനം പറയുമ്പോൾ അത് സ്വീകരിക്കുവാൻ ഒരുക്കമുള്ളതാണോ നമ്മുടെ ഭവനം? ഒരുക്കമുള്ളത് അല്ലെങ്കിൽ സമാധാനം ആശംസിച്ചവനിലേക്ക് തന്നെ അത് തിരികെ പോകും. ഒരു ഭവനം അനുഗ്രഹീതമായിത്തീരുന്നത് മുറികളുടെ എണ്ണത്തിലോ, വിലപിടിപ്പുള്ള 'കർട്ടൻ' കൊണ്ട് അലങ്കരിക്കുന്നതിലോ അല്ല; പിന്നെയോ അത് ഒരു ആത്മീയ പരിസരമായി രൂപാന്തരപ്പെടുന്നതിലൂടെയാണ്. അവനു ഭ്രാന്തുണ്ട്! എന്ന് കരുതി അവന്റെ സഹോദരന്മാർ തന്നെ അവനെ പിടിപ്പാൻ പുറപ്പെട്ടുവെന്ന് സുവിശേഷകനായ വി.മർക്കോസ് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ചില ആരാധനാസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രവേശനം നിഷേധിക്കപ്പെടുന്നു. പരസ്യമായ പ്രതിഷേധ പ്രകടനങ്ങളും! ഒപ്പം അനുഷ്ഠാനത്തിന്റെ ഭാഗമായി അഞ്ചുവയസ്സിനും എഴുപത് വയസ്സിനും മദ്ധ്യേയുള്ള പതിനായിരക്കണക്കിന് സ്ത്രീകൾ നൈവേദ്യം ഒരുക്കി ഇഷ്ടദേവിക്ക്/ദേവന് പൊങ്കാലയിട്ട് സമർപ്പിക്കുന്നു.

**ക്രിസ്തുദർശനം- ഹൃദയത്തിന്റെ ഗദ്ഗദങ്ങളിൽ**

നൂറുകണക്കിന് ക്രിസ്തീയ ഗാനങ്ങൾ ഓരോ വർഷവും രൂപപ്പെടുന്നുണ്ടെങ്കിലും ഹൃദയത്തിന്റെ ഗദ്ഗദങ്ങളായി ദശാബ്ദങ്ങൾക്ക് മുമ്പ് രൂപപ്പെട്ട ഗാനങ്ങൾ എത്ര കാലം കഴിഞ്ഞാലും ആശ്വാസഗീതങ്ങളായി തന്നെ നിലനിന്ന് ദുഃഖിതന് ആശ്വാസം പകർന്നുകൊണ്ടേയിരിക്കും. കാണപ്പെടുന്നതിനേക്കാൾ കാണപ്പെടാത്ത യാഥാർത്ഥ്യങ്ങൾ കൂടുതലായിട്ടുള്ളത് ആത്മീയ തലത്തിൽ തന്നെയാണ്. ദുഃഖത്തിന്റെ പാനപാത്രം, എന്തതിശയമെ ദൈവത്തിൻ സ്നേഹം, ലോകമാം ഗംഭീര വാരിധിയിൽ, എന്നുള്ളിലെന്നും

വസിച്ചിടുവാൻ, നിന്റെ ഹിതം പോലെയെന്നെ തുടങ്ങി സാധുകൊച്ചുകുഞ്ഞ് ഉപദേശി, പി.വി.തൊമ്മി, അന്ന മാമ്മൻ, മേരി ബലീഞ്ഞ, മേരി ജോൺ തോട്ടം മുതലായവരുടെ ഗാനങ്ങളിൽ കാണുന്നത് ക്രിസ്തു ദർശനമാണ്. പ്രസ്തുത ഗാനങ്ങൾ രചിച്ചവരുടെ ഗദ്ഗദങ്ങൾ മറ്റുള്ളവർക്ക് ക്രിസ്തു ദർശനത്തിലൂടെ സമാധാനവും, ആനന്ദവുമായി പരിണമിക്കുകയാണ്. പ്രവാസകാലഘട്ടത്തിൽ അവരെ ഒന്നിച്ച് നിർത്തിയത് അവരുടെ ആത്മീയ ചൈതന്യം മാത്രമായിരുന്നു. പ്രതിസന്ധികളുടെ ദിവസങ്ങളെ വേദവ്യാഖ്യാനങ്ങൾ പഠിക്കുന്ന ദിനങ്ങളായി അവർ രൂപാന്തരപ്പെടുത്തി.

**ക്രിസ്തുദർശനം-സഭയിൽ**

സഭയിൽ ക്രിസ്തുവിനെ പച്ചയായി വെളിപ്പെടുത്തുവാൻ ക്രൈസ്തവ വിശ്വാസികൾക്ക് കഴിയാതെ പോകുന്നു. ക്രിസ്തുസാന്നിദ്ധ്യം പൗരോഹിത്യത്തിന് കൈമോശം വന്നിരിക്കുന്നുവെന്ന ചിന്താഗതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അധികാരം കൈകാര്യം ചെയ്യുന്നവർ സ്വയം വിഗ്രഹങ്ങളായി ആദരവ് ആഗ്രഹിക്കുകയാണ്. മനുഷ്യവാസനകൾക്ക് പാപം ഒഴികെ എല്ലാത്തിനും ക്രിസ്തു വിധേയനായിത്തീരുന്നു. തന്നെക്കുറിച്ചു തന്നെ ക്രിസ്തു 'മനുഷ്യപുത്രൻ' എന്ന നിലയിലാണ് വെളിപ്പെടുത്തിയിരുന്നത്. ഒരു യഥാർത്ഥ മനുഷ്യപുത്രനെയാണ് രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ക്രിസ്തുവിൽ കണ്ടെത്തിയത്.

**ക്രിസ്തുദർശനം-സാഹിത്യ രചനകളിൽ**

നൂറ്റാണ്ടുകളായി ക്രിസ്തീയ നാടോടി ഗാനങ്ങളിലും ക്രിസ്തീയ സാഹിത്യ രചനകളിലും ലഭിക്കുന്നത് ക്രിസ്തു ദർശനം ആണ്. ഭദ്രദീപം കത്തിച്ച് മദ്ധ്യത്തിൽ വച്ച് ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ പ്രതീകാത്മകമായി ധ്യാനിച്ചുകൊണ്ടാണ് പരിചമുട്ടുകളി, മാർഗ്ഗംകളി ആദിയായവ അരങ്ങേറിയിരുന്നത്. ആചാരാനുഷ്ഠാനങ്ങളിലും, പ്രതീകങ്ങളിലും, ആരാധനാകൃതികളിലും, കുരിശിലൂടെയും മറ്റും ലഭ്യമാകുന്നതും ക്രിസ്തു ദർശനമാണ്.

**സ്നേഹസാന്ദ്രമാകുന്ന ക്രിസ്തുദർശനം**

എവിടെ ജീവിതം സ്നേഹസാന്ദ്രമാകുന്നുവോ അവിടെ ക്രിസ്തുദർശനം സാദ്ധ്യമായിത്തീരുന്നു. സഹനത്തിന്റെയും, കരുണയുടെയും, ത്യാഗത്തിന്റെയും സന്ദേശമായിരിക്കും ക്രിസ്തുദർശനം വഴി സംജാതമാകുന്നത്. ആയിരം കോടി മുടക്കി ക്രിസ്തുവിന്റെ പ്രതിമയുണ്ടാക്കിയാൽ ക്രിസ്തുദർശനം ഉണ്ടായിയെന്ന് വരികയില്ല. കോടികൾ മുടക്കി പ്രതിമയുണ്ടാക്കുന്ന പ്രതിഭാസം ജനാധിപത്യരാജ്യമായ ഭാരതത്തിൽ ഏറിവരികയാണല്ലോ. ഒപ്പം പകുതിയിലധികം ജനങ്ങളും ദാരിദ്ര്യരേഖയുടെ താഴെ തന്നെ. ഏറ്റവും സമീപത്തായി നിൽക്കുന്നയാളിന് സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴി കാണിച്ചുകൊടുക്കുവാൻ കഴിയുന്നത് ശരിയായ ക്രിസ്തുദർശനമുള്ള അനുഭവമാകുമ്പോൾ മാത്രമാണ്. സഖറിയായുടെ 'അൽഫോൺസാമ്മ' എന്ന കൃതിയിൽ, ഒടുവിലായി അൽഫോൺസാമ്മയുടെ ഭക്തിനിർഭരമായ അന്ത്യം സംഭവിക്കുന്നു. ദൈവനിയോഗം നിറവേറ്റപ്പെട്ട സ്ഥലമായ തന്റെ കബറിടവും അടച്ചുകഴിഞ്ഞു. ഏറ്റവും ഒടുവിൽ മെഴുകുതിരി കത്തിച്ചശേഷം പിരിഞ്ഞുപോകുവാൻ തുനിയുന്ന ആളിനോട് അൽഫോൺസാമ്മ ഒരു ചോദ്യം ചോദിക്കുന്നു. "ഇനിയും സ്വർഗ്ഗത്തിലേക്കുള്ള വഴി എനിയ്ക്ക് ആര് പറഞ്ഞു തരും"?

**ക്രിസ്തുദർശനം-കാണപ്പെടേണ്ടതായ യാഥാർത്ഥ്യം**

നന്മയെന്നത് ആപേക്ഷികമായി പലരും തെറ്റിദ്ധരിച്ചിരിക്കുന്നു. നന്മചെയ്യുവാൻ മതങ്ങൾ അനിവാര്യമോ? എന്ന ചോദ്യം അടിസ്ഥാനപ്പെടുത്തി 1917 ൽ കേരളത്തിലെ ഒരു പ്രധാന പട്ടണത്തിൽ നടന്ന സെമിനാറിൽ നന്മ ചെയ്യുവാൻ മതങ്ങൾ ആവശ്യമില്ലായെന്ന അഭിപ്രായത്തിന് കൂടുതൽ കൈയ്യടി ലഭിച്ചു. ഒരു പാർട്ടിയുടെ പ്രാദേശിക നേതാവിന്റെ ശിരസ്സ് മാറ്റിയ ഉടൽ തന്റെ ഭവനത്തിന്റെ മുൻ വശത്ത് ഒരാഴ്ച കഴിഞ്ഞപ്പോൾ പ്രത്യക്ഷപ്പെട്ടു. പ്രസ്തുത നേതാവിന്റെ സംസ്ക്കാരം നടത്തപ്പെട്ട രാത്രിയിൽ തന്നെ എതിർപാർട്ടിയിലെ ഒരു നേതാവിന്റെ ശിരസ്സ് സമീപത്തുള്ള അമ്പലമതിലിന്റെ മുകളിൽ ക്രമീകരിക്കപ്പെട്ടു! ഒച്ചപ്പാടും ബഹളവും നിയന്ത്രണത്തിന് അതീതമാകയാൽ തുടർച്ചയായ അഞ്ച് ദിനങ്ങൾ ഹർത്താലായി ആചരിച്ചു. കാരണം ഒരു ഭാഗത്തിന്റെ നന്മ മറുഭാഗത്തിന് തിന്മയായിത്തീരുന്നു. എന്നാൽ ശരിയായ നന്മ ഏതു മതത്തിനും വിശ്വാസത്തിനും മാറ്റമില്ലാത്ത നന്മതന്നെയാണ്. അത് തിരിച്ചറിയുവാൻ ദൈവവിശ്വാസം മനുഷ്യന് ഏറ്റം അനിവാര്യമത്രേ.

ഉറവകൾ അജ്ഞാതമാണ്. കാണപ്പെടുന്ന എല്ലാത്തിന്റെയും പിന്നിൽ കാണപ്പെടാത്ത യഥാർത്ഥ്യം ഉണ്ട്. ഒരു പൂവ് വിരിയുന്നു! കുറേശ്ശെ വിരിയുന്ന കാഴ്ച കാണുവാൻ കഴിയുന്നില്ല. പക്ഷെ വിരിയുന്ന ചൈതന്യത്തിന്റെ പിന്നിൽ ഒരു തേജസിന്റെ ശക്തിയുണ്ട്. നിശബ്ദതയ്ക്കു പിന്നിൽ അല്പം ശ്രദ്ധിച്ചാൽ ശബ്ദത്തിന്റെ ശക്തി തിരിച്ചറിയാം. അന്ധകാരത്തിന്റെ പിന്നിൽ ആയിരിക്കും ഏറ്റവും വലിയ പ്രകാശം ദൃശ്യമാകുന്നത്. ചിന്തയ്ക്ക് അതീതമായതിനെക്കുറിച്ച് ധ്യാനിക്കുക. അതിനുള്ള ദിവസങ്ങൾ സമാഗതമാകുന്നു. "തന്റെ തത്വത്തെ ആരാധിക്കുവാനല്ലാതെ പരിശോധിക്കുവാനോ, ആരാഞ്ഞറിയുവാനോ ആർക്കും കഴിയുകയില്ല" ആ ക്രിസ്തുദർശനത്തെ നമുക്ക് ആരാധിക്കാം, നമുക്ക് നന്മയുടെ തീർത്ഥാടനത്തിൽ പങ്കുകാരാകാം.



# എന്റെ പൊന്നുണ്ണിയോടൊപ്പം

വെരി. റവ. ബസലേൽ റമ്പാൻ

ക്രിസ്തുമസ് ഔന്നത്യത്തിന്റെ മഹത്വവും ലാളിത്യത്തിന്റെ വെണ്മയും പ്രദാനം ചെയ്യുന്നു. അത്യുന്നതങ്ങളിലെ ദൈവമഹത്വം, ഭൂമിയിൽ സന്മനസ്സുകളെ തേടി സമാധാനവിത്തുമായി അവതരിച്ചതിന്റെ ദിവ്യ അനുസ്മരണമാണിത്. അതിശീത രാവിനെ ഊഷ്മളമാക്കിയ ദിവ്യപ്രഭ, മരവിച്ച മനസ്സുകളിൽ പ്രദാനംചെയ്യുന്ന പ്രതീക്ഷയുടെ സന്ദേശമാണ് ക്രിസ്തുമസിനെ ആഘോഷങ്ങളിൽ നിന്നും അനുഷ്ഠാന കർമ്മമാക്കി വേർതിരിക്കുന്നത്.

മങ്ങിക്കത്തുന്ന വിളക്കുകളും, കരിന്തിരി നാളങ്ങളും ശോഭ കെടുത്തിയ ഭൂഗോളത്തിലേക്കാണ് ദിവ്യ സ്നേഹത്തിന്റെ തിരികളും, എണ്ണയുമായി ഉണ്ണിയേശു അവതരിച്ചത്.ആകാശത്ത് ശോഭിച്ച ദിവ്യപ്രഭ മനുഷ്യവർഗ്ഗത്തിന് അപ്രാപ്യമായപ്പോൾ, പ്രാപ്യമായ അകലത്തിലേക്ക് കടന്നുവരുവാൻ ദൈവം തിരുമനസ്സായതിന്റെ പ്രതീകമാണ് തിരുജനനം. സത്തയിൽ പ്രഭയായവൻ കൽത്തൊട്ടിലിൽ കിടന്നപ്പോൾ, സ്രഷ്ടാവിൽനിന്ന് ഭാഗിക പ്രഭ നേടിയ നക്ഷത്രം തന്റെ വെളിച്ചത്തെ വഴി കാട്ടുന്നതിനായി വിനിയോഗിച്ചത് അത്ഭുതമല്ലല്ലോ ?

ഉണ്ണി യേശുവിന്റെ തിരുവവതാര സമയത്ത് ഒരു നക്ഷത്രം മാത്രം കൂടുതൽ ശോഭയോടെ പ്രഭ ചൊരിഞ്ഞു. ശിശുവിനെ തിരഞ്ഞു വന്നവർക്ക് വഴികാട്ടിയായി പ്രഭചൊരിഞ്ഞത് ഒരു നക്ഷത്രം മാത്രമാണ്. എല്ലാ മേഖലയിലും മുഖ്യാസനം ആഗ്രഹിക്കുന്ന 'അനേകം നക്ഷത്രങ്ങൾ' വെളിച്ചമില്ലാതെ നിലകൊള്ളുന്ന ആധുനിക യുഗത്തിൽ, അതിൽ ഒരു 'നക്ഷത്ര'ത്തിന് പോലും അരുമനാഥന്റെ അടുക്കലേക്ക് ആരെയും ആകർഷിക്കുവാൻ കഴിയുന്നില്ലെന്നത് യാഥാർത്ഥ്യമാണ്.

'കാലിത്തൊഴുത്തിൽ' ജീർണ്ണവസ്ത്രം ധരിച്ചു കിടക്കുന്ന ഉണ്ണിയേശു, പ്രപഞ്ച മനോഹാരിതയുടെ മാറ്റുകൂട്ടുന്നു. ജീർണ്ണ വസ്ത്രത്തിനു മറച്ചു പിടിക്കുവാൻ കഴിയാത്തവിധം കവിഞ്ഞൊഴുകുന്ന പ്രഭയും, ഗന്ധവും ആകർഷണീയമാണ്. കാഴ്ചക്കാരന്റെ ശ്രദ്ധ മറ്റൊന്നിലേക്കും പതറി പോകാതെ, ആ തങ്കക്കുടത്തിന്റെ ശോഭയിലേക്ക് മാത്രം ശ്രദ്ധപതിപ്പിക്കുവാൻ പ്രതികൂല സാഹചര്യങ്ങൾ വഴിയൊരുക്കി. സ്വർണ്ണ തൊട്ടിലിന്റെ മനോഹാരിതയോ, വസ്ത്രങ്ങളുടെ പകിട്ടോ ഈ ശിശുവിന് അകമ്പടി സേവിക്കുന്നില്ല . ഇവയാലലംകൃതനായ ശിശുവായിരുന്നെങ്കിൽ, സന്ദർശകരുടെ ശ്രദ്ധ ഒരുപരിധിവരെ ബാഹ്യ സാഹചര്യങ്ങളും കവർന്നെടുക്കുമായിരുന്നു.' പൊൻകുടത്തിന് പൊട്ടു വേണ്ട' എന്ന പഴഞ്ചൊല്ലു പോലെ, ബാഹ്യമോടികളുടെ പ്രസക്തിയിൽ മേനി നടിക്കേണ്ടവനല്ലല്ലോ സർവ്വശക്തൻ?

കാലാതീതനായവൻ മനുഷ്യരൂപം പൂണ്ട് 'ഉണ്ണി'യായി പുൽത്തൊട്ടിയിൽ മയങ്ങുന്നത് വർണ്ണനാതീതമായ രഹസ്യമാണ്. എല്ലാവരുടെയും രക്ഷകനും, സ്രഷ്ടാവുമായവൻ ശിശുവായി കിടക്കുന്നത് മനുഷ്യവർഗ്ഗം കരഗതമാക്കേണ്ട നിഷ്കളങ്കാവസ്ഥയുടെ മുന്നോടിയായി കണക്കാക്കണം.

'ഈ ഉണ്ണിയുടെ ചുറ്റും ദൃശ്യവും, അദൃശ്യവുമായി പറന്നിറങ്ങുന്ന മാലാഖമാരും 'ഉണ്ണി' രൂപധാരികളല്ലേ?

ഉണ്ണിയുടെ നിർമ്മലമായ മേനിയിൽ സ്പർശിക്കുവാൻ 'തഴമ്പുനിറഞ്ഞ' നമ്മുടെ കൈകളും, ദർഭമുന പോലെ തുളച്ചുകയറുന്ന ചുണ്ടുകളും മൂലം സാധിക്കുമോ?


ദൈവം നിക്ഷേപിച്ച നൈർമല്യം വെടിഞ്ഞ്, ലോകകളങ്കങ്ങളും, സ്വാർത്ഥതയും നമ്മിൽ സൃഷ്ടിച്ച 'മുതിർന്ന ഭാവം' വെടിയാതെ ഈ ശിശുവിനെ സമീപിക്കരുത്. ശാന്തമായുള്ള അവന്റെ ഉറക്കത്തിന് 'ഭൂമിയെ പിളർക്കുന്ന നമ്മുടെ ചലനങ്ങളും' 'മനസ്സ തകർക്കുന്ന കഠോരശബ്ദങ്ങളും' ഒരു പരിധിവരെ വെല്ലുവിളിയാണ്.

ഉണ്ണി മയങ്ങുന്ന പുൽത്തൊട്ടിലിനെ സൗമ്യമായി, ശാന്തമായി, സഹനതാപൂർവ്വം നമുക്ക് സമീപിക്കാം; ആ നൈർമല്യനയനങ്ങൾക്കു മുമ്പിൽ നില്പാനുള്ള യോഗ്യത ഇല്ലെങ്കിൽപോലും.......ഉണ്ണിയേശുവിന്റെ ഉറക്കം മനസ്സിലെവിടെയോ ഒരു വിസ്ഫോടനം സൃഷ്ടിക്കുന്നു. 'ഉറക്കമില്ലാത്തവൻ', സംരക്ഷകൻ എന്നൊക്കെ മനുഷ്യവർഗ്ഗം വിലയിരുത്തുന്ന ദൈവം, ശാന്തനായി ഉറങ്ങുന്നു. ഉറങ്ങുന്ന ഉണ്ണിയുടെ രൂപം വ്യക്തമാകാൻ പുൽകുടിലിനെ തന്നെ സമീപിക്കണം. ഉണ്ണിയേശുവിന് വിശ്വസിച്ചുറങ്ങുവാൻ കന്യകമറിയാമ്മിനെപ്പോലെ, ഒരു നിർമ്മല വ്യക്തിത്വം ആവശ്യമാണ്. അവന്റെ മറവിൽ ഉറങ്ങുന്നതിനൊപ്പം 'അവനുറങ്ങുവാനുള്ള താങ്ങായി' വർത്തിക്കുന്നത് ഭാഗ്യമല്ലേ? കണ്ടാലും ഞാൻ വാതിൽക്കൽ നിന്നുമുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവനോടും, അവനെ ന്നോടും കൂടെ അത്താഴം കഴിക്കും (വെളി.3:20) എന്നവൻ പലതവണ പറഞ്ഞിട്ടും, അവനായി കാത്തിരിപ്പാനും, അത്താഴം പങ്കുവെയ്ക്കാനും, വിശ്രമസ്ഥലം പങ്കിട്ടു കൊടുക്കുവാനും സാധിക്കാതെ പോയ ജീവിതാവസ്ഥ വിമർശന വിധേയമാണ്. നമ്മുടെ 'ജീവിത വഞ്ചി'യിൽ ഒന്നു മയങ്ങുവാൻ അവൻ ആഗ്രഹിക്കുമ്പോൾ, വ്യർത്ഥമായ സംശയങ്ങളും, പരാതികളുമുയർത്തി അവന്റെ ഉറക്കം നഷ്ടപ്പെടുത്തുന്നത് വിഷമകരമല്ലേ? രക്ഷകന് നമ്മളെ വിശ്വാസമുണ്ട് ; നമുക്കവനെ വിശ്വാസമുണ്ടോ?

ഉണ്ണിയേശുവിനെ ദർശിക്കുവാൻ വന്ന വിദ്വാന്മാർ പൊന്നും, മൂരും, കുന്തിരിക്കവും അവന് കാഴ്ച അർപ്പിച്ച് സംതൃപ്തരായി മടങ്ങി'. പരമ ദരിദ്രനായ' ഉണ്ണിയോട് അവർക്കൊന്നും യാചിക്കാനില്ലായിരുന്നു.... വിലയേറിയ ആഭരണം കിടപ്പിടം, ആടകൾ ആദിയായവ ദിവ്യ ശിശുവിനുണ്ടായിരുന്നുവെങ്കിൽ, തങ്ങൾക്കുള്ളതും ഇല്ലാത്തതും തമ്മിലൊരു താരതമ്യമവർ നടത്തുമായിരുന്നു. ഇവിടെ താരതമ്യത്തിന് പ്രസക്തിയില്ലല്ലോ? ശിശുവിന് ഇല്ലാത്തതെല്ലാം തങ്ങൾക്ക് ഉണ്ടായിരുന്നു എന്ന് അവർ മനസ്സിലാക്കി. ആധുനികയുഗത്തിൽ നമ്മളെ സമീപിക്കുന്നവർ നമ്മുടെ ആഡംബരവും കപടവാക്കുകളും കേട്ട് അതിൽ വിശ്വസിച്ച് 'തങ്ങൾക്കിതിനൊന്നും ഭാഗ്യമില്ലാതെ പോയല്ലോ' എന്ന് പരിതപിക്കാറില്ലേ? ഓരോ സന്ദർശനങ്ങളും പുതിയൊരു യാചനയ്ക്ക് വഴിതെളിക്കുന്ന യുഗത്തിൽ, സംതൃപ്തിയോടെ യാത്ര അയയ്ക്കുവാനും, ഉള്ളതിന്റെ ആധിക്യത്തെപ്പറ്റി പുനഃപരിശോധന നടത്തി യോഗി മനസോടെ ജീവിക്കുവാൻ പ്രേരണ നൽകുന്നതുമായ സന്ദർശനം ധ്യാനാത്മകമല്ലെ?

ഉണ്ണിയേശുവിന്റെ സാന്നിധ്യം കാലിത്തൊഴുത്തിനെ സുഗന്ധപൂരിതമാക്കി. കാലിത്തൊഴുത്തിന്റെ ദുർഗന്ധവും, ഭംഗികേടുമെല്ലാം അപ്രത്യക്ഷമായി. അവിടേക്ക് മാലാഖമാരും, വിദ്വാൻമാരും, ഇടയരുമെല്ലാം കടന്നുവന്നു.

ത്യാഗത്തിന്റെയും, വിശുദ്ധിയുടെയും പ്രതീകമായ ഈ പുൽത്തൊഴുത്തിനെ വെടിഞ്ഞ്, നാമുയർത്തിയ 'കൊട്ടാരങ്ങളിൽ' ഇനിയുമെന്തേ ഒരുണ്ണി പിറക്കുന്നില്ല? നാമമ്വേഷിച്ച ശാലകളിൽ ആ പൊന്നുണ്ണിയെ കാണാറുണ്ടോ? ദുർഗന്ധവും, മറ്റു കുറവുകളും നീക്കി നാമുയർത്തിയ ഹർമ്യങ്ങളിൽ നിന്നും എത്ര സുഗന്ധദ്രവ്യം പൂശിയിട്ടും ഇനിയും ദുർഗന്ധം അകന്നിട്ടുണ്ടോ? അവിടെ എന്തെല്ലാം ചെയ്തിട്ടും ഈച്ചകളും പുഴുക്കളും സ്വൈര്യവിഹാരം നടത്തുന്നില്ലേ? ഉണ്ണിയേശുവില്ലാത്ത, മാലാഖമാരില്ലാത്ത, ഇടയന്മാരും, വിദ്വാന്മാരുമില്ലാത്ത 'പുൽത്തൊട്ടി' നമുക്ക് ആവശ്യമുണ്ടോ?* ഹാബേൽ വധിക്കപ്പെടുകയും കായേൻ ശാപഗ്രസ്തനാവുകയും ചെയ്തപ്പോൾ ദൈവം ആദ്യ മാതാപിതാക്കൾക്ക് നൽകിയ ദാനമായ ശേത്തിന്റെ തലമുറയിലാണ് യേശു പിറന്നത്. പകരക്കാരനായി ജനിച്ചവന്റെ തലമുറയിൽ പിറന്നവൻ, സർവ്വലോകത്തിന്റെയും വിമോചനത്തിനായി പകരക്കാരനായി തന്നെത്തന്നെ ഏല്പിച്ചു കൊടുത്ത ചരിത്രമാണ്, ഈ രക്ഷകന്റെ ചിത്രത്തിലുള്ളത്. അവന്റെ മുന്നിൽ വിദ്വാന്മാരെ പോലെ ശ്രേഷ്ഠമായ കാഴ്ച്ച അർപ്പിക്കുവാനില്ലെങ്കിലും, ആരുടേയും ശ്രദ്ധയിൽ പെടാതെ, കാലിത്തൊഴുത്തിന്റെ ഒരു കോണിൽ നിന്ന് പശ്ചാത്താപപൂരിതമായ രണ്ടുതുള്ളി കണ്ണുനീരെങ്കിലും നമുക്കർപ്പിക്കാം. ആരുടേയും ദൃഷ്ടിയിൽ പെടാതെ അവൻ തൂകുന്ന മന്ദസ്മിതം ഹൃദയത്തിലേറ്റുവാങ്ങി ലോകത്തെ നോക്കി നമുക്കും പുഞ്ചിരിക്കാം..... ആ പുഞ്ചിരി ഓരോ ഹൃദയത്തിലൂടെയും സഞ്ചരിക്കട്ടെ......



# പറഞ്ഞു തീരാത്ത ദാനം

ജെയ്സ് പാപ്പച്ചൻ കുടശ്ശനാട്

ഒരു ക്രിസ്തുമസ് സന്ധ്യയിൽ അമേരിക്കയിലെ ഒരു തെരുവിലൂടെ ഒരു പിതാവും അയാളുടെ ചെറുമകനും നടക്കുകയായിരുന്നു. ഓരോ വീടിന്റെ ജനാലയ്ക്കും ഓരോ നക്ഷത്രവിളക്കുകൾ തൂക്കിയിട്ടിരിക്കുന്നതു കണ്ടു. അപൂർവ്വം വീടുകളുടെ മുമ്പിൽ ഒന്നിലധികം നക്ഷത്രവിളക്കുകൾ ഉണ്ടായിരുന്നു. ബാലൻ അപ്പച്ചനോട് ചോദിച്ചു "എന്തിനാണപ്പച്ചാ ഈ വീടുകളുടെ ജനാലയ്ക്കരികിൽ ഇങ്ങനെ നക്ഷത്രവിളക്കുകൾ തൂക്കിയിട്ടിരിക്കുന്നത്?"

അപ്പച്ചൻ മൊഴിഞ്ഞു. രാജ്യസേവനത്തിനായി ആരെങ്കിലും സൈന്യത്തിൽ ചേരാൻ ആ വീട്ടിൽ നിന്നും പോയിട്ടുണ്ട് എന്നത് സൂചിപ്പിക്കുന്നതാണ് ആ വിളക്കുകൾ. അവ ആ വീട്ടുകാരുടെ അഭിമാന ചിഹ്നങ്ങളാണ്. അവർ നടപ്പു തുടർന്നു. വർണ്ണാഭമായ നക്ഷത്രവിളക്കുകൾ അവർക്കു സന്തോഷമരുളി. കുറേദൂരം കഴിഞ്ഞപ്പോൾ അവിടെ വീടുകൾ ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ നക്ഷത്രവിളക്കുകളും. പെട്ടെന്ന് ബാലൻ ആകാശത്തിലേക്ക് വിരൽ ചൂണ്ടി. ആകാശത്തിൽ ഒരു നക്ഷത്രം പ്രകാശിച്ചുനില്പ്പുണ്ടായിരുന്നു. ബാലൻ പറഞ്ഞു, അപ്പച്ചാ നോക്കൂ ആകാശത്തും ഒരു നക്ഷത്രവിളക്ക്. ദൈവം തന്റെ പുത്രനെ അയച്ചതുകൊണ്ട് സ്വർഗ്ഗത്തിന്റെ ജനാലയ്ക്ക രുകിൽ തൂക്കിയതാണോ ആ നക്ഷത്രവിളക്ക്? പിതാവ് മകനോട് പറഞ്ഞു, അതു തന്നെ മകനെ, ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചിട്ട് ആ വാർത്ത ലോകം മുഴുവനും വിളംബരം ചെയ്യാൻ ആണ് നക്ഷത്രവിളക്ക് കൊളുത്തിയിരിക്കുന്നത്.

ദൈവം തന്റെ ഏകജാതനെ ഈ ഭൂമിയിലേക്കയച്ചു. നാം പരസ്പരം കൈമാറുന്നത് നമ്മുടെ നിക്ഷേപ ദ്രവ്യങ്ങളോ, നാണയത്തുട്ടുകളോ ആയിരിക്കാം. അത് സ്വീകരിക്കുന്നവർ ഋണബദ്ധരാകുന്നു, നന്ദി പ്രകടിപ്പിക്കുന്നു. എന്നാൽ പിതാവാം ദൈവം മാനവകുലത്തിനു നൽകിയത് തന്റെ നിക്ഷേപങ്ങളിലെ തിളങ്ങുന്ന മുത്തോ തുടിക്കുന്ന പവിഴമോ ആയിരുന്നില്ല. പിതാവ് തന്റെ ജീവന്റെ ജീവനും സർവ്വസ്വവും ആയ ഏകപുത്രനെ ലോകത്തിലേക്കയച്ചു. ഇതിനേക്കാൾ ഉപരിയായ സ്നേഹവും ദാനവും സമ്മാനവും ചരിത്രത്തിലുണ്ടായിട്ടില്ല.

## അനുമോദനങ്ങൾ



ചെങ്ങന്നൂർ ഭദ്രാസന മർത്തമറിയം സമാജം പ്രസംഗ മത്സരത്തിൽ സൂപ്പർ സീനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ശ്രീമതി കെ.ജി. സാറാമ്മ, നെല്ലിക്കോത്ത് പുത്തൻവീട്, ബുധനൂർ സെന്റ് ഏലിയാസ് ഓർത്തഡോക്സ് ഇടവകാംഗമാണ്.

# തെങ്ങു കൃഷിയിൽ നാട്ടറിവുകൾ


**പി.എ. ഐസക്, കുറ്റൂർ**

- തെങ്ങിൻ തൈ നടുമ്പോൾ കുഴിയിൽ ഒരു മഞ്ഞൾ തൈ കൂടി നട്ടാൽ ചിതലിന്റേയും പുഴുക്കളുടെയും ഉപദ്രവം ഒരു പരിധിവരെ കുറയും.
- തെങ്ങിന്റെ വെള്ളയ്ക്കാ പൊഴിച്ചിലിന് ഗോമൂത്രം പത്തിരട്ടി വെള്ളത്തിൽ നേർപ്പിച്ച് തടത്തിൽ ഒഴിച്ചു കൊടുക്കണം.
- കടുപ്പമുള്ള വെട്ടുകൽ പ്രദേശത്ത് തെങ്ങിൻ തൈകൾ നടുമ്പോൾ കുഴിയുടെ അടിയിൽ അരികിലോ കല്ലുപ്പ് ഇടുക.
- തെങ്ങിൻ തോപ്പിൽ തേനീച്ച വളർത്തിയാൽ പരാഗണത്തെ സഹായിച്ച് മെച്ചപ്പെട്ട വിളവ് ലഭിക്കും.
- കേടുവന്ന തെങ്ങിന്റെ ചുവട്ടിൽ നിന്നും ആറടി ചുറ്റളവിലും ഒരടി താഴ്ചയിലും മണ്ണ് മാറ്റി പുതുമണ്ണ് ഇട്ടുകൊടുത്താൽ കേട് മാറും.
- മരച്ചീനിയുടെ ഇലയും തൊലിയും തെങ്ങിന് വളമായി നൽകിയാൽ കാറ്റുവീഴ്ചയ്ക്കെതിരെ പ്രതിരോധ ശക്തി ലഭിക്കും.
- തെങ്ങിനുണ്ടാകുന്ന ചെന്നീരൊലിപ്പിന് വേപ്പിൻ പിണ്ണാക്ക് ധാരാളമായി ഉപയോഗിക്കുക. രാസവളം ഉപയോഗിക്കാതിരിക്കുക.
- തെങ്ങിൻ തോപ്പിൽ ഹ്രസ്വകാല ഇടവിള കൃഷി ചെയ്താൽ ഉല്പാദനം വർദ്ധിക്കും.
- തെങ്ങിൻ തോപ്പിൽ ചവർ ഇട്ടു ചുട്ടാൽ പുകയേറ്റ് ധാരാളം മച്ചിങ്ങ പിടിക്കാൻ ഇടയാകും.
- തെങ്ങിന് നല്ല സൂര്യപ്രകാശം ലഭിക്കുവാൻ സൗകര്യം ഒരുക്കണം.
- തെങ്ങ് വേനൽ കാലങ്ങളിൽ നനയ്ക്കുകയാണെങ്കിൽ രണ്ടിരട്ടിയായി വർദ്ധിക്കും.
- മഴക്കാലത്ത് കോഴിവളം തെങ്ങിന് നല്ല വളമാണ്.
- വെള്ളയ്ക്ക പൊട്ടിക്കീറുന്നുണ്ടെങ്കിൽ കാൽ കിലോ ബോറോൺ വർഷത്തിൽ രണ്ടു പ്രാവശ്യം മണ്ണിന് നനവുള്ള സമയം നൽകാം.
- ഉപ്പും ചാരവും തെങ്ങിന്റെ മണ്ടയിൽ ഇട്ടാൽ വെള്ളയ്ക്ക പൊഴിച്ചിൽ ഒരു പരിധിവരെ കുറയും.

**കടപ്പാട് : കേരള കർഷകൻ**

# അനുമോദനങ്ങൾ

**ജസ്റ്റിസ് ബഞ്ചമിൻ കോശി**



ആറാട്ടുപുഴ സെന്റ് മേരീസ് ഇടവകാംഗവും കേരളാ മനുഷ്യാവകാശ കമ്മീഷൻ മുൻ ചെയർമാനും പാട്ന ഹൈക്കോടതി മുൻ ചീഫ് ജസ്റ്റീസുമായ ജസ്റ്റിസ് ബഞ്ചമിൻ കോശി വൈ. എം.സി.എ. ദേശീയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതിൽ അനുമോദനങ്ങൾ



**പി.എം. ജേക്കബ്**

വൈ.എം.സി.എ. കേരളാ റീജിയന്റെ മിഷൻ ആന്റ് ഡവലപ്പ്മെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പി.എം. ജേക്കബ് ബഥേൽ പത്രികയുടെ മുൻ എഡിറ്ററും മെഴുവേലി ഹോളി ഇന്നസെന്റ്സ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗവുമാണ്.

## ഡോക്ടറേറ്റ് കരസ്ഥമാക്കി



കോടുകുളഞ്ഞി പ്രകാശഗിരി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽപ്പെട്ട പടിക്കത്തറമലയിൽ ഷീബാ ഭവനിൽ ശ്രീ. തോമസ് ഏബ്രഹാമിന്റെയും ഷേർളി തോമസിന്റെയും മകൾ ഷീബാ സജി (CSIR-CDRI) ദാദാ-സാഹിബ് ബീമറാവ് അംബ്ടകർ യൂണിവേഴ്സിറ്റിയിൽ നിന്നും സുവോളജിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഭർത്താവ് സജി ശാമുവേൽ (രാജീവ് ഗാന്ധി ഇൻസ്റ്റിട്യൂട്ട് ഓഫ് പെട്രോളിയം ടെക്നോളജി, അമാതി, യു.പി.



എം.ജി. സർവ്വകലാശാലയിൽ നിന്നു രസതന്ത്രത്തിൽ പി.എച്ച്.ഡി. നേടിയ ജിനി ബേബി. മാന്തളിർ സെന്റ് തോമസ് ഇടവകാംഗം. കുളനട പനങ്ങാട് തയ്യിൽ കിഴക്കേതിൽ ബേബിയുടെയും എൽസിയുടെയും മകളാണ്.



മാന്തളിർ സെ. തോമസ് ഇടവകാംഗമായ കാഞ്ഞിരമണ്ണിൽ ജിനു കോശിയുടെ ഭാര്യ ജിൻസി ജിനു മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ഹിന്ദി സാഹിത്യത്തിൽ പി.എച്ച്.ഡി. കരസ്ഥമാക്കി. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് അദ്ധ്യാപികയാണ്.



# സുവിശേഷ ദൂത്

**ഫാ. എൽവിൻ തോമസ്**

**യോസഫിനുണ്ടായ വെളിപാട് (മത്തായി 1:18-25)**
**ഡിസംബർ 16**

യേശുക്രിസ്തുവിന്റെ ജനനത്തെപ്പറ്റി വി. മത്തായിയുടെ വിവരണം ശ്രദ്ധയാകർഷിക്കുന്നതാണ്. വി. ലൂക്കോസ് ക്രിസ്തു ജനനത്തെ സംബന്ധിച്ച് മറിയാമിനെ മാത്രം വിവരിക്കുമ്പോൾ മത്തായി ശ്ലീഹ അവളുടെ ഭർത്താവായ യോസഫിന്റെ പങ്കും വിശദമാക്കുന്നു. റബ്ബീനിക് കാലഘട്ടത്തിൽ വിവാഹ പ്രായമെന്നത് ആൺകുട്ടിക്ക് 13 വയസ്സും പെൺകുട്ടിക്ക് 12 വയസ്സുമായിരുന്നു. വിവാഹ ഉടമ്പടിയും യഥാർത്ഥ വിവാഹവും തമ്മിൽ ഏറ്റവും കുറഞ്ഞത് ഒരു വർഷത്തെ ഇടവേളയെങ്കിലും ഉണ്ടാകുമായിരുന്നു. വിവാഹ ഉടമ്പടി ലംഘിക്കുന്നവർക്കുള്ള ശിക്ഷ കടുത്തതുമായിരുന്നു. (ആവ. 20:7; 22:23-27).

**1. ദൈവഹിതകരമായി തീരേണ്ട ഉദാരത**

യോസഫ് നീതിമാനായ വ്യക്തിത്വമാണെന്ന് സുവിശേഷകൻ വിവരിക്കുന്നു. നീതിമാനായ യോസഫ് തനിക്കായി വിവാഹം നിശ്ചയിക്കപ്പെട്ട മറിയാമിനെ താനിൽ നിന്നല്ലാതെ ഗർഭവതിയായതിനാൽ അവളെ രഹസ്യത്തിൽ ഉപേക്ഷിക്കുവാൻ ശ്രമിക്കുകയാണ്. മറിയാമിനെ യഹൂദമത നിയമപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ അപമാനിച്ച്, ജീവഹാനി വരുത്തുവാൻ അയാളുടെ മനസ്സ് സമ്മതിക്കുന്നില്ല. അവളെ രഹസ്യമായി ഉപേക്ഷിക്കുന്നതിലൂടെ ഉദാരതാപൂർവ്വമായ ഇടപെടലാണ് യോസഫ് ചിന്തിക്കുന്നതെങ്കിലും അത് ദൈവത്തിനു ഹിതകരമാകുന്നില്ല. ദൈവം അവനോട് "അവളെ ചേർത്തു കൊള്ളുവാൻ ശങ്കിക്കേണ്ട" (1:20) എന്നു കൽപ്പിക്കുന്നു. നാം ഏറ്റവും ഉദാരമെന്നും മഹത്തരമെന്നും ചിന്തിക്കുന്നതൊക്കെ അത്ര ഉദാരവും മഹത്തരവുമൊന്നും ആകണമെന്നില്ല. അവ ദൈവഹിതകരമാകണമെന്നുമില്ല. കാരണം ദൈവം നാം ചിന്തിക്കുന്നതിലും വലിയ കരുണയാണ്. ദൈവഹിതമന്വേഷിച്ച് ദൈവതിരുമനസ്സിന്റെ ഉദാരതയിലേക്കും ഹൃദയവിശാലതയിലേക്കും നമ്മുടെ തീരുമാനങ്ങളെ വളർത്തിയെടുക്കുമ്പോഴാണ് ദൈവ സാന്നിദ്ധ്യം നമ്മിൽ ഉരുവാകുന്നത്. ആയതിനാൽ ഏറ്റവും ഉദാരമായ നമ്മുടെ പ്രവൃത്തിപോലും ദൈവ കരുണയുടെ മുമ്പിൽ വളരെ നിസ്സാരമാകുന്നുവെന്ന് മനസ്സിലാക്കി പ്രവർത്തിക്കുക.

**2. അപസ്വരങ്ങൾ ഒഴിവാക്കുന്ന ദൈവസ്വീകാര്യത**

മറിയം ഗർഭവതിയായപ്പോൾ തന്നെ ജോസഫിന്റെ കുടുംബത്തിൽ കുടുംബജീവിതത്തിന്റെ ആണിക്കല്ലുകൾ ഇളകിയതായി കാണപ്പെടുന്നു. വിവാഹ നാളുകൾക്കു മുമ്പേ അത്തരത്തിൽ സംഭവിച്ചതിൽ അയാൾ ഏറെ ആശങ്കാകുലനായി. എന്നാൽ ദൈവവചനങ്ങൾക്കു ഹൃത്തടത്തിൽ ഇടം നൽകിയ യോസഫ് അത്തരം അപസ്വരങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത ഒഴിവാക്കി. യോസഫ് അവളെ ഉപേക്ഷിക്കുവാൻ നിനച്ചിട്ടും ചേർത്തുകൊണ്ടത് ദൈവീക അരുളപ്പാടിനെ ഹൃദയപൂർവ്വം സ്വീകരിച്ചതിനാലാണ്. ദൈവത്തെ അംഗീകരിക്കാത്തിടത്ത് അപസ്വരങ്ങൾ ഉണ്ടാകും എന്നതിൽ സംശയമില്ല യോസഫിന്റെയും മറിയാമിന്റെയും സാന്നിദ്ധ്യത്തിൽ തന്റെ പുത്രൻ വളരുവാൻ ദൈവം അവസരം ഒരുക്കുന്നു. ദൈവമൊഴിയുടെ മേൽ മറ്റുമൊഴിയില്ലാതാകുമ്പോഴുണ്ടാകുന്ന ശൂന്യതയിൽ ദൈവം നിറയുന്നു. മറിയാമിനെപ്പോലെ യോസഫും ദൈവത്തിനു വളരുവാൻ ശൂന്യതയൊരുക്കിയവനാണ്. ലൂക്കോസ് 1:24 ൽ സൂചിപ്പിക്കുന്നതുപോലെ യോസഫ് മറിയാമിനെ ചേർത്തുകൊള്ളുന്നത് ദൈവസന്ദേശത്തിന്റെ അടിസ്ഥാനത്തി ലാണ്. ദൈവത്തിനു നൽകുന്ന സ്വീകാര്യതയാണ് ജോസഫിന്റെ ജീവിതത്തിലെ അപസ്വരങ്ങളെ അകറ്റി താളം ക്രമീകരിക്കുന്നത്.

**ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായർ (യേശുവിന്റെ വംശാവലി) (മത്തായി 1:1-17) ഡിസംബർ 23**

നമ്മുടെ രക്ഷകന്റെ ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായർ - യേശു ചരിത്രത്തിന്റെ ഭാഗമാണെന്ന് വിവരിക്കുന്ന വേദഭാഗം. ദൈവപുത്രന്റെ ജനനം ആസന്നമായി എന്ന് വിളംബരം ചെയ്യപ്പെടുന്ന ഞായർ. യേശുവിന്റെ വംശാവലിയാണ് ചിന്താവിഷയഭാഗം.

**1. അബ്രഹാം മുതൽ ദാവീദ് വരെ**

വി. മത്തായി പൂർവ്വ പിതാവായ അബ്രഹാമിൽ നിന്നാണ് യേശുവിന്റെ വംശാവലി ആരംഭിക്കുന്നത്. യഹൂദ മതാനുസാരിയായി യേശു ജനിക്കപ്പെടുമ്പോൾ അവൻ അബ്രഹാമിന്റെ സന്തതി എന്നവണ്ണം ചരിത്രം രചിക്കുകയാണ് സുവിശേഷകൻ. അബ്രഹാം പിതാവ് മുതൽ നാം കാണുന്നത് ദൈവം ഒരു ജനക്കൂട്ടത്തെ തനിക്കു 'ഉപകരണമാക്കി' തീർക്കുന്ന സംഗതിയാണ്. "ദൈവത്തിന്റെ ജനം" എന്ന് പേർ വിളിച്ചവനോടുള്ള വിശ്വാസത്തിൽ ഊട്ടിയുറപ്പിച്ചു യാത്രകളെ പൂർത്തീകരിക്കുന്നു. ഈ കാലഘട്ടത്തിൽ നിരന്തരം യാത്രകളാണ് കാണുവാൻ കഴിയുന്നത്. ഈ യാത്രയിലെല്ലാം ദൈവത്തിന്റെ അദൃശ്യ സാന്നിദ്ധ്യം പ്രകടമാണ്. അബ്രഹാമിന്റെ യാത്ര. യാക്കോബിന്റെ, യോസഫിന്റെ, ഇസ്രയേൽ ജനത്തിന്റെ യാത്രകളൊക്കെ ചില ഉദാഹരണങ്ങൾ മാത്രമാണ്. ഒന്നുമില്ലായ്മയിൽ നിന്നും 'യിസ്രയേൽ' ഒരു ഉറച്ച രാജ്യമായി മാറുന്ന കാഴ്ചയാണ്. അബ്രഹാം മുതൽ ദാവീദ് വരെയുള്ള ചരിത്രം. ദൈവം വഴി നടത്തും എന്ന വിശ്വാസമാണ് അവരുടെ കൈമുതൽ.

**2. ദാവീദ് മുതൽ ബാബേൽ പ്രവാസകാലം വരെ**

യിസ്രയേലിന്റെ രാജത്വം ഉറയ്ക്കുന്നത് ദാവീദ് രാജാവിന്റെ ഭരണകാലത്താണല്ലോ. ദാവീദിന്റെ കാലത്ത് യരുശലേം ദൈവപട്ടണമായും രാജപട്ടണമായും പരിണമിക്കുന്നു. യരുശലേമിനു താരപദവി കൈവരുന്നു. എന്നാൽ ദൈവചൈതന്യം നഷ്ടപ്പെടുത്തുന്ന ജീവിതരീതികൾ നടമാടുന്നു എന്നതാണ് പ്രധാനമായും ഇക്കാലയളവിന്റെ വെല്ലുവിളി. രാജ്യം പിളർക്കുന്നു, രാജാക്കന്മാരും ജനവും ദൈവത്തിൽ നിന്നുമകലുന്നു. ദൈവകോപം പ്രവാസമെന്ന ശിക്ഷയിലേക്കു യിസ്രായേലിനെ തള്ളിവിടുന്നു. ലഭിച്ച അനുഗ്രഹത്തിൽ മതിമറന്നു മാർഗ്ഗഭ്രംശം സംഭവിക്കുന്ന രീതിയാണ് ഇക്കാലയളവ് നൽകുന്ന സൂചന. അഹന്തമൂലം ഒരു ജനതയുടെ ഭാഷ കലക്കി അവരെ ഛിന്നഭിന്നമാക്കിയ ബാബേൽ ചരിത്രം ഉൽപത്തി 11:1-9 ചൂണ്ടിക്കാണിക്കുന്നു. ശക്തമായ അടിത്തറയുള്ള രാജ്യം എന്ന അഹന്ത, അധികാരികളുടെ ഭരണ ദുർവിനിയോഗം, ജനത്തിന്റെ സന്മാർഗ്ഗഭ്രംശം എന്നിവയാണ് ബാബേൽ പ്രവാസത്തിലേക്കു ദാവീദ് രാജാവിന്റെ അനന്തര തലമുറയെ തള്ളിവിടുന്നത്.

**3. ബാബേൽ പ്രവാസം മുതൽ ക്രിസ്തു വരെ**

കിനാവുകാണാൻ പറ്റാത്ത ഭാഗ്യങ്ങളിലേക്കുള്ള സഞ്ചാരമാണ് ഈ കാലഘട്ടം. പരാജയത്തിന്റെ പടുകുഴിയിൽ നിന്നും വിജയത്തിന്റെ സോപാനമേന്തുവാനുള്ള സാധ്യത തുറന്ന ജൈത്ര യാത്ര. ബാബേൽ പ്രവാസമെന്ന കണ്ണീരിന്റെ കൈപ്പോർമ്മയിൽ നിന്നാണ് ഒരു ജനസമൂഹം കരകയറുന്നത്. രക്ഷകന് വേണ്ടിയുള്ള പ്രതീക്ഷയിൽ അബ്രഹാമിനു ലഭിച്ച വാഗ്ദത്തം, ദാവീദിന്റെ സിംഹാസന പിന്തുടർച്ച ഇവയൊക്കെ കരഗതമാകുന്നത് ക്രിസ്തുവിന്റെ ചരിത്ര നിമിഷങ്ങളിലാണ്. ഇക്കാലയളവിൽ സംസാരിക്കുന്നതത്രെയും പ്രവാചകന്മാരാണ്. വലുതും ചെറുതുമായ പ്രവചനം നടത്തി ദൈവത്തിങ്കലേക്കു നടത്തിയവർ. ജീവിതയോട്ടത്തിൽ എന്തെല്ലാം നേടി എന്നു അബ്രഹാം, ദാവീദ് കാലം പഠിപ്പിക്കുമ്പോൾ, എന്തെല്ലാം നഷ്ടപ്പെട്ടു എന്ന് ദാവീദ് - ബാബേൽ കാലം പഠിപ്പിക്കുന്നു. ബാബേൽ -ക്രിസ്തു കാലം എങ്ങനെ നന്മയിലേക്കു വളരണം എന്ന ബോധമാണ് പകരുന്നത്. രക്ഷകനെ സ്വീകരിക്കുവാൻ പ്രവാചകന്മാർ പഠിപ്പിക്കുന്ന ഒരുക്കങ്ങൾ കൈവരിച്ച് യോസഫിനെയും മറിയാമിനെപ്പോലെ യേശുവിനെ മനതാരിൽ സ്വീകരിക്കുവാൻ ഇടയാക്കണം.

**ജനനപ്പെരുന്നാളിനു ശേഷമുള്ള ഒന്നാം ഞായർ (ലൂക്കോസ് 2:40-52) ഡിസംബർ 30**

യേശുവിന്റെ വളർച്ചയുടെ നാളുകളെപ്പറ്റിയുള്ള പരാമർശമാണ് പ്രസ്തുത വേദഭാഗം. യേശുവിന് പന്ത്രണ്ട് വയസ്സുള്ളപ്പോൾ നടന്ന ഒരു സംഭവമാണ് വി. ലൂക്കോസ് ചൂണ്ടിക്കാണിക്കുന്നത്. യേശുവിന് തന്നെക്കുറിച്ചുള്ള വ്യക്തമായ തിരിച്ചറിവ്, നസ്രെത്തിലെ പിതാവിനെയും മാതാവിനെക്കാൾ സ്വർഗ്ഗീയ പിതാവിന്റെ കാര്യങ്ങൾ നിർവ്വഹിക്കുന്നതാണ് തന്റെ ദൗത്യമെന്ന് കാട്ടിത്തരുന്നു.

**1. നസ്രെത്തിൽ വളർന്ന നന്മ**

യേശുവിന് പന്ത്രണ്ട് വയസ്സുള്ളപ്പോൾ അവനെയും കൊണ്ട് തന്റെ മാതാപിതാക്കൾ യരുശലേം ദേവാലയത്തിൽ പെസഹാ ആചരിക്കുവാൻ പോയ വിവരണമാണ് സുവിശേഷകൻ പങ്കുവെയ്ക്കുന്നത്. നസ്രെത്ത് എന്ന പട്ടണം ശ്രദ്ധയാകർഷിക്കാത്ത, തിരസ്ക്കരിക്കപ്പെട്ട ഒരു ഇടമായിരുന്നു (യോഹ. 1:46). അത്തരം ഇടത്തിലാണ് ക്രിസ്തു വളർന്നു വരുന്നത്. "പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു പോന്നു; ദൈവകൃപയും അവന്റെ മേൽ ഉണ്ടായിരുന്നു" (2:40). യേശുവിന് രണ്ട് തരത്തിലുള്ള രക്ഷകർത്തൃത്വം സമജ്ഞസമായി സമ്മേളിക്കുകയാണ്. ഒന്നു ദൈവത്തിന്റെയും, മറ്റൊന്ന് അവന്റെ മാതാപിതാക്കളായ ജോസഫ്-മറിയം ദമ്പതികളുടെയും മാലാഖ അരുളി ചെയ്തതുപോലെ അവനെ വളർത്തുവാൻ തന്റെ മാതാപിതാക്കൾക്കു കഴിഞ്ഞു. അവർ അവനെയും

കൊണ്ട് ആണ്ടുതോറുമുള്ള പെരുന്നാളിൽ മുടക്കം കൂടാതെ പങ്കെടുത്തിരുന്നു. യരുശലേമിലെ സംഭവത്തിനുശേഷം യേശു വീണ്ടും നസ്രെത്തിൽ വന്നു തന്റെ മാതാപിതാക്കൾക്കു കീഴടങ്ങിയിരുന്നു (2:51). ചുരുക്കത്തിൽ പ്രതീക്ഷകളുടെ ഊഷര ഭൂമികയിൽ നിന്നാണ് രക്ഷയുടെ നാഥനെ നന്മയിൽ വളർത്താൻ അക്ഷീണം യത്നിച്ച് മാതാപിതാക്കൾ ഒരുത്തമ മാതൃകയാണ്. മത്സരിക്കാൻ മാത്രം പഠിപ്പിക്കുന്ന ഇന്നത്തെ രക്ഷകർത്തൃ പ്രവണതകൾക്കു ഒരു ബദലാണത്.

**2. വാഗ്ദാനത്തോടു കൂടിയ പ്രഥമ കൽപന**

വാഗ്ദാനത്തോടു കൂടിയ പ്രഥമ കല്പന എന്ന കുറിപ്പോടെ പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നത് ഇങ്ങനെയാണ് - "മക്കളെ നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ" (എബ്രാ. 6:1). യേശുവും തന്റെ മാതാപിതാക്കളുമായിട്ടുള്ള സഹകരണം ഏറെ ശ്രദ്ധേയമാണ്. താൻ തന്റെ മാതാപിതാക്കളുമായി അസ്തിത്വത്തിൽ വ്യതിരിക്തനാണെന്ന അഹന്തയോ, താൻ അവരെക്കാൾ ആശയത്തിൽ സമ്പന്നനാണെന്ന ഭാവമോ ലവലേശമില്ലാതെ യേശു വർത്തിക്കുന്നു. ലോകം പാലിക്കേണ്ട ഓരോന്നിലും അവൻ മാതൃകയാകുന്നു. അറിവിലും, ആശയസമ്പർക്കങ്ങളിലും ജനറേഷൻ ഗ്യാപ് എന്ന വിള്ളൽ സൃഷ്ടിക്കുന്ന ഇന്നത്തെ കാലത്തിനും ഒരു തിരിച്ചടിയാണ് യേശുവിന്റെ മാതൃക. ഉള്ളുകൊണ്ട് മാതാപിതാക്കൾക്കു കീഴടങ്ങിയിരിക്കുന്ന ഉത്തമ രീതിയാണ് യേശു കാട്ടുന്നത് (2:51). മാതാപിതാക്കളുടെ പരിപാലനയിൽ വേരുകൾ ആഴത്തിലിറങ്ങിയ വൃക്ഷം പോലെ അവൻ വളർന്ന് വിശാലമാകുന്നു.

**3. ഹൃദയത്തിൽ സംഗ്രഹിക്കേണ്ട വിശ്വാസം**

മറിയാമിനെപ്പറ്റി വി. ലൂക്കോസ് സുവിശേഷകൻ നൽകുന്ന കുറിപ്പാണിത്. "(അവൾ) ഹൃദയത്തിൽ സംഗ്രഹിച്ചു" (1:19, 2:51). ഒരു വിശ്വാസിയുടെ പൂർണ്ണഭാവമാണ് മറിയാമിൽ കുടികൊള്ളുന്നത്. മാലാഖ തന്നോട് അരുളി ചെയ്ത നിമിഷം മുതൽ എല്ലാ കാര്യങ്ങളും അവൾക്കു പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ല. എന്തും യുക്തിയുടെ അളവുകോൽ കൊണ്ട് അളക്കുവാനും ശ്രമിച്ചില്ല. കുറച്ചൊക്കെ മനസ്സിലായി. തീർത്തും മനസ്സിലാകാത്തവയൊക്കെ ഹൃദയത്തിൽ സംഗ്രഹിച്ചു. ഹൃദയത്തിലെ നിക്ഷേപവും വായയുടെ പ്രസ്താവനയുമൊക്കെ സൂചിപ്പിക്കപ്പെടുമ്പോൾ (6:45) ഓർക്കേണ്ടത് മറിയം പ്രസ്താവിക്കുന്നതൊക്കെ അവനിലുള്ള യഥാർത്ഥ വിശ്വാസത്തോടെയായിരുന്നു (യോഹ. 2:5). മറിയാമിന്റെ വിശ്വാസത്തെപ്പറ്റി ഒന്നുകൂടി വ്യക്തമാക്കിയാൽ അത് ഇത്തരത്തിലാകും. വിതക്കാരന്റെ ഉപമയിൽ പറയുന്നതുപോലെ വചനം കേട്ട് ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ച് ക്ഷമയോടെ ഫലം കൊടുക്കുന്നവരെപ്പോലെയാണത് (8:15).

**4. ജനനപ്പെരുന്നാളിനു ശേഷമുള്ള രണ്ടാം ഞായർ (മത്തായി 2:19-23) ജനുവരി 6**

ദൂതന്റെ അരുളപ്പാട് അനുസരിച്ച് യോസഫ് ശിശുവായ യേശുവിനെയും അമ്മയെയും സംരക്ഷിച്ച് നസ്രെത്തിൽ വന്നു പാർക്കുന്നതാണ് ഈ വേദഭാഗത്തിന്റെ ഇതിവൃത്തം.

**1. അലസത ലേശം ബാധിക്കാത്ത യോസഫ്**

മറിയവുമായി കുടുംബജീവിതം ആരംഭിക്കാമെന്ന് തീരുമാനിച്ചപ്പോൾ, തുടങ്ങുന്ന അലച്ചിലാണ്. യോസഫിനു ശിശുവായ യേശുവിനെയും മറിയാമിനെയും കൊണ്ടുള്ള അദ്ദേഹത്തിന്റെ പാഞ്ഞോട്ടങ്ങൾക്കു അറുതിയില്ല. മിസ്രയീമിലേക്കും യിസ്രയേലിലേക്കും നസ്രേത്തിലേക്കുമൊക്കെ തലങ്ങും വിലങ്ങും ഓട്ടമാണ്. അതും രാപകൽ വ്യത്യാസം കൂടാതെ അത്തരം ക്ലേശങ്ങളിലും സ്വന്തം ക്ഷീണം വകവയ്ക്കാതെ യേശുവിനെയും മറിയാമിനെയും രക്ഷിക്കുവാനുള്ള ഓട്ടത്തിനും വേഗത കൂട്ടുകയും ഒടുവിൽ നസ്രെത്ത് എന്ന പട്ടണത്തിൽ വന്നു പാർക്കുകയും ചെയ്യുന്നു. യോസഫിന്റെ യാത്രകൾ ഉറക്കത്തിൽ നിന്നു ഉണർന്നെഴുന്നേറ്റ് മാത്രമല്ല. ക്ഷീണത്തിൽ നിന്നും, അനാരോഗ്യത്തിൽ നിന്നൊക്കെയാണെന്ന് മൂലഭാഷ പദസൂചികകൾ വ്യക്തമാക്കുന്നു. തന്റെ ക്ഷീണപ്രയാസങ്ങളിലൊന്നും അലസത കൂടാതെയുള്ള യോസഫിന്റെ ഓട്ടമാണ് (മത്തായി 2:14, 21) രക്ഷയുടെ സംസ്ഥാപനത്തിനു മുഖാന്തരമാകുന്നത് എന്നത് തുടർവേദഭാഗങ്ങൾ മനസ്സിലാക്കിത്തരും.

**2. ഭീകരതയിൽ നിന്നും പാലിക്കേണ്ട അകലം**

ശിശുവായ യേശുവിനെ സംരക്ഷിക്കുവാൻ യോസഫ് ചിലതിൽ നിന്നുമൊക്കെ കൃത്യമായ അകലം പാലിക്കുന്നു. ഹെരോദാവ്, അർക്കലയോസ്, യഹൂദ്യ എന്നിവയൊക്കെ അതിനുദാഹരണമാണ്. ശിശു സുരക്ഷിതനായിരിക്കുവാൻ ഈ അകലം പാലിച്ചേ മതിയാവൂ. യോസഫ് അത് അണുവിടവില്ലാതെ പാലിക്കുന്നു. ശിശുവിന്റെ വളർച്ചയുടെ ഘട്ടത്തിൽ പോലും യോസഫ് ഈ അകലം പാലിക്കുന്നതിൽ ജാഗരൂകനായിരുന്നു. അതിനാലാകാം പെരുന്നാൾ തിരക്ക് കഴിഞ്ഞിട്ടും യരുശലേമിൽ തങ്ങുന്ന യേശുവിനെപ്പറ്റി അദ്ദേഹം അതീവ ഉത്കണ്ഠാകുലനാകുന്നത് (ലൂക്കോസ് 2:48). പെരുന്നാൾ തിരക്ക് കഴിയുമ്പോൾ അവനെ ആരെങ്കിലും തിരിച്ചറിഞ്ഞ് ആക്രമിക്കുമോ എന്ന ആശങ്ക അദ്ദേഹത്തെ ഭരിച്ചിരുന്നു എന്നു അനുമാനിക്കാം. തലമുറകൾക്കു തിന്മയായി ഭവിക്കുന്ന എന്തിൽ നിന്നും സോഷ്യൽ മീഡിയ അതിപ്രസരം, ലഹരി, സ്വഭാവ വൈകൃത്യം അകലം പാലിക്കുന്ന രക്ഷകർത്തൃത്വം യോസഫ് നൽകുന്ന മികച്ച സന്ദേശമാണ്.

# എഫേഥാ 12

1. നല്ല തണൽ ഉണ്ടെന്ന യോനാ പ്രവാചകൻ പറഞ്ഞിരിക്കുന്ന വൃക്ഷം ?
2. വേദ പുസ്തകത്തിലെ ഏറ്റവും ദൈർഘ്യമേറിയ പേര് ?
3. ലേഖനങ്ങളുടെ രാജ്ഞി എന്നറിയപ്പെടുന്നത് ?
4. നേർച്ചയുടെ ഫലമായി സ്വന്തം മകളെ ബലി കഴിക്കേണ്ടി വന്ന പഴയ നിയമ ന്യായാധിപൻ ?
5. ദൈവത്തെ കണ്ടതിനാൽ ഞാൻ മരിക്കേണ്ടി വരുമല്ലോ എന്ന് ഭയപ്പെട്ട പഴയനിയമ വ്യക്തിത്വം ?
6. ഫീലിപ്പോസ് സംശയനിവാരണം വരുത്തി കൊടുത്ത എത്യോപ്യൻ രാജ്ഞി?
7. വിജാതീയ ശതാധിപനായ കൊർന്നല്യോസ് പാർത്ത പട്ടണം ?
8. കേരളത്തിലെ ക്രിസ്ത്യാനികളുമായി ബന്ധപ്പെട്ടുള്ള പൗരാണിക രാജവംശം ?
9. ദനഹാ പെരുനാളിനോട് ചേർന്ന് ക്രിസ്തുമസ് ആഘോഷിക്കുന്ന ക്രൈസ്തവ സഭ ഏത് ? എന്ന്?
10. പരി. പരുമല തിരുമേനിയെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തിയത് എത്രാം വയസ്സിൽ ? എവിടെ വെച്ച്?
11. പരി. പരുമല തിരുമേനിയോടൊപ്പം മലങ്കര സഭ പരിശുദ്ധനായി പ്രഖ്യാപിച്ച പിതാവ് ആര്? എവിടെ കബറടങ്ങിയിരിക്കുന്നു?
12. വാഗൺ ട്രാജഡി മെമ്മോറിയൽ സ്ഥിതി ചെയ്യുന്നതെവിടെ ?
13. രാജ്യസഭയുടെ ഡപ്യൂട്ടി ചെയർമാനായ ആദ്യ മലയാളി ആര് ?
14. സൂര്യപ്രകാശം ഭൂമിയിലെത്താൻ എടുക്കുന്ന സമയം ?
15. ചേരമ മഹാജനസഭ സ്ഥാപിച്ചത് ?

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി**
**ജനുവരി 07**

അയയ്ക്കേണ്ട വിലാസം
ചീഫ് എഡിറ്റർ, ബഥേൽ പത്രിക, പി.ബി. നമ്പർ 38,
ബഥേൽ അരമന, ചെങ്ങന്നൂർ

## എഫേഥാ 11 ഉത്തരങ്ങൾ

1. കൽക്കത്ത, 2. തമിഴ്, 3. നിയമത്തള്ള പാത്രിയർക്കീസ്, 4. ഫറവോനെ (എസക്കി. 29:3), 5. ലേവ്യ 19:26 - 27, 6. എഫ്രാത്ത്യ, 7. ഗദ്യ (1 ശമു 17:4), 8. 49, 9. സഖറിയാസ് മാർ തെയോഫിലോസ് (തടാകം), 10. ദനഹായ്ക്കു ശേഷമുള്ള 4 - ാം ഞായർ, 11. വേണാട് രാജാവ് - അയ്യനടികൾ തിരുവടികൾ (849), മരുവാൻ സഫീർ ഈശോ (മാർ സബർ ഈശോ), 12. വചനിപ്പ്, 13. നെഹൂഷ്ഠാൻ, 14. മീഖാ (7:1), 15. ജാസ്മിൻ ഡെയ്സ്,

## എഫേഥാ 11 ശരിയുത്തരം അയച്ചുതന്നവർ

1. സോഫിയാ രാജൻ മാന്തളിർ, 2. സുമാ കുര്യാക്കോസ്, ഓതറ, 3. ഓമന വി. കോശി, പുത്തൻകാവ്, 4. ആനി ജോൺസൺ, കൂർത്തമല, 5. ഷേർളി പ്രസാദ്, ഇടവങ്കാട്, 6. ചിഞ്ചു മറിയം സണ്ണി, കുരമ്പാല, 7. അന്നമ്മ വർഗ്ഗീസ്, മുളക്കുഴ, 8. സാലി തോമസ്, കുടശ്ശനാട്, 9. സൂസൻ സാം, കുരമ്പാല, 10. സോഫി രാജു, വള്ളംകുളം, 11. സൂസമ്മ മാനു, വള്ളംകുളം, 12. തങ്കച്ചൻ തോമസ്, കുടശ്ശനാട്, 13. ശോഭ ബ്ലസ്സൻ, പടനിലം, 14. ഡോ. എലിസബേത്ത് തോമസ്, കുട്ടംപേരൂർ, 15. സിസി ബേബി, കുട്ടംപേരൂർ, 16. അന്നമ്മ ജോർജ്ജ്, കുട്ടംപേരൂർ, 17. ബേബി ഉമ്മൻ, കുട്ടംപേരൂർ

**സമ്മാനാർഹ**
**സോഫിയാ രാജൻ മാന്തളിർ**

## മർത്തമറിയം സമാജം ഭദ്രാസന മത്സര വിജയികൾ

| | |
|---|---|
| **പ്രസംഗം - ജൂനിയർ :** | ബ്ലസ്സി വർഗ്ഗീസ്, ബഥേൽ മാർ ഗ്രീഗോറിയോസ് ചർച്ച്, ചെങ്ങന്നൂർ 1st |
| | ബീനാ ജിജു സെന്റ് ജോർജ്ജ് ചർച്ച്, തിരുവൻവണ്ടൂർ 2nd |
| **സീനിയർ** | മോളി ജോർജ്ജ്, സെന്റ് സ്റ്റീഫൻസ്, കുടശ്ശനാട് 1st |
| | സൂസൻ ബാബു, സെന്റ് സ്റ്റീഫൻസ്, കുടശ്ശനാട് 2nd |
| **സൂപ്പർ സീനിയർ** | കെ.ജി. സാറാമ്മ, സെന്റ് ഏലിയാസ് ചർച്ച്, ബുധനൂർ 1st |
| | വത്സമ്മ ചാക്കോ, മാർ ഗ്രീഗോറിയോസ് ചർച്ച്, തോട്ടപ്പുഴ 2nd |
| **ബൈബിൾ വായന - ജൂനിയർ** | ചിഞ്ചു മറിയം സണ്ണി, സെന്റ് തോമസ്, കുരമ്പാല 1st |
| | സിനു ബിനു, പ്രകാശഗിരി സെന്റ് മേരീസ് ചർച്ച്, കോടുകുളഞ്ഞി 2nd |
| **സീനിയർ** | ലില്ലി ശമുവേൽ, സെന്റ് ജോർജ്ജ്, പൂഴിക്കാട് 1st |
| | സിസ്സി ബേബി, സെന്റ് മേരീസ് കുട്ടംപേരൂർ 2nd |
| **സൂപ്പർ സീനിയർ** | വത്സമ്മ ചാക്കോ, മാർ ഗ്രീഗോറിയോസ് ചർച്ച്, തോട്ടപ്പുഴ 1st |
| | ചിന്നമ്മ ജോർജ്ജ്, സെന്റ് മേരീസ്, കൂർത്തമല 2nd |

വചനപത്രിക

# ക്രിസ്തുമസ്സ് ലാളിത്യത്തിന്റെ മൂർത്തീഭാവം

ഫാ. തോമസ് വർഗ്ഗീസ് കടവിൽ




അരക്ഷിതാവസ്ഥയിൽ അസ്വാതന്ത്ര്യത്തിന്റെ കയ്പുനീർ കുടിച്ച് മശിഹായുടെ വരവിനായ് കാത്തിരുന്ന ഒരു ജനതയ്ക്ക് പ്രതീക്ഷയുടെ പൊൻകിരണമായ് വന്നണഞ്ഞ ദിവ്യസൗഭാഗ്യമാണ് യേശുവിന്റെ തിരുപ്പിറവി. താൻ സൃഷ്ടിച്ച മനുഷ്യൻ പാപത്തിന്റെ നാശകരമായ കുഴിയിൽ വീണുപോയപ്പോൾ അവരെ വീണ്ടെടുപ്പാൻ ദൈവം മനുഷ്യനായി അവതരിച്ച സംഭവമാണ് ക്രിസ്തുമസ്. "God became human that human may become divine". "" യേശുവിനെ ദൈവം ലോകത്തിലേക്ക് അയച്ചത് കുടിലുകൾക്കിടയിൽ വലിയ ദേവാലയങ്ങൾ പണിയാൻ അല്ലാ. പിന്നെയോ ഹൃദയത്തെ ദേവാലയമാക്കുവാനും ആത്മാവിനെ ബലിപീഠമാക്കുവാനും മനസ്സിനെ പുരോഹിതൻ ആക്കുവാനുമാണ്." ഖലീൽ ജിബ്രാൻ.

**1. ക്രിസ്തുമസ് ദൈവകൃപയുടെ ഉത്സവമാണ്. (Festival of Grace)**

വചനം ജഡമായി തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. (യോഹ. 1:4) "പാർത്തു" എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം കൂടാരമടിച്ചു എന്നാണ് (Tabernacled) യഹൂദന്മാർക്ക് സമാഗമന കൂടാരത്തിൽ ലഭിച്ച ദൈവസാന്നിദ്ധ്യം മനുഷ്യാവതാരത്തിലൂടെ ദൈവം നമ്മോടുകൂടെ ആയിരിക്കുന്ന ഇമ്മാനുവേൽ ആയി മാറി. നമ്മുടെ കർത്താവ് സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ (2 കൊരി. 8:9) അവൻ നമ്മോടുകൂടി പാർക്കുമ്പോൾ നമ്മുടെ വേദനകളിലും പ്രശ്നങ്ങളിലും ഏകീഭവിക്കുന്നു. നമ്മെ രൂപാന്തരപ്പെടുത്തുകയും നമ്മെ കൂടുതൽ പ്രയോജനമുള്ളവരാക്കിത്തീർക്കുകയും ചെയ്യുന്നു. ഈ ദൈവാനുഭവം ഏകാന്തതയിലും ദുഃഖത്തിലും സംഘർഷത്തിലും ഇരിക്കുന്നവർക്ക് പങ്കിടാൻ

നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്. ചുങ്കക്കാർക്കും പാപികൾക്കും സമൂഹത്തിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടവർക്കും സഖിത്വം നൽകിയ യേശുവിന്റെ സാക്ഷികളാകുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. നാം ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ ആഘോഷത്തിന്റെ നായകൻ എവിടെ? സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്. ക്രിസ്തു നമ്മിൽ മനുഷ്യജന്മം എടുത്തെങ്കിലേ ദൈവകൃപയുടെ ഉത്സവം അർത്ഥവത്താകൂ. നമ്മിലും നമ്മോടുകൂടെയും പാർക്കുന്ന ദൈവത്തിന്റെ തേജസ്സ് ലോകം അറിയുള്ളു.

**2. ക്രിസ്തുമസ് ജീവന്റെ ഉത്സവമാണ്. (Festival of Life)**

അവനിൽ ജീവൻ ഉണ്ടായിരുന്നു. (യോഹ. 1:4) യഥാർത്ഥ പരിഭാഷ അവനിൽ സംഭവിച്ചത് ജീവനായിരുന്നു എന്നാണ്. പിതാവു പുത്രനുമായി പങ്കുവയ്ക്കുന്ന ഈ ജീവൻ നൽകുവാനാണ് പുത്രൻ മനുഷ്യനായത്. (1 യോഹ. 5:11) എന്താണ് ജീവന്റെ ലക്ഷണം? ജോൺ വിടെയ്‌ലർ തന്റെ "Weep not for me" എന്ന പുസ്തകത്തിൽ എഴുതി. മറ്റുള്ളവർ ശ്രദ്ധിക്കാത്ത നിന്നെ ശ്രദ്ധിക്കുന്നതും സാധാരണ കാര്യങ്ങളിൽ അസാധാരണത്വം ദർശിക്കുന്നതും നൂതനമായ സത്യത്തെ സചേതനമായി മനസ്സിലാക്കുന്നതും പ്രതികരിക്കുന്നതും ഒക്കെയാണ് ജീവന്റെ ലക്ഷ്യം. ആൾക്കൂട്ടത്തിന്റെ മദ്ധ്യത്തിൽ നടക്കുമ്പോഴും യേശു കാട്ടത്തിമരത്തിൽ ഇരിക്കുന്ന സക്കായിയെ കാണുന്നതും അവന്റെ ജീവിതത്തിൽ പ്രവേശിക്കുന്നതും മുപ്പത്തിയെട്ടാണ്ടു ബെഥ്സ്താ കുളക്കരയിൽ കിടന്ന രോഗിയെ കണ്ടു സൗഖ്യമാക്കിയതും ആൾക്കൂട്ടത്തിന്റെ തിരക്കിലും തന്റെ വസ്ത്രത്തിൽ തൊട്ട രക്തസ്രാവക്കാരി സ്ത്രീയെ സൗഖ്യമാക്കിയതും ക്രൂശിൽ മരണവേദന സഹിക്കുമ്പോഴും കള്ളന് നിത്യജീവൻ നൽകുന്നതും ക്രിസ്തുവിലുള്ള സമൃദ്ധമായ ജീവന്റെ ലക്ഷണമാണ്. മനുഷ്യനിൽ യേശു ജന്മം എടുത്തെങ്കിലേ ചുറ്റുപാടുകളിലെ പ്രശ്നങ്ങൾ കാണുന്നതിനും നിലവിളി കേൾക്കുന്നതിനും പ്രതികരിക്കുന്നതിനുമുള്ള ജീവൻ ലഭിക്കുകയുള്ളു.

അതിനാൽ നമ്മുടെ വാക്ക്, ഒരു നോട്ടം, ഒരു സ്പർശം ഇതിനൊക്കെ മറ്റുള്ളവരിൽ അത്ഭുതമുളവാക്കുന്ന ജീവൻ നൽകുവാൻ കഴിവുണ്ട്, അപ്രകാരം അവന്റെ മഹത്വം ദർശിച്ച് മറ്റുള്ളവർക്ക് ജീവനും പ്രതീക്ഷയും പ്രത്യാശയും നൽകുവാൻ ഈ ക്രിസ്തുമസ്സ് സംഗതിയാകട്ടെ.



ഇസ്രായേൽടെക്നോളജി $H_2O$ഉപയോഗിച്ച് ബഥേൽ അരമനയിൽ പ്രവർത്തനമാരംഭിച്ച ജീവജലസങ്കേതം അഭി. തീമോത്തിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.

## ഭദ്രാസന പൊതുയോഗം വിവിധ ദൃശ്യങ്ങൾ









**സ്പന്ദനം**

പ്രൊഫ. തോമസ് വറുഗീസ് വള്ളംകുളം

# മാറ്റുന്ന ചട്ടങ്ങളും മാറുന്ന ലോക സങ്കല്പങ്ങളും

മൂലത്തോട് (വേരിനോട്) ബന്ധപ്പെട്ടവയാണ് മൂല്യങ്ങൾ. കുടുംബഭദ്രതയും വിശുദ്ധിയും നസ്രാണിയുടെ ജീവിതമൂല്യങ്ങളാണ്. ദാമ്പത്യ ജീവിതത്തിന്റെ പവിത്രതയും കുടുംബബന്ധത്തിന്റെ കെട്ടുറപ്പും നിലനിർത്തുന്നതിന് സഹായകമായ രണ്ടു വകുപ്പുകൾ (ഐ.പി.സി. 497, സി.ആർ.പി.സി. 198 (2)) ഭരണഘടനയിൽ നിന്ന് നീക്കം ചെയ്ത സുപ്രീം കോടതിയുടെ ചരിത്രവിധി മതപരമായ ധാർമ്മീക സങ്കല്പങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന സാഹചര്യമാണ്. സാമൂഹ്യമായ കാഴ്ച്ചപ്പാടുകളെ തരംതാഴ്ത്തി വ്യക്തിയുടെ അവകാശവും തുല്യതയും സ്വകാര്യതയും സംരക്ഷിക്കുവാനെന്ന പ്രത്യക്ഷകാരണങ്ങൾക്ക് ഊന്നൽ നൽകുന്ന പുതിയ സംസ്കാരം ലൈംഗീക അതിക്രമങ്ങൾക്കും അരാജകത്വത്തിനും വഴിമരുന്നിടുന്നതിന് കാരണമാകും? കുടുംബ ബന്ധങ്ങളെ സംരക്ഷിക്കാനോ തകർക്കാനോ പുതിയ പരിഷ്ക്കാരം ഇന്ത്യ ഉൾപ്പെടെയുള്ള മുൻ ബ്രിട്ടീഷ് കോളനികളിൽ ഇന്നു നിലവിലുള്ള ശിക്ഷാനിയമത്തിന്റെ കരട് 1835 ൽ തോമസ് ബാബിങ്ങ് ടൺ മെക്കാളെയുടെ അദ്ധ്യക്ഷതയിലുള്ള ആദ്യത്തെ നിയമകമ്മീഷനാണ് തയ്യാറാക്കിയത്.

ഇന്ത്യ ഒരു അപരിഷ്കൃത രാജ്യമാണെന്നും പാശ്ചാത്യ സംസ്കാരത്തിലൂടെ മാത്രമേ ഇതിന് അഭിവൃദ്ധി ഉണ്ടാകു എന്നും ഉറച്ചു വിശ്വസിച്ച ആളാണ് ലോർഡ് മെക്കാളെ. അതിനാൽ അദ്ദേഹം തയ്യാറാക്കിയ ശിക്ഷാനിയമം അമേരിക്കയിലെയും ഇംഗ്ലണ്ടിലെയും ഫ്രാൻസിലെയും ശിക്ഷാനിയമങ്ങളുടെ മിശ്രിതരൂപമായിരുന്നു. മൊശൈക ന്യായപ്രമാണവും മനുസ്മൃതിയും ശരിഅത്തും, ഹമുറാബികോഡും ഇന്ത്യൻ ശിക്ഷാനിയമത്തിന് ആധാര രേഖകളായിരുന്നു. പല തിരുത്തലുകൾക്കുശേഷം 1860 ൽ ഇന്ത്യൻ ശിക്ഷാനിയമം (ഐ.പി.സി.) നിലവിൽ വന്നപ്പോൾ പാശ്ചാത്യരാജ്യങ്ങളിൽ അനുവർത്തിച്ചിരുന്ന ധാർമ്മീകതയും ശിക്ഷണക്രമങ്ങളും ഭാരതത്തിനു ബാധകമായി.

പരമ്പരാഗതമായ ഭാരതീയ സങ്കല്പങ്ങൾക്കും വെല്ലുവിളി സൃഷ്ടിക്കുന്ന പുതിയ പുതിയ വിധി തീർപ്പുകൾ വ്യക്തിയുടെ സ്വകാര്യതയും തുല്യതയും അവകാശങ്ങളും ഭദ്രമാക്കുന്നു എന്ന വ്യാഖ്യാനത്തോടെയാണ്. പാശ്ചാത്യലോകത്ത് അനാഥത്വം നിറഞ്ഞ ഒരു പുതിയ തലമുറയെ സൃഷ്ടിച്ച പുതിയ കാഴ്ചപ്പാടുകളും വഴിവിട്ട ബന്ധങ്ങളും സങ്കല്പങ്ങളും പവിത്രമായ ആർഷഭാരത സംസ്കാര അപജയത്തിന് മാത്രമേ സഹായകമാകൂ. ശിക്ഷ കിട്ടും എന്നു പേടിച്ചിട്ടല്ല നന്മയിൽ ചരിക്കേണ്ടത്. കുടുംബഭദ്രതയെ തച്ചു തകർക്കുന്ന പുതിയ റദ്ദാക്കൽ നടപടി സാമൂഹ്യ സങ്കല്പങ്ങൾക്ക് വെല്ലുവിളിയാണ്.



# ഭദ്രാസനവാർത്തകൾ

**ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ**
ഭദ്രാസന സെക്രട്ടറി

കർത്താവിൽ പ്രിയരെ,

വിശുദ്ധിയുടെ പുണ്യവും പേറി ഒരു ക്രിസ്തുമസ് കൂടി വന്നണയുകയാണ്. മാലാഖമാരുടെ സംഗീതവും കണ്ണുചിമ്മുന്ന താരകങ്ങളും മണ്ണിലും വിണ്ണിലും നിറയുന്ന ക്രിസ്തുമസ് ദൈവം മനുഷ്യനായി പിറന്ന ശിശുദിനമാണ്. സ്നേഹരാഹിത്യവും ഹൃദയ കാഠിന്യവും കൊണ്ട് സാക്ഷ്യം നഷ്ടപ്പെട്ട നിഷ്ക ളങ്കതയുടെയും സ്നേഹത്തിന്റെയും സൗഹൃദത്തി ന്റെയും ആദ്യപാഠങ്ങൾ പഠിപ്പിക്കുവാൻ ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചു സർവ്വജന ത്തിനും ഉണ്ടാകുവാനുള്ള മഹാ സന്തോഷമായി പിറന്നു വീണ ക്രിസ്തു ശാന്തിയുടെയും സമാ ധാനത്തിന്റെയും സ്നേഹത്തിന്റെയും ജീവിതം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷത്തെ ക്രിസ്തുമസ് ശാന്തിയുടെയും സമാധാനത്തിന്റെയും സന്തോഷത്തിന്റേയും അനുഭവമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ഏവർക്കും ക്രിസ്തുമസ് പുതുവത്സര ആശംസകൾ നേരുന്നു.

നമ്മുടെ ഭദ്രാസനദിനം ജനുവരി മാസം 6-ാം തീയതി ഞായറാഴ്ചയാണല്ലോ. പരിശുദ്ധ ബാവാ തിരുമേനിക്കു വേണ്ടിയും, ഭദ്രാസന സഹായ മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനിക്കു വേണ്ടിയും, ഭദ്രാ സനത്തിനു വേണ്ടിയും, ഇടവകകൾക്കു വേണ്ടി യും, വൈദീകർ, ശുശ്രൂഷകർ, ആത്മീയ സംഘടന പ്രവർത്തകർ എന്നിവർക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. ഭദ്രാസനദിനത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയിട്ടുള്ള ഭദ്രാസനദിന കവർപിരിവ് പരമാവധി വിജയിപ്പിക്കുവാൻ ശ്രദ്ധിക്കണം.

ഭദ്രാസന ഡയറി പ്രസിദ്ധീകരിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വൈദീകരു ടേയോ, ആത്മീയ സംഘടന പ്രവർത്തകരുടെയോ അഡ്രസ്സിലും, ടെലിഫോൺ നമ്പറിലും മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ടെങ്കിൽ ആയത് എത്രയും വേഗം ഭദ്രാസന ആഫീസിൽ അറിയിക്കണം.

ഈ വർഷത്തെ ഭദ്രാസന കൺവൻഷന്റെ ക്രമീ കരണങ്ങൾക്ക് മുന്നോടിയായി ഉചിതമായ ചിന്തവി ഷയങ്ങൾ കണ്ടെത്തി രേഖാമൂലം ഭദ്രാസന ആഫീ സിൽ അറിയിക്കുന്നത് ഏറെ ഉചിതമായിരിക്കും.

മർത്തമറിയം സമാജത്തിന്റെയും, യുവജന പ്രസ്ഥാനത്തിന്റെയും ഭദ്രാസനതല കലാമത്സരങ്ങൾ യഥാക്രമം ബഥേൽ അരമനയിലും, കൂർത്തമല സെന്റ് മേരീസ് ഇടവകയിലും വച്ച് നടത്തപ്പെട്ടു. വിജയികളായവർക്ക് അനുമോദനങ്ങൾ നേരുന്നു.

ഫാ. ഗീവറുഗീസ് കോശിയുടെ പിതാവ് പി.റ്റി. കോശി, ഫാ. ഷിബു വർഗ്ഗീസിന്റെ ജേഷ്ഠ സഹോ ദരൻ ബിജു വർഗീസ് എന്നിവർ ദൈവസന്നിധിയി ലേക്ക് വിളിച്ച് ചേർക്കപ്പെട്ടു. നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു. ഭദ്രാസനത്തിന്റെ അനുശോചനം അറിയിക്കുന്നു.

## മാറ്റുന്ന ചട്ടങ്ങളും മാറുന്ന ലോക സങ്കല്പങ്ങളും

**വിവാഹേതര ലൈംഗീക ബന്ധം ക്രിമിനൽ കുറ്റമല്ല എന്ന വിധി വാചകം പ്രത്യക്ഷത്തിൽ തന്നെ വഴിവിട്ട ബന്ധങ്ങൾക്ക് പ്രോത്സാഹനവും പ്രേരണയും ഒപ്പം തെറ്റായ ചില സന്ദേശങ്ങളും നൽകുന്നു.**

നിയമവ്യവസ്ഥയിൽ വരുത്തുന്ന അടിമുടി അഴിച്ചുപണികൾ കുടുംബജീവിത ശൈഥില്യ ങ്ങൾക്കു വാതിൽ തുറക്കും. ജനജീവിതം ദുസ്സ ഹമാക്കുന്ന ഇന്ധനവിലക്കയറ്റവും, പാചകവാതക വില വർദ്ധനവും ഒരു ഹർത്താലിൽ അവസാനിച്ചു. വിവാഹേതരബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പരമോന്നത കോടതിയുടെ നിർണ്ണായക ഇട പെടൽ ഭാരതീയ സംസ്കൃതിയുടെ ആധാര ശിലയായ കുടുംബമെന്ന പവിത്ര സങ്കല്പ ത്തെ കുട്ടിച്ചോറാക്കും. സുപ്രീംകോടതിയുടെ വിധികൾ രാജ്യത്തെവിടെയും അന്തിമമാണ്, ആദരിക്കപ്പെടുന്നതുമാണ്. അടുത്തകാലത്ത് ശബ രിമലയെ സംബന്ധിച്ചും മറ്റും പുറത്തിറക്കിയ ഉത്ത രവുകൾ ഒട്ടേറെ ആശങ്ക ഉളവാക്കുന്നു. ലോകക്രമം മാറുന്നു എന്നു മുറവിളി കൂട്ടുന്നവർ ചട്ടങ്ങളെ മാറ്റു വാൻ ആക്രോശിക്കുമ്പോൾ നിലവിലുള്ള ചട്ടങ്ങൾ നന്മയ്ക്കുവേണ്ടിയാണ് എന്നുകൂടി ഗ്രഹിക്കണം.


# ഗ്രിഗോറിയൻ കലണ്ടറും നിയാമത്തള്ള ബാവായും

ഡോ. എം. കുര്യാക്കോസ്, പുല്ലുവഴി

**കലണ്ടർ പരിഷ്കരണത്തിന് 436 വയസ്**

വത്തിക്കാനിലെ പ്രശസ്തമായ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ഭൂനിരപ്പിന് തൊട്ടു താഴെയുള്ള നിലയിൽ കാലം ചെയ്ത മാർപാപ്പമാരുടെ അറുപതോളം കല്ലറകൾ സ്ഥിതിചെയ്യുന്നു. മനോഹരമായ കൊത്തുപണികൾ കൊണ്ട് അലംകൃതമായ ഈ കബറിടങ്ങൾ തീർത്ഥാടക സംഘങ്ങളെയും വിനോദ സഞ്ചാരികളെയും ആകർഷിക്കുന്ന പ്രധാന കാഴ്ചകളിൽ ഒന്നാണ്. ഇവയിൽ 1572 മുതൽ 1585 വരെ വത്തിക്കാൻ ഭരണാധികാരിയും 216-മത്തെ മാർപാപ്പയും ആയിരുന്ന ഗ്രിഗറി പതിമൂന്നാമന്റെ (1502-1585) ശവകുടീരത്തിന് ഒരു പ്രത്യേകത ഉണ്ട്. സുപ്രസിദ്ധ ഇറ്റാലിയൻ പ്രതിമാ ശില്പി കാമില്ലോ റസ്കോണി (Camillo Rusconi : 1658 - 1728) രൂപകൽപ്പന ചെയ്ത ആ കബറിടത്തിന് സമീപത്തായി ഒരു മാർബിൾ ഫലകത്തിൽ ഒൻപത് വിശിഷ്ട വ്യക്തികളുടെ പേരുകൾ കൂടി ആലേഖനം ചെയ്തിരിക്കുന്നു. അവയിലൊന്ന് 1557 മുതൽ 1576 വരെ അന്ത്യോഖ്യ സിംഹാസനത്തിന്റെ 99-ാമത് സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസ് ആയിരുന്ന മാർ ഇഗ്നാത്തിയോസ് നിയാമത്തള്ള (1520? -1587) യുടേതാണ്. ലോക ചരിത്രത്തിന്റെ ഗതി മാറ്റിക്കുറിച്ച മാർപാപ്പയുടെ വിശ്വവിഖ്യാതമായ കലണ്ടർ പരിഷ്ക്കരണ സമിതിയിലെ അംഗങ്ങളായിരുന്നു ഈ ഒൻപതു പേരും. ഗണിത- ജ്യോതിശാസ്ത്രവിദഗ്ദ്ധരും വേദശാസ്ത്രജ്ഞന്മാരും തത്വചിന്തകന്മാരുമായ ക്രൈസ്തവ പണ്ഡിതന്മാരായിരുന്നു എല്ലാവരും.

അസമാനതകളും അഭ്യൂഹങ്ങളും ദുരൂഹതകളും നിറഞ്ഞ ഒരു സുദീർഘ ചരിത്രത്തിന്റെ ഉടമയായിരുന്നു നിയാമത്തള്ള (നിയാമത്തുള്ള) പാത്രിയർക്കീസ്. മുഴുവൻ പേര് മാർ ഇഗ്നാത്തിയോസ് നെമത്ത് ആലോഹോ. സുറിയാനിയിൽ നൈബൂസേ ദ് ആലോഹോ എന്നും ലത്തീൻ ഭാഷയിൽ ഇഗ്നേഷ്യസ് നെഹമ്യാസ് എന്നും എഴുതി കാണാറുണ്ട്. അന്ത്യോഖ്യൻ പാത്രിയർക്കീസുമാരിൽ ഇത്രയും പണ്ഡിതനും വിവിധ ശാസ്ത്ര ശാഖകളിൽ വിശാരദനുമായ ഒരു പിതാവ് ഉണ്ടായിട്ടില്ല എന്നു പറയാം. പക്ഷെ ജീവിതകാലം മുഴുവൻ നിർഭാഗ്യങ്ങൾ അദ്ദേഹത്തെ പിൻതുടർന്നു. മഹത്തായ പാരമ്പര്യമുള്ള ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ചു. 1587-നോടടുത്ത് വത്തിക്കാനിൽ വച്ച് കാലം ചെയ്തുവെന്നും അവിടെ കബറടക്കപ്പെട്ടുവെന്നും വിശ്വസിക്കപ്പെടുന്നു. ഗ്രിഗറി മാർപാപ്പയുടെ ലോകപ്രശസ്തമായ കലണ്ടർ പരിഷ്ക്കരണ കമ്മിറ്റിയിൽ അംഗമായിരുന്ന അദ്ദേഹത്തിന്റെ വിജ്ഞാനവും ബുദ്ധിശക്തിയും കൊണ്ട് വത്തിക്കാനിലുള്ള പണ്ഡിതന്മാരെ നിഷ്പ്രഭരാക്കുകയും അവരുടെ കണ്ടെത്തലുകളിൽ മറഞ്ഞിരുന്ന പൊരുത്തക്കേടുകൾ അദ്ദേഹം മാർപാപ്പയെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തുവെന്ന് ചരിത്രം. പുകൾപെറ്റ ക്രിസ്റ്റഫർ ക്ലാവിയൂസും മറ്റു ജ്യോതിശാസ്ത്ര വിദഗ്ദ്ധരും സമർപ്പിച്ച കലണ്ടർ പരിഷ്ക്കരണ സമവാക്യങ്ങളെക്കാൾ തന്റെ നിർദ്ദേശങ്ങൾ കൂടുതൽ ശാസ്ത്രീയമായി പാപ്പയ്ക്ക്



ബോധ്യപ്പെട്ടുവെങ്കിലും സുവിദിത കാരണങ്ങളാൽ അവ സ്വീകരിക്കപ്പെട്ടില്ല. മാത്രവുമല്ല; അവ ദീർഘകാലം വെളിപ്പെടുത്തപ്പെടാതെ രഹസ്യമായി സൂക്ഷിക്കപ്പെടുകയും ചെയ്തു. 1982-ൽ ഗ്രിഗോറിയൻ കലണ്ടറിന്റെ 400-ാം വാർഷികത്തോടനുബന്ധിച്ചുള്ള ഗവേഷണ പ്രബന്ധങ്ങളിൽക്കൂടിയാണ് ചരിത്ര പഠിതാക്കൾ ഇവയെപ്പറ്റി കൂടുതലായി അറിയുന്നത്. എന്നാൽ പാത്രിയർക്കീസിന്റെ സുചിന്തിതവും യുക്തിപൂർവ്വവുമായ അഭിപ്രായങ്ങൾ നിഖ്യാസുന്നഹദോസ് തീരുമാനങ്ങൾക്ക് അനുസൃതവും സുവിശേഷങ്ങളിലെ വിവരണങ്ങളോട് പൊരു ത്തപ്പെടുന്നവയുമായിരുന്നു . ഈ അഭിപ്രായങ്ങൾ പഠിച്ച ക്ലാവിയൂസിന് തന്റെ പ്രാരംഭ റിപ്പോർട്ടിലെ ചില നിഗമനങ്ങൾ നിശ്ശബ്ദമായി ഭേദഗതി ചെയ്യേണ്ടി വന്നുവത്രെ. പക്ഷെ ചില പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ സ്വീകരിക്കപ്പെട്ടില്ല.

നിയാമത്തള്ള തുർക്കിയിലെ മർദ്ദീൻ പട്ടണത്തിൽ എ.ഡി. 1520-നോടടുത്ത് ജനിച്ചു. പിതാവ് മ്കുദശ്യോ യൂഹാനോൻ നൂർ അൽ-ദീൻ വളരെ ദൈവഭയമുള്ളവനും സത്യവിശ്വാസ പാരമ്പര്യമുള്ള ആളുമായിരുന്നു. വിശുദ്ധനാടുകളിലേയ്ക്ക് തീർത്ഥയാത്ര പോയി യരുശലേം ദേവാലയവും വി. മർക്കോസിന്റെ ദയറായും മറ്റു പുണ്യസ്ഥലങ്ങളും സന്ദർശിക്കുന്നവർക്ക് മ്കുദശ്യോ എന്ന സ്ഥാനപ്പേർ കൊടുക്കുന്ന പതിവ് സുറിയാനി സഭയിൽ ഉണ്ടായിരുന്നു. യൂഹാനോനും ഈ ബഹുമതി സമ്പാദിച്ചിരുന്നു. നിയാമത്തള്ളയുടെ ബാല്യകാലത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. ചെറുപ്രായത്തിൽ തന്നെ സുപ്രസിദ്ധമായ സഫ്റാൻ (ഹാനനിയ) ദയറായിൽ ചേർന്ന് വൈദിക വിദ്യാഭ്യാസം ആരംഭിച്ചു. സഭാ ശാസ്ത്രങ്ങളും സുറിയാനി സാഹിത്യവും പഠിച്ചു. താമസിയാതെ വൈദികനായി പട്ടമേറ്റു. ഇതിനിടെ ചരിത്രം, തർക്കശാസ്ത്രം, ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം, ഭൂസർവ്വെ ഗണിതം (Geodesy), വൈദ്യശാസ്ത്രം, ചിത്രരചന എന്നിങ്ങനെ വിവിധ വിജ്ഞാന മേഖലകളിൽ പാണ്ഡിത്യം നേടി. കൂടാതെ അറബി, സുറിയാനി, ഗ്രീക്ക്, എബ്രായ ഭാഷകളിലും പ്രാവീണ്യം നേടി. 1555-ൽ അന്നത്തെ പാത്രിയർക്കീസ് ആയിരുന്ന ഇഗ്നാത്യോസ് അബ്ദേദ് ആലോഹോ (അബ്ദള്ളാ) ഒന്നാമൻ അദ്ദേഹത്തെ കിഴക്കിന്റെ മഫ്രിയാനയായി വാഴിച്ചു. 1557-ൽ അബ്ദേദ് ആലോഹോ ഒന്നാമൻ കാലം ചെയ്ത് ഹാനനിയ ദയറായിൽ അടക്കപ്പെട്ടു. തൽസ്ഥാനത്തേക്ക് മഫ്രിയാന നിയാമത്തള്ള തെരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ 1557-ൽ അദ്ദേഹം അന്ത്യോഖ്യയുടെ 99-ാമത്തെ പാത്രിയർക്കീസായി അവരോധിക്കപ്പെട്ടു. തന്റെ അഗാധ പാണ്ഡിത്യവും വിവിധ വിജ്ഞാന ശാഖകളിലുള്ള പ്രാവീണ്യവും സ്വഭാവ വിശുദ്ധിയും ആകർഷണീയമായ വ്യക്തിത്വവും ഹൃദ്യമായ പെരുമാറ്റവും നിമിത്തം വളരെ പെട്ടെന്ന് തന്നെ അദ്ദേഹം എല്ലാവർക്കും പ്രിയങ്കരനായിത്തീർന്നു. ആമീദിൽ താമസിച്ചുകൊണ്ടായിരുന്നു പാത്രിയർക്കീസ് ബാവ ഭരണം നടത്തിക്കൊണ്ടിരുന്നത്. എഡേസായിലെയും സിറിയയിലെയും ഭദ്രാസനങ്ങൾ അദ്ദേഹത്തിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരുന്നു. 1562-ൽ അദ്ദേഹം യരൂശലേമിലേക്ക് ശ്ലൈഹിക സന്ദർശനത്തിനായി പോയി. അവിടെ മർക്കോസിന്റെ ദയറായിൽ താമസിച്ചു. തന്റെ ഭരണകാലത്ത് രണ്ട് മഫ്രിയാനമാരെയും 19 മെത്രാപ്പോലീത്തമാരെയും അനേകം എപ്പിസ്കോപ്പമാരെയും അദ്ദേഹം വാഴിച്ചാക്കി.

1576 മാർച്ച് 10-ാം തീയതി തന്റെ ജീവിതത്തിൽ ഏറ്റവും നിർഭാഗ്യകരമായ ഒരു അത്യാഹിതം സംഭവിച്ചു. എന്താണ് സംഭവിച്ചതെന്നോ എങ്ങനെയാണ് സംഭവിച്ചതെന്നോ ഇന്നുവരെയും സംശയരഹിതമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. സിംഹാസനമുപേക്ഷിച്ച് പോകുവാൻ അദ്ദേഹം നിർബന്ധിതനായി എന്നു മാത്രം വ്യക്തമാണ്. മത തീവ്രവാദികളുടെ ഭീഷണിക്ക് കീഴ്പ്പെട്ട് നിവൃത്തിയില്ലാതെ അദ്ദേഹത്തിന് ഇസ്ലാംമതം സ്വീകരിക്കേണ്ടി വന്നുവെന്ന് പറയപ്പെടുന്നു. ഇതറിഞ്ഞ ക്രൈസ്തവ വിശ്വാസികൾ

രോഷാകുലരായി. അവരുടെ നിർബന്ധം ഹേതുവായി 1576 മാർച്ച് 28-ാം തീയതി പാത്രിയർക്കീസ് സ്ഥാനം ഒഴിഞ്ഞ് സിവാസിനടുത്തുള്ള ഒരു ദയറായിലേക്ക് രഹസ്യമായി താമസം മാറ്റി എന്നാണ് പൊതുവെ വിശ്വസിക്കപ്പെടുന്നത്. തന്റെ ദൗർഭാഗ്യത്തെപ്പറ്റി ജീവിതാവസാനം വരെ അദ്ദേഹം ദുഃഖിതനായിരുന്നു. സ്വയം അനുതപിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റേതായി ഒരെഴുത്ത് പിൽക്കാലത്ത് കണ്ടുകിട്ടുകയുണ്ടായി. സ്വന്തപ്പെട്ടവരേയും സഹോദരന്മാരേയും വേർപിരിഞ്ഞതിലുള്ള മനോവിഷമം ജീവിതകാലം മുഴുവൻ നീണ്ടുനിന്നു എന്ന് അദ്ദേഹത്തിന്റെ രചനകളിൽ നിന്ന് മനസ്സിലാക്കാം. താൻ സിംഹാസനം ഉപേക്ഷിക്കേണ്ടി വന്ന സാഹചര്യം നീതിപൂർവ്വം വിലയിരുത്തുവാനോ തന്റെ ഭാഗം സഹതാപപൂർവ്വം കേൾക്കുവാനോ തന്റെ സഭാംഗങ്ങൾ തയ്യാറായില്ല എന്നും അദ്ദേഹം നിശബ്ദനായി വിലപിച്ചിരുന്നു എന്നുവേണം കരുതാൻ. സ്ഥാനം ഒഴിയുന്നതിന് തൊട്ടുമുൻപ് തന്റെ സഹോദരനായ (അനന്തരവൻ?) ദാവീദിനെ ഇഗ്നാത്തിയോസ് ദാവീദ് ശോഹ [Ignatius David Shah] എന്ന പേരിൽ നൂറാമത്തെ പാത്രിയർക്കീസ് ആയി അവരോധിച്ചിരുന്നു. സിവാനിൽ നിന്ന് സൈപ്രസ് ദ്വീപ് വഴി നിയാമത്തള്ള ബാവ വെനീസിൽ എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ കൂടെ തന്റെ ബൃഹത്തായ ഗ്രന്ഥ ശേഖരവും ഒരു സഹായിയും മാത്രമേ ഉണ്ടായിരുന്നുള്ളു. യാത്ര ചെയ്ത കപ്പലിൽ വച്ച് അദ്ദേഹം ഗണിതശാസ്ത്രത്തിലെ ചില കഠിന സമസ്യകൾക്ക് ഉത്തരം കണ്ടെത്തുവാൻ ശ്രമിക്കുകയായിരുന്നു. പുസ്തകത്തിന്റെ ഒരു പേജിന്റെ മാർജിനിൽ ഇങ്ങനെ കുറിച്ചിരിക്കുന്നു: സർവ്വശക്തനായ ദൈവത്തിന്റെ കരുണയാൽ പാത്രിയർക്കീസ് നിയാമത്തള്ള എന്നു പേരുള്ള ഈ നഷ്ടപ്പെട്ടുപോയ ആത്മാവ് വെനീസിലേക്കുള്ള യാത്രാമദ്ധ്യേ, കടൽ തിരമാലകളുടെ ഓളങ്ങളിൽപ്പെട്ട് കപ്പൽ ചാഞ്ചാടിക്കൊണ്ടിരുന്നപ്പോൾ, ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടുപിടിച്ചിരിക്കുന്നു..... വെനീസിൽ എത്തിച്ചേർന്ന അദ്ദേഹം അവിടെ നിന്ന് റോമിലേക്ക് യാത്ര തുടർന്നു. ഒരു ദ്വിഭാഷിയുടെ സഹായത്തോടെ ഗ്രിഗറി പതിമൂന്നാമൻ മാർപാപ്പയെ കാണുവാനായി ശ്രമിച്ചു. 1578 ജനുവരി 30-ാം തീയതി മാർപാപ്പയുടെ കൊട്ടാരത്തിലെത്തി അദ്ദേഹവുമായി ദീർഘനേരം സംസാരിച്ചു. നിയാമത്തള്ളയുടെ പാണ്ഡിത്യവും വിജ്ഞാനവും മനസ്സിലാക്കിയ മാർപാപ്പ തന്റെ പ്രധാനപ്പെട്ട പദ്ധതികൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ ന ൽകാനായി അദ്ദേഹത്തോട് റോമിൽ താമസിക്കുവാൻ അഭ്യർത്ഥിച്ചു. പാത്രിയർക്കീസിന് മാസം തോറും ഒരു നല്ല തുക പെൻഷനായി അനുവദിക്കുകയും ചെയ്തു. മെഡിസി ഓറിയന്റൽ പ്രസ്സിന്റെ എഡിറ്റോറിയൽ ബോർഡിലേക്ക് നിയാമത്തള്ളയെ നിയമിച്ചു. ഈ പ്രസ്സിന്റെ സ്ഥാപ നോദ്ദേശങ്ങളിൽ ഒന്ന് അറബി ശാസ്ത്ര - വിജ്ഞാന ശാഖകളിൽ ഗവേഷണത്തിനും, പഠനത്തിനും ആവശ്യമായ ഗ്രന്ഥങ്ങൾ അച്ചടിച്ചും തർജ്ജമ ചെയ്തും പ്രോത്സാഹിപ്പിക്കുക എന്നുള്ളതായിരുന്നു. അതുവഴി അറബി വിജ്ഞാനം പാശ്ചാത്യ ലോകത്തിന് പ്രയോജന പ്പെടുമെന്ന് മാർപാപ്പ പ്രത്യാശിച്ചു. പാത്രിയർക്കീസിന്റെ അറബി ഭാഷാ ജ്ഞാനവും അറബി സാഹിത്യ, വിജ്ഞാന ശാഖകളിലുള്ള പാണ്ഡിത്യവും കൈവശമുള്ള ഗ്രന്ഥ ശേഖരവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുമെന്ന് അദ്ദേഹം ആശിച്ചു. രണ്ടാമതായി, അറബി രാജ്യങ്ങളിൽ ക്രൈസ്തവ വിശ്വാസം പ്രചരിപ്പിക്കുവാൻ പര്യാപ്തമായ രചനകളും, ബൈബിളുകളും ഈ പ്രസ്സിൽ അച്ചടിച്ച് പ്രചരിപ്പിക്കണമെന്നും മാർപാപ്പ ലക്ഷ്യമിട്ടിരുന്നു. പാത്രിയർക്കീസിന് വിശാലമായ വത്തിക്കാൻ ലൈബ്രറി ഉപ യോഗിക്കുവാനുള്ള സ്വാതന്ത്ര്യം മാർപാപ്പ നൽകി. പ്രസ്സിൽ അച്ചടിച്ച് വിതരണം ചെയ്ത പുസ്തകങ്ങൾ യൂറോപ്പിലെ നവോത്ഥാനത്തിന് ആക്കം കൂട്ടുവാൻ സഹായിച്ചുവെങ്കിലും മാർപാപ്പ ആഗ്രഹിച്ച കാര്യങ്ങളൊന്നും ഫലപ്രാപ്തിയിലെത്തിയില്ല എന്നു ചരിത്രം. ക്രൈസ്തവ ഗ്രന്ഥങ്ങൾ കാര്യമായി വിറ്റഴിഞ്ഞില്ല. ഭാഷാശാസ്ത്രം, ഗണിതം, ജ്യോതിശാസ്ത്രം

മുതലായ വിഷയങ്ങളിലുള്ള പുസ്തകങ്ങൾക്ക് കുറേ ആവശ്യക്കാരുണ്ടായി. അഞ്ചു വർഷത്തോളം നിയാമത്തള്ള ഈ പ്രസ്സിൽ എഡിറ്ററായി ജോലി ചെയ്തു.

ഈ സമയം കൊണ്ട് പാത്രിയർക്കീസിന്റെ പ്രശസ്തി ഇറ്റലി മുഴുവൻ വ്യാപിച്ചിരുന്നു. ഗണിതം, ജ്യോതിശാസ്ത്രം, കലണ്ടർ രൂപീകരണം, ഭൂസർവ്വെ മുതലായ വിഷയങ്ങളിലുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യം മാർപാപ്പയ്ക്ക് ബോധ്യമായി.

ഗ്രിഗറി പതിമൂന്നാമൻ മാർപാപ്പയുടെ കലണ്ടർ പരിഷ്ക്കരണ ശ്രമങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്ന കാലഘട്ടത്തിലായിരുന്നു നിയാമത്തള്ള റോമിൽ എത്തിച്ചേർന്നത്. അന്നുവരെ നിലവിലുണ്ടായിരുന്ന ജൂലിയൻ കലണ്ടറിലെ അപാകതകൾ പരിഹരിച്ച് കൂടുതൽ കൃത്യതയുള്ള പുതിയ സംവിധാനം രൂപകൽപ്പന ചെയ്യുവാൻ ഒരു കമ്മറ്റിയെ മാർപാപ്പ നിയമിച്ചാക്കിയിരുന്നു. അന്നു കത്തോലിക്കാ സഭയിൽ ജീവിച്ചിരുന്ന ഏറ്റവും പണ്ഡിത ശ്രേഷ്ഠരായിരുന്ന പുരോഹിതൻമാരേയും ബിഷപ്പുമാരേയും ആണ് കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിരുന്നത്. താഴെ പറയുന്നവരായിരുന്നു അവസാന റിപ്പോർട്ട് സമർപ്പിച്ച സമിതിയിലെ അംഗങ്ങൾ (1572 മുതൽ 1582 മുതലുള്ള ഒരു പതിറ്റാണ്ട് കാലത്ത് കലണ്ടർ പരിഷ്ക്കരണ സമിതിയിൽ വിവിധ പണ്ഡിതന്മാർ വിവിധ കാലയളവിൽ അംഗങ്ങളായിരുന്നുവെന്ന് കാണുന്നു. ഒരുപക്ഷെ മാർപാപ്പയ്ക്ക് സമർപ്പിച്ച അവസാന റിപ്പോർട്ടിൽ ഒപ്പിട്ട സമിതി അംഗങ്ങളുടെ പേരുകളാണ് ഫലകത്തിൽ കാണുന്നത് എന്ന് അനുമാനിക്കാം).

1) സീനിയർ ഇറ്റാലിയൻ കർദ്ദിനാൾ ജി. സിർലെറ്റോ (1514 - 1585).
2) മോണ്ടോവി ബിഷപ്പായ വിൻസെൻഷ്യസ് ലാറോ (1523 - 1592).
3) സ്പാനിഷ് വൈദികൻ പെട്രസ് സിയാക്കോന്യസ് (1525/27 - 1581).
4) മോൺസിഞ്ഞോർ സെറാഫിൻ ഒലിവിയർ റസലി ( 1538 - 1609).
5) ഇഗ്നേഷ്യസ് ദാന്തെ എന്ന പുരോഹിതൻ (1536 - 1586).
6) ക്രിസ്റ്റഫർ ക്ലാവിയൂസ് (1538 - 1612).
7) ഇറ്റലിക്കാരനായ അന്റോണിയസ് ലിലിയൂസ്. ഇദ്ദേഹത്തിന്റെ സഹോദരൻ അലോഷ്യസ് ലിലിയൂസും ക്രിസ്റ്റഫർ ക്ലാവിയൂസും ആയിരുന്നു മാർപാപ്പയ്ക്ക് സമർപ്പിക്കപ്പെട്ടിരുന്ന പ്രാഥമിക റിപ്പോർട്ടിന്റെ മുഖ്യശില്പികൾ.
8) തെയോഫിലസ് മാർഷ്യസ്.
9) ലിയോണാർഡോ ആബേല (1541-1605). നിയാമത്തള്ളയുടെ സുറിയാനിയിലും അറബിയിലും അർമീനിയൻ ഭാഷയിലുമുള്ള കത്തിടപാടുകളും ലേഖനങ്ങളും കുറിപ്പുകളും ലത്തീൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുവാനും മാർപാപ്പയെ തന്റെ അഭിപ്രായങ്ങളും ആശയങ്ങളും ബോധിപ്പിക്കുവാനും പാത്രിയർക്കീസിനെ സഹായിച്ചത് ആബേലയായിരുന്നു. പക്ഷെ ഫലകത്തിൽ ഇദ്ദേഹത്തിന്റെ പേര് കാണപ്പെടുന്നില്ല.

1582 ജനുവരി 10-ാം തീയതി കലണ്ടർ പരിഷ്ക്കരണ കമ്മറ്റി അതിന്റെ അന്തിമ റിപ്പോർട്ട് മാർപാപ്പയ്ക്ക് സമർപ്പിച്ചു. അതിൽ ഇഗ്നാത്തിയോസ് നിയാമത്തള്ള സുറിയാനി ഭാഷയിലും അറബിയിലും അദ്ദേഹം തന്റെ ഒപ്പ് പതിപ്പിച്ചു. മാർപാപ്പയുടെ കലണ്ടർ പരിഷ്ക്കാരം ഇൻതർ ഗ്രവീസ്സിമാസ് [Inter Gravissimas issued by Pope Gregory XIII on February 24, 1582പ എന്ന പേപ്പൽബുൾ വഴി എല്ലാ രാഷ്ട്രങ്ങളിലേക്കും അയച്ചുകൊടുത്തു. ഈ വിളംബരം വഴി 1582 ഒക്ടോബർ 4 വ്യാഴാഴ്ചയ്ക്കുശേഷം വരുന്ന ദിവസം 1582 ഒക്ടോബർ 15 വെള്ളിയാഴ്ചയായി അദ്ദേഹം പ്രഖ്യാപനം ചെയ്തു. വിശുദ്ധ ഫ്രാൻസിസ് പുണ്യവാളന്റെ ഒക്ടോബർ 4 നു വരുന്ന പെരുന്നാൾ ദിവസത്തിന് ആ വർഷം തകരാർ സംഭവിക്കാതിരിക്കാൻ കൂടിയാണ് മേൽപറഞ്ഞ തീയതി തെരഞ്ഞെടുത്തത്

എന്നു കരുതുന്നു.
അതുവരെ നിലവിലിരുന്ന ജൂലിയൻ കലണ്ടറിന് സൗരവർഷവുമായുള്ള പൊരുത്തക്കേട് ഇതോടെ തീർക്കുകയും ഭാവിയിൽ കൃത്യത നിലനിർത്തുവാൻ 400 കൊണ്ട് പൂർണ്ണമായി ഹരിക്കാവുന്ന നൂറ്റാണ്ട് വർഷങ്ങൾ മാത്രമേ അധിവർഷങ്ങളായി കണക്കാക്കേണ്ടതുള്ളൂ എന്നും അദ്ദേഹം നിർദ്ദേശിച്ചു. പുതിയ കലണ്ടർ മാർപാപ്പയുടെ പേര് അനശ്വരമാക്കിക്കൊണ്ട് ഗ്രിഗോറിയൻ കലണ്ടർ എന്നറിയപ്പെട്ടു. പക്ഷേ കത്തോലിക്കാ രാഷ്ട്രങ്ങൾ ഒഴികെ ആരും ഈ പരിഷ്ക്കരണം ഉടനെയെങ്ങും അംഗീകരിക്കുകയോ കലണ്ടർ ഉപയോഗിക്കുകയോ ചെയ്തില്ല. നിയാമത്തള്ള തന്റെ പരിഭാഷകനായ ആബേലിനെ ആമീദിലേക്ക് അയക്കുകയും അന്ത്യോഖ്യൻ ഓർത്തഡോക്സ് സഭ ഈ പരിഷ്ക്കരണം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ അന്നത്തെ പാത്രിയർക്കീസ് ഈ ആവശ്യം നിരാകരിക്കുകയാണ് ചെയ്തത്. മാത്രമല്ല പൗരസ്ത്യ സഭകളൊന്നും പുതിയ കലണ്ടർ സ്വീകരിച്ചില്ല.
പല രാഷ്ട്രങ്ങളും പിന്നീടുള്ള നൂറ്റാണ്ടുകളിൽ ഔദ്യോഗിക ആവശ്യങ്ങൾക്കുവേണ്ടി ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചുവെങ്കിലും അവിടത്തെ തദ്ദേശീയ സഭകൾ തങ്ങളുടെ ആരാധന വർഷത്തിലെ ആണ്ടുകണക്കുകൾക്ക് ജൂലിയൻ കലണ്ടർ തന്നെ തുടർന്നു പോന്നു.

മലങ്കര സഭ ഗ്രിഗോറിയൻ കലണ്ടർ അംഗീകരിക്കുകയും അതിനനുസരിച്ച് പെരുന്നാളുകൾ ക്രമപ്പെടുത്തുകയും ചെയ്തത് 1952-53 ൽ മാത്രമാണ്. യാക്കോബായ വിഭാഗം 1952 ഡിസംബർ 15 യൽദോ നോമ്പാരംഭത്തിനും ഓർത്തഡോക്സ് വിഭാഗം 1953 മെയ് 14 സ്വർഗ്ഗാരോഹണ പെരുന്നാൾ ദിവസവുമാണ് പുതിയ കലണ്ടർ പ്രകാരമുള്ള പെരുന്നാൾ തീയതികൾ സ്വീകരിച്ചത്. മാർതോമ്മാ സഭ 1952 ഡിസംബറിലും തൊഴിയൂർ സഭ 1953 ജൂണിലും കൽദായ (അസിറിയൻ) സഭയിൽ ഒരു വിഭാഗം 1964ലും യോജിച്ച കൽദായ സഭ 1995ലുമാണ് ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചത്.

നിയാമത്തള്ള 1587-നോടടുത്ത് റോമിൽ വച്ച് കാലം ചെയ്തു. അദ്ദേഹം കത്തോലിക്കാ മതം സ്വീകരിച്ചിരുന്നു എന്നും വത്തിക്കാനിൽ അജ്ഞാതമായ സ്ഥലത്ത് കബറടക്കപ്പെട്ടതായും അനുമാനിക്കപ്പെടുന്നു. **അങ്ങനെ കർത്തൃശിഷ്യനായ വി. പത്രോസ് ശ്ലീഹാക്ക് ശേഷം ഒരു അന്ത്യോഖ്യാ പാത്രിയർക്കീസ് കൂടി റോമിൽ കബറടക്കപ്പെട്ടു.** മൂന്നാമത്തെ പാത്രിയർക്കീസായ വി. ഇഗ്നാത്തിയോസ് നൂറോനോയും റോമിൽവച്ചാണ് രക്തസാക്ഷി മരണം പ്രാപിച്ചത്. അദ്ദേഹത്തിന്റെ കബറിടം സെന്റ് പീറ്റേഴ്സ് ബസിലിക്കയോടു ചേർന്ന് സ്ഥിതിചെയ്യുന്നുണ്ട്. എന്നാൽ പരിശുദ്ധന്റെ ഭൗതിക അവശിഷ്ടങ്ങൾ പിന്നീട് അന്ത്യോഖ്യയിലേക്ക് കൊണ്ടുവരികയും അവിടെ സംസ്കരിക്കപ്പെടുകയും ചെയ്തു.

നിയാമത്തള്ളയുടെ നിർദ്ദേശങ്ങളിൽ ഏറ്റവും മുഖ്യമായത് അധിവർഷങ്ങളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വിപ്ലവകരമായ ഭേദഗതികളായിരുന്നു. ഈ നിർദ്ദേശം കലണ്ടറിനെ കൂടുതൽ കൃത്യതയുള്ളതാക്കി തീർക്കും എന്ന് അദ്ദേഹം അവകാശപ്പെട്ടിരുന്നു. യേശുക്രിസ്തുവിന്റെ മനുഷ്യാവതാര കാലമായ 33 വർഷത്തെ കേന്ദ്രീകൃതമാക്കി അധിവർഷം കണക്കാക്കുന്ന വിധമാണ് അദ്ദേഹം നിർദ്ദേശിച്ചത്. അതായത് 4, 8, 12, 16, 20, 24, 28, 32 ഈ വർഷങ്ങൾ അധിവർഷങ്ങളായിരിക്കും. അതിനുശേഷം 37, 41, 45, 49, 53, 57, 61, 65 ഈ വർഷങ്ങളും പിന്നെ 70,74,78,82,86,90,94,98 എന്നിങ്ങനെയുള്ള വർഷങ്ങൾ. ചുരുക്കിപ്പറഞ്ഞാൽ 33 കൊണ്ട് വർഷസംഖ്യയെ ഹരിക്കുമ്പോൾ 4, 8, 12, 16, 20, 24, 28, 32 എന്നീ സംഖ്യകൾ ശിഷ്ടം വരികയാണെങ്കിൽ അത് അധിവർഷമായിരിക്കും. അതനുസരിച്ച് ..., 1984, 1988, 1992, 1996, 2000, 2004, 2008, 2012, 2017, 2021, 2025, 2029, 2033, 2037, 2041, 2045, ... എന്നിവയായിരിക്കും വർത്തമാന കാലഘട്ടത്തിലെ അധിവർഷങ്ങൾ.

**ഇതോടൊപ്പം വർഗീസ് ജോൺ തോട്ടപ്പുഴയുടെ സുറിയാനി കണക്കും പെരുന്നാൾ തീയതികളും എന്ന ലേഖനം കൂടി കാണുക (2015 ഡിസംബർ, പേജ് 15, 16)**

# സണ്ടേസ്കൂൾ വാർത്തകൾ

ബഹു. സണ്ടേസ്കൂൾ പ്രവർത്തകരേ,

ഭദ്രാസന സൗത്ത് സെൻട്രൽ സോണിൽ വിജയം വരിച്ച ഏവരെയും ഒരിക്കൽ കൂടി അഭിനന്ദനങ്ങൾ അറിയിക്കുന്നു.

താഴെപ്പറയുന്നവ ശ്രദ്ധിക്കുമല്ലോ.

1. 23-12-18 ഞായറാഴ്ച 2-4 വരെ 12-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായുള്ള കോച്ചിംഗ് ക്ലാസ്സ് ബഥേൽ അരമന ഹാളിൽ വെച്ച് നടത്തപ്പെടുന്നതാണ്.
2. അദ്ധ്യാപക പരിശീലനം പുത്തൻകാവ് മെട്രോപ്പോലിത്തൻ ഹയർസെക്കന്ററി സ്കൂളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

കൂടാതെ ഭദ്രാസനത്തിൽ നിന്നും എല്ലാവർക്കും ഒരു സർക്കുലർ അയയ്ക്കുന്നുണ്ട്. വിശദവിവരങ്ങൾ അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എല്ലാവിധ ക്രിസ്തുമസ് പുതുവത്സരാശംസകൾ ഭദ്രാസന കൗൺസിലിനുവേണ്ടി അറിയിക്കുന്നു.

**വറുഗീസ് ജി. കാവുംപുറം**
ഭദ്രാസന ഡയറക്ടർ

## ഒ.എസ്.എസ്.എ.ഇ., ഭദ്രാസന–സൗത്ത് സെൻട്രൽ സോൺ തലങ്ങളിൽ വിജയികളായവർ–2018

### സബ് ജൂനിയർ



**ജിയ മേരി ഫിലിപ്പ്**
സെന്റ് ജോർജ്ജ്
പിരളശ്ശേരി
ലളിതഗാനം
ഭദ്രാസനം & സോണൽ - 1st



**ജിയ ബിനു**
സെന്റ് ജോർജ്ജ്
അറത്തിൽ
ലളിതഗാനം
ഭദ്രാസനം - 2nd



**അലീന സൂസൻ**
സെന്റ് ഗ്രീഗോറിയോസ്
കാരയ്ക്കാട്
പ്രസംഗം
ഭദ്രാസനം 1st



**ഹനോ മാത്യു അലക്സ്**
സെന്റ് തോമസ്
കുരമ്പാല
പ്രസംഗം
ഭദ്രാസനം - 2nd

### ജൂനിയർ



**ബ്ലസൻ ജെ. സന്തോഷ്**
സെന്റ് ജോർജ്ജ്
പിരളശ്ശേരി
ലളിതഗാനം ഭദ്രാസനം - 1st



**ഗിഫ്റ്റി മറിയം മിനു**
സെന്റ് മേരീസ് പ്രകാശഗിരി
ലളിതഗാനം ഭദ്രാസന 2nd
പ്രസംഗം സോണൽ & ഭദ്രാസനം Ist



**ജോയൽ ജോർജ്ജ് മാത്യു**
സെന്റ് തോമസ് കുരമ്പാല
പ്രസംഗം :
ഭദ്രാസനം 2nd



**ഹന്ന മറിയം മത്തായി**
സെന്റ് മേരീസ് ഇടനാട്
വേദവാക്യം - ഭദ്രാസനം 1st



**കൃപ മറിയം മത്തായി**
സെന്റ് മേരീസ് ഇടനാട്
വേദവാക്യം ഭദ്രാസനം 2nd
സോണൽ Ist



**മഹിമ എൽസ മാമ്മൻ**



**മേഘ സൂസൻ ബിജു**



**എയ്ഞ്ചല മേരി ഇവാൻസ്**

ഗ്രൂപ്പ് സോംഗ് ഭദ്രാസനം 1st
എം.ജി.എം. പേരിശ്ശേരി



**എബൽ ബിനോയ് ജോർജ്ജ്**



**ഹാനോക്ക് വി. സ്റ്റീഫൻ**



**ഹെവിൻ സാം ലിനു**

ഗ്രൂപ്പ് സോംഗ് ഭദ്രാസനം 2nd
സെന്റ് സ്റ്റീഫൻസ് കുടശ്ശനാട് സെൻട്രൽ

# ഒ.എസ്.എസ്.എ.ഇ., ഭദ്രാസന – സൗത്ത് സെൻട്രൽ സോൺ തലങ്ങളിൽ വിജയികളായവർ – 2018

## സീനിയർ



**ക്രിസ്റ്റ മേരി ബൈജു**
ഹോളി ഇന്നസെന്റ്
മെഴുവേലി
ലളിതഗാനം
ഭദ്രാസനം 1st



**ലിൻഷ എ.**
മാർ ഗ്രീഗോറിയോസ്
തൈമറവുംകര
ലളിതഗാനം
ഭദ്രാസനം 2nd



**മെറിൻ സൂസൻ ബാബു**
സെന്റ് സ്റ്റീഫൻസ്
കുടശ്ശനാട്
പ്രസംഗം
ഭദ്രാസനം 1st



**ഷാരോൺ ടോം തോമസ്**
സെന്റ് ആൻഡ്രൂസ്
പുത്തൻകാവ്
പ്രസംഗം
ഭദ്രാസനം - 2nd



**ഇവാൻസ് ചാക്കോ മാത്യു**
സെന്റ് മേരീസ്
പുത്തൻകാവ്
വേദവാക്യം
ഭദ്രാസനം & സോണൽ 1st



**സ്നുജ മരിയ സജി**



**മെൽബി അന്ന മാത്യു**



**ജീന എം. സാമുവേൽ**

ഗ്രൂപ്പ് സോംഗ് ഭദ്രാസനം & സോണൽ - 1st
സെന്റ് തോമസ് കുരമ്പാല



**ചിഞ്ചു വർഗ്ഗീസ്**



**ആൻ സൂസൻ ഏബ്രഹാം**



**ക്രിസ്റ്റാ മേരി ബൈജു**

ഗ്രൂപ്പ് സോംഗ് ഭദ്രാസനം & സോണൽ - 2nd
ഹോളി ഇന്നസെന്റ് മെഴുവേലി



**ക്രിസ്റ്റോ മിനു**
സെന്റ് മേരീസ്
കോടുകുളഞ്ഞി
വേദവാക്യം
ഭദ്രാസനം 2nd



**ബ്യൂള ഹന്ന രാജ്**
സെന്റ് ജോർജ്ജ്
ആലാ
പൊതുവിജ്ഞാനം
ഭദ്രാസനം -1st



**സോഫി അന്ന കുര്യൻ**
എം.ജി.എം.
തോട്ടപ്പുഴ
പൊതുവിജ്ഞാനം
ഭദ്രാസനം 2nd

## ഹയർസെക്കണ്ടറി



**അനിജ എം. വർഗ്ഗീസ്**
സെന്റ് തോമസ്
മാന്തളിർ
ഉപന്യാസം
ഭദ്രാസനം & സോണൽ
1st



**എയ്ഞ്ചൽ മറിയം വിൽസൺ**
സെന്റ് തോമസ്
കുരമ്പാല
ഉപന്യാസം
ഭദ്രാസനം 2nd



**ശിൽപ സൂസൻ ജോൺ**
സെന്റ് മേരീസ്
വെണ്മണി
പൊതുവിജ്ഞാനം
ഭദ്രാസനം & സോണൽ
1st



**ആരോൺ തോമസ് എബ്രഹാം**
ഹോളി ഇന്നസെന്റ്
മെഴുവേലി
പൊതുവിജ്ഞാനം
ഭദ്രാസനം 2nd



**ജിബിൻ പി. ബാബു**
സെന്റ് ജോർജ്ജ്
അറത്തിൽ
വേദവാക്യം
ഭദ്രാസനം - 1st



**കെൻ മറിയം റോയ്**
സെന്റ് മേരീസ്
കുട്ടംപേരൂർ
വേദവാക്യം
ഭദ്രാസനം 2nd



**അഞ്ചു എലിസബേത്ത് യോഹന്നാൻ**
എം.ജി.എം. മാന്തളിർ
മാർ ഔഗേൻ പ്രസംഗം
ഭദ്രാസനം 1st



**നിയാ അന്ന തോമസ്**
സെന്റ് ജോർജ്ജ് പിരളശ്ശേരി
മാർ ഔഗേൻ പ്രസംഗം
ഭദ്രാസനം 2nd

# പ്രാർത്ഥനയും വിനയവും

ബാലസുഹൃത്തുക്കളെ,

കുട്ടികൾക്കുവേണ്ടി എഴുതുമ്പോൾ എഴുത്തുകാരന്റെ ഭാവന കുട്ടികളുടെ മനസ്സുപോലെ ആയിരിക്കണമെന്നാണ് ബാലസാഹിത്യത്തിന്റെ ബാലപാഠം.

കുട്ടികളിൽ വായനാശീലം വളർത്തി ജീവിത മൂല്യങ്ങളെ പകർന്നു നൽകുകയെന്നതാണ് ബാലകൃതികളുടെ ഉദ്ദേശ്യം. ബാലപത്രികയുടെ ലക്ഷ്യവും മറ്റൊന്നല്ല. ആ കൃത്യം ബഥേൽപത്രിക പൂർണ്ണ ഉത്തരവാദിത്വത്തോടെ നിർവ്വഹിച്ചു വരുന്നു എന്നത് അഭിമാനകരമാണ്.

തുടർന്നുള്ള ലക്കങ്ങളിലൂടെ കുട്ടികൾക്കുവേണ്ടി ആശയം പങ്കുവയ്ക്കുവാൻ ലഭിച്ച അവസരം നിസാരമായി കരുതുന്നില്ല. വലിയ ഉത്തരവാദിത്വമെന്നു തന്നെ കരുതുന്നു.

ക്രിസ്തുമസ് ദിനങ്ങളിലേക്ക് നാം അടുക്കുകയാണ്. ക്രിസ്തുമസ്സുമായി ബന്ധപ്പെടുമ്പോൾ ഏറ്റവും പരാമർശിക്കപ്പെടുന്ന വിഷയമാണ് പ്രാർത്ഥനയും വിനയവും.

ഈ രണ്ടു ഗുണങ്ങൾ നിറഞ്ഞു നിന്ന കന്യകമറിയാം ക്രിസ്തുമസ്സിന്റെ കേന്ദ്രബിന്ദുവാണ്.



വിനയം ഉണ്ടെങ്കിൽ പകയും വെറുപ്പും ഒന്നും ഉണ്ടാകയില്ല. ഒരിക്കൽ ഒരു ആശ്രമത്തിൽ ഗുരു തന്റെ ശിഷ്യന്മാരെ വിളിച്ചു. അടുക്കളയിൽ നിന്നും കുറെ ഉരുളക്കിഴങ്ങ് എടുത്തുവരുവാൻ പറഞ്ഞു. ഓരോരുത്തരും ആരോടെങ്കിലും വെറുപ്പുണ്ടെങ്കിൽ അത്രയും കിഴങ്ങ് എടുത്ത് ഓരോന്നിലും കത്തികൊണ്ട് അവരുടെ പേരെഴുതി വീണ്ടും ചാക്കിൽ കെട്ടി മുറിയിൽ വക്കുവാൻ പറഞ്ഞു.

ഒരാഴ്ച കഴിഞ്ഞപ്പോൾ ഗുരു ശിഷ്യന്മാരോടു ചോദിച്ചു.

എന്താണ് ഇപ്പോൾ സ്ഥിതി ?

അവർ പറഞ്ഞു: ഗുരോ ദുർഗന്ധം കൊണ്ട് മുറിയിൽ കയറുവാൻ വയ്യാ.

ഗുരു പറഞ്ഞു : പകയും വെറുപ്പും ഉള്ളിൽ കൊണ്ടു നടന്നാൽ അവിടെ നിന്നും ദുർഗന്ധം വമിക്കും.

ഉപാധികളില്ലാത്ത വിനയത്താൽ അന്തരംഗം ശുദ്ധമാകും. വിനയമാണ് പ്രാർത്ഥനയുടെ മർമ്മം.

"ഞാൻ അവിടുത്തെ ദാസി; നീ എല്ലാം അറിയുന്നു; ഞാൻ ഒന്നും അറിയുന്നില്ല; അതുകൊണ്ടു എന്നെ തിരുമുമ്പാകെ സമർപ്പിക്കുന്നു." ഇതാണ് യഥാർത്ഥ പ്രാർത്ഥനയുടെ അന്തഃസത്ത.

ക്രൂശിത രൂപത്തിനു മുമ്പിലും ശ്രീകോവിലിനു മുമ്പിലും താണുവീണു നമസ്ക്കരിക്കുമ്പോൾ ഞാൻ ഒന്നുമല്ല എന്ന ചിന്തയും വിശ്വാസവും ഹൃദയത്തിൽ ഉറയ്ക്കണം.

ശരീരം കൊണ്ടുമാത്രം കുമ്പിടുകയും മനസു നിറയെ അഹങ്കാര ചിന്തകളും ആയാൽ ദൈവ ശക്തിയെ അറിയുവാനോ അനുഭവിക്കുവാനോ കഴിയുകയില്ല.

മലമുകളിൽ വീഴുന്ന വെള്ളം സ്വാഭാവികമായി താഴോട്ടൊഴുകും. അതുപോലെയാണ് ദൈവകൃപയും. എവിടെ വിനയമുണ്ടോ അവിടേക്ക് ദൈവാനുഗ്രഹം അനായാസമായി വന്നെത്തും. ഈ പുണ്യദിനങ്ങളിൽ വിനയത്തോടുകൂടിയ പ്രാർത്ഥനയാൽ മുമ്പോട്ടു പോകുക.

ദൈവം അനുഗ്രഹിക്കട്ടെ !

ആശംസകളോടെ...

ജേയോ അങ്കിൾ



സംതൃപ്തിയുടെ 40 വർഷങ്ങൾ
ഒരുമിച്ച് ജീവിക്കുവാൻ ലഭിച്ച ദൈവകൃപയെ നമിക്കുന്നു
25-12-2018
" വഴി നടത്തുവാൻ ഒരു ദൈവമുള്ളതാണ് ഞങ്ങളുടെ ധൈര്യം"
25-12-1978
Merry Christmas
& HAPPY NEW YEAR
റവ. ഫാ. ജോൺ പോൾ &
വത്സമ്മ ജോൺ പോൾ
പുൽപ്രക്കുഴിയിൽ, ഉള്ളന്നൂർ
Mob : 9447129714

Registered with registrar of news papers
of India under R.N. 044684/87
Date of publication : 15/12/2018

BETHEL PATHRIKA
12.50/-

Postal Reg. No. KL/TLA/71/2018-20
Licence No. for Posting without Pre-Payment
KL/TLA/WPP/154/2018-20




Printed, Published and owned by H.G. Thomas Mar Athanasios Metropolitan, Bethel Aramana P.B. No. 38, Chengannur - 689 121, Kerala
Printed at Lipi Offset Printers, Y.M.C.A. Building, Chengannur
Published from Bethel Aramana P.B. No. 38, Chengannur - 689 121, Kerala. Ph: 0479 - 2451331 Editor - Fr. Ipe P. Sam